Reg. No. M 2293

ഒറ്റപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 29 | 1955 ഡിസംബർ 21—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 ധനു 6 | ലക്കം 20

## "നാഥൻ പിറന്നു, ലോകമുണർന്നു"

[കെ. കെ. ജോസഫ് വെളിയത്തിൽ, തലയോലപ്പറമ്പ്]

രണ്ടായിരം കൊല്ലങ്ങൾക്കുമുൻപ് അതു സംഭവിച്ചു. നരവർഗ്ഗത്തിനു് ജീവൻെറ ജീവൻ സംജാതമായി. നൂററാണ്ടുകളായി അജ്ഞാനാന്ധകാരത്തിൽ നിപതിച്ചിരുന്ന ജനതതിയിൽ സർവ്വസാഹോദര്യത്തിൻെറ സംസ്കാരപൊൻവെളിച്ചം കതിർ വീശി. അദ്ധ്വാനിക്കുന്നവരും, ഭാരം ചുമക്കുന്നവരുമായ ഏഴകൾക്കു് ഒരു നവജീവൻ നാമ്പെടുത്തു.

യഹോവായുടെ കുഞ്ഞാടുകളായ യഹൂദവർഗ്ഗം ആ സംഭവം അറിഞ്ഞില്ല! അഥവാ, അവർ അറിഞ്ഞതായി ഭാവിച്ചില്ല. ഹൃദയശുദ്ധിയുള്ളവർ അറിഞ്ഞു; ആഹ്ലാദിച്ചു; ആശ്രയം പൂണ്ടു.

ആ സുദിനം! സർവ്വമംഗളസംപൂർണ്ണമായ ആ രാത്രി!! താരകങ്ങൾ അതിനു മുൻപു് ആ കാഴ്ച കണ്ടു് പുളകമണിഞ്ഞിട്ടില്ല! ആത്മാർത്ഥത ഓളക്കം തുള്ളിനിന്നു, കാരുണ്യം കതിർവീശിയ അന്ധകാരം ഓടിയൊളിച്ചു, ആ ദിവ്യരാവിൽ ഇഹത്തിൽ എന്തെന്തു സംഭവിച്ചില്ല...... സ്വർഗ്ഗരാജ്യം മ്ലേച്ഛമായ ലോകത്തിലേക്കു താണിറങ്ങി! വാനാരൂപികൾ സങ്കീർത്തനങ്ങൾ പാടി. പറന്നിറങ്ങി; പ്രപഞ്ചം ഞെട്ടിയുണർന്നു; ചക്രവാളം പുളകമണിഞ്ഞു; ഉത്സാഹഭരിതനായി ഇളം തെന്നൽ മലർവാടിതോറും പാഞ്ഞു നടന്നു് കുസുമനിരകളിൽ ആ സുവിശേഷം പകർന്നു; പൂക്കൾ ആ ദിവ്യശിശുവിനെ തലകുനിച്ചാരാധിച്ചു; അജഗണങ്ങൾ ആഹ്ലാദപുളകമണിഞ്ഞു; പച്ചിലച്ചെടിപ്പടർപ്പുകൾ സന്തോഷത്താൽ തുഷാരബിന്ദുക്കൾ പൊഴിച്ചു. "നാഥൻ പിറന്നു ലോകമുണർന്നു" പാതിരാക്കുയിൽ സ്വാഗതമരുളി.

ചരിത്രം സൃഷ്ടിച്ച ആ സംഭവം—മാനവസമുദായത്തിനു് ഉശിരും ഉണർവ്വും നൽകിയ ആ സംഭവം— മുതലാളിത്തത്തിൻെറ മണിമണിപ്പുഴക്കിയ ആസംഭവം, അതിനു ദൃക്സാക്ഷിയാകുവാൻ ഉദ്ധതനായ മനുഷ്യനു ഭാഗ്യമുണ്ടായില്ല! സ്നേഹത്തിൻെറ പൊൻതളികയിൽ, സ്വന്തം മാംസരക്തങ്ങൾ പകുത്തുകൊടുക്കുവാൻ യാതനകളുടെ മദ്ധ്യത്തിൽ ഭൂജാതനായ ആ പൊന്നോമൽകുമാരനെ സമാരാധിക്കുവാൻ സ്വാർത്ഥരായ ജനതതി മുന്നോട്ടു വന്നില്ല!!

നോക്കൂ! കാററും കുളിരും സഹിച്ചു്, കാലിത്തൊഴുത്തിലെ പുൽമെത്തയിൽ ശയിക്കുന്ന ആ ഇളം ചോരക്കുഞ്ഞു് ആരാണു്? അജ്ഞതയും, അഹംഭാവവും നിറഞ്ഞ മാനവസമുദായത്തിൻെറ അല്പത്വത്തിൽ പരിഹാസപ്പുഞ്ചിരി പൊഴിക്കുന്ന ആ ദിവ്യഉണ്ണി! പ്രപഞ്ചത്തിൻെറ സംവിധാതാവും നാഥനുമായ പരംപൊരുൾ! ത്യാഗത്തിൻെറയും സ്നേഹത്തിൻെറയും വററാത്ത ഉറവ; എളിമയുടെ മൂർത്തീകരണം; ശിക്ഷിക്കാനും, രക്ഷിക്കാനും അധികാരമുള്ള—അവകാശമുള്ള ദൈവസുതൻ!! ക്ഷണനേരംകൊണ്ടു് പ്രപഞ്ചത്തെയും അതിലെ സർവ്വ ജീവജാലങ്ങളെയും സൃഷ്ടിച്ചു രക്ഷിച്ചു പോരുന്ന സർവ്വശക്തൻ! എന്തൊരത്ഭുത സംഭവം!!...... സൃഷ്ടികൾക്കുവേണ്ടി—സ്രഷ്ടാവു സഹിച്ച മഹത്ത്യാഗം!!

അജ്ഞതയിൽ ആവൃതമായിരുന്ന പ്രപഞ്ചത്തെ പ്രകാശപൂർണ്ണമാക്കുവാൻ ദൈവസുതൻ സഹിച്ച പാടുകൾ!! ........

രാജസമായ ആഡംബരങ്ങളുടെ മദ്ധ്യേ അവിടുന്നു അവതരിച്ചില്ല. സൃഷ്ടിവൃന്ദങ്ങളാൽ പരിസേവിതനാകേണ്ട രാജാധിരാജൻ കാലിക്കൂട്ടങ്ങളുടെ ഇടയിൽ അഭയം തേടി. കേവലം അനാഡംബരയായ—ലോകദൃഷ്ടിയിൽ പ്രശംസാർഹയല്ലാത്ത ഒരു സാധു യുവതിയെ അമ്മയായി സ്വീകരിച്ചു! എണ്ണിയാലൊടുങ്ങാത്ത മാലാഖാമാരെ തൊടിയിടയിൽ പണ്ടതെഴുത്ത ആ "പെരും തച്ചൻ" ഒരു തച്ചൻെറ ശാസനകൾക്കു വിധേയനായി. മനസ്സിലാകാത്ത ഒരു മഹാ പ്രശ്നം!!......

നാഥാ! അങ്ങു സഹിച്ച യാതനകളെപ്പററി ചിന്തിച്ചു സമയം പാഴാക്കാൻ ലോകായതികന്മാരായ മനുഷ്യർക്കുണ്ടോ സമയം? അങ്ങയുടെ സ്നേഹസുധ ആസ്വദിക്കുവാൻ വിനയധനരായ മഹാശയന്മാർ ഇന്നാരുണ്ടു്? വിപ്ലവകാരികൾക്കുപോലും ആശയക്കുഴപ്പമുണ്ടാക്കുന്ന അങ്ങയുടെ "വിപ്ലവ"സന്ദേശം—ചിന്തകന്മാരെ ഇരുത്തി ചിന്തിപ്പിക്കുന്ന ആ ദിവ്യസന്ദേശം, അതിൻെറ മാധുരിയെ, അതിൻെറ ഗാംഭീര്യത്തെ ആസ്വദിക്കാൻ ഞങ്ങളെ പ്രാപ്തരാക്കിയാലും!

മഹാത്മൻ! ഭൗതികചിന്തകളാൽ ആകൃഷ്ടരായി പാപക്കാറപുരണ്ടു് വികൃതമായ മനുഷ്യഹൃദയങ്ങളിൽ സാഹോദര്യത്തിൻെറ വിത്തു വിതയ്ക്കുവാൻ അങ്ങു ലോകത്തിൽ വന്നു. നോഹിൻെറ ജലപ്രളയം ഇനി ആവർത്തിക്കാതിരിക്കാൻ അങ്ങു ലോകത്തിൽ വന്നു. "സോദോംഗൊമോറാ"യിലെ കൂട്ടക്കൊല ഇനിമേൽ ഉണ്ടാകാതിരിക്കാൻ അങ്ങു ലോകത്തിൽ വന്നു. ചീഞ്ഞളുകിയ തദാനീന്തനസംസ്കാരത്തെ ലോകചരിത്രത്തിൽനിന്നും മായിച്ചുകളയുവാൻ അങ്ങു് അവതീർണ്ണനായി. മരുഭൂമിയായി മാറിയ മനുഷ്യവിജ്ഞാനത്തിൽ, നിസ്വാർത്ഥതയുടെ കുളിർകാററു വീശി—സേവനത്തിൻെറ പരിശുദ്ധ ജലം വർഷിച്ചു്, മരതകപ്പച്ച വിരിക്കുവാൻ അങ്ങു ലോകത്തിൽ വന്നു. ദൈവപിതൃത്വത്തിൻെറയും മനുഷ്യസാഹോദര്യത്തിൻെറയും ദിവ്യസന്ദേശങ്ങളുമായി അങ്ങു അവതരിച്ചു. എന്തു ഫലം!! അങ്ങയുടെ ആശയങ്ങൾ—ആ ദിവ്യസന്ദേശം, ശ്രവിക്കുവാൻ ഇന്നാരുമില്ല. ശക്തൻെറ മൃഗീയതയിൽ, സൗന്ദര്യത്തിൻെറ തേനൂറും പുഞ്ചിരിയിൽ, സ്വേച്ഛാപ്രഭുക്കളുടെ ദുർഭരണത്തിൽ, ദ്രവ്യാഗ്രഹിയുടെ പണപ്പെട്ടിയിൽ, സ്വാർത്ഥമാത്രപ്രസക്തൻെറ ശുഷ്കിച്ച ഔദാര്യത്തിൽ എല്ലാം അലിഞ്ഞു ചേർന്നുപോയി! അങ്ങു കാണിച്ചുതന്ന സ്വർഗ്ഗവീഥി മുൾപ്പടർപ്പുകൾ കയറി അനാഥമായിക്കിടക്കുന്നു! അങ്ങു കൊളുത്തിയ സ്നേഹദീപം അണഞ്ഞുപോകുമോ? അങ്ങു പഠിപ്പിച്ച തത്വസംഹിത സ്വാർത്ഥമാത്രരുടെ നീചകരങ്ങളിൽ ഞെരിഞ്ഞുതകരുന്നു! സാധുക്കളും അശരണരുമായ മക്കൾക്കു് പ്രതിഫലം കൂടാതെ പകുത്തുകൊടുക്കുവാൻ അവിടുന്നേൽപ്പിച്ചിരിക്കുന്ന ആയുസ്സിൻെറ അപ്പത്തിൽ കുബുദ്ധികൾ വിഷം കലർത്തുന്നു. ലോകോദ്ധാരണത്തിനായി അങ്ങു ചൊരിഞ്ഞ ഓരോരക്ത

(ശേഷം 7-ാംപേജിൽ)




"മറിയം തൻെറ കടിഞ്ഞൂൽപുത്രനെ പ്രസവിച്ചു. അവനെ പിള്ളക്കച്ചകൊണ്ടു ചുററി ഒരു പുൽത്തൊട്ടിയിൽ കിടത്തി. എന്തുകൊണ്ടെന്നാൽ സത്രത്തിൽ അവർക്കു സ്ഥലമുണ്ടായിരുന്നില്ല. ആ സ്ഥലത്തു തന്നെ കുറെ ആട്ടിടയന്മാർ തങ്ങളുടെ ആട്ടിൻപററങ്ങളെ കാത്തുകൊണ്ടു നിദ്രാവിഹീനരായി വയലുകകളിൽ രാത്രികഴിച്ചുകൂട്ടുന്നുണ്ടായിരുന്നു. പെട്ടെന്നു കർത്താവിൻെറ ഒരു ദൂതൻ വന്നു അവരുടെ സമീപെ നിന്നു. കർത്താവിൻെറ മഹത്വം അവരുടെ ചുററും പ്രത്യക്ഷപ്പെട്ടു. അതിനാൽ അവർ ഭയവിഹ്വലരായിത്തീർന്നു. എന്നാൽ ദൂതൻ അവരോടു പറഞ്ഞു: ഭയപ്പെടേണ്ടാ, സകല ജനങ്ങൾക്കും അത്യാനന്ദകരമായ ഒരു സദ്വാർത്ത ഇതാ ഞാൻ കൊണ്ടുവന്നിരിക്കുന്നു. ഇന്നു ദാവീദിൻെറ പട്ടണത്തിൽ നിങ്ങൾക്കു ഒരു രക്ഷകൻ—കർത്താവായ ക്രിസ്തു തന്നെ—ജനിച്ചിരിക്കുന്നു." (വി. ലൂക്കാ 2:7-11)

# പുനരൈക്യപ്രത്യവലോകനം

## അനുബന്ധം

[കെ. എം. ഈശോ, ഓമല്ലൂർ]

"പുനരൈക്യ പ്രത്യവലോകനം" എന്ന ശീർഷകത്തിൽ സുദീർഘമായ ഒരു ലേഖനം 1955 സെപ്റ്റംബർ 21 മുതൽ നവംബർ 9 വരെയുള്ള "സത്യദീപ"ത്തിന്റെ 8 ലക്കങ്ങളിലായി പ്രസിദ്ധീകരിച്ചിരുന്നു. ഇതിനെ പററി പലർ അഭിനന്ദനങ്ങളും ലഘുലേഖയാക്കണമെന്നുള്ള അഭിപ്രായവും അറിയിച്ചിട്ടുണ്ടു്. ലഘുലേഖയാക്കുന്നതിനു വേദപ്രചാരതല്പരരായ ഉദാരമതികൾ വല്ലവരും ഒരുമ്പെടുന്നപക്ഷം മററു ആനുകൂല്യങ്ങൾ എന്നിൽനിന്നു പ്രതീക്ഷിക്കാവുന്നതാണ്.

പുനരൈക്യജൂബിലി സംബന്ധിച്ചു ഒരു ചെറുലേഖനം ഞാൻ തയ്യാറാക്കിയതു് തിരുവനന്തപുരം അഡ്മിനിസ്ട്രേട്ടർ വെ. ബ സി. ററി. കുഴിവിള അച്ചൻ വായിച്ചുകേട്ടപ്പോൾ കുറെക്കൂടി ദീർഘമായി തയ്യാറാക്കണമെന്നു അഭിപ്രായപ്പെട്ടതിനെത്തുടർന്നാണ് ഈ ലേഖനംവളരാൻ തുടങ്ങിയതു്. പിന്നീടു ബ. പീടികയിൽ ഗീവറുഗീസച്ചൻ മുതലായി പഴക്കവും തഴക്കവുമുള്ള പണ്ഡിതന്മാരായ ചിലരുടെ ഉപദേശവും അഭിപ്രായവുമനുസരിച്ചു അതു പുഷ്ടിപ്പെട്ടു പ്രസിദ്ധീകൃതരൂപത്തിലായിട്ടുള്ളതാണ്.

ലഘുലേഖയാക്കുന്നപക്ഷം കൂടുതലായി വല്ലതും ചേർക്കയോ വിശദീകരിക്കയോ ചെയ്യുമെന്നുദ്ദേശിച്ചു്, ഒക്ടോബർ 19 ംനു-യിലെ "സത്യദീപ"ത്തിൽ "പല കത്തുകളും കിട്ടുന്നുണ്ടെന്നും പ്രതിപാദ്യവിഷയം സംബന്ധിച്ചു വല്ല വിശദീകരണവും ആവശ്യമുണ്ടെന്നു കണ്ടാൽ ലേഖനം അവസാനിക്കുമ്പോൾ ചേർത്തുകൊള്ളാം" മെന്നും ഒരു കുറിപ്പും ചേർത്തിരുന്നു. എന്നാൽ അഭിനന്ദനങ്ങളല്ലാതെ മറെറാന്നും പിന്നീടു കിട്ടിയിട്ടില്ല.

പ്രസ്തുതലേഖനത്തിന്റെ ആദ്യഭാഗങ്ങൾ "സത്യദീപ"ത്തിന്റെ രണ്ടുലക്കങ്ങളിലായിപുറത്തുവന്നപ്പോൾ മാന്യനും പണ്ഡിതനുമായ ഒരു പൂർവ്വസ്നേഹിതന്റെ കത്തും ബഹുമാന്യനായ ഒരപരിചിതന്റെ "ഇൻഡ്യയിലെ പുരാതനസഭ" എന്ന പേരിൽ A. D. 1500 മുതൽ 1952 വരെ നെസ്തോറിയൻസഭയുടെ ചരിത്രം ഉൾക്കൊള്ളുന്ന ഒരു ലഘുലേഖയും ലഭിക്കയുണ്ടായി. മാർത്തോമ്മാശ്ലീഹാ മലങ്കരവന്നു സഭ സ്ഥാപിച്ചതിനെപ്പററി ചരിത്രരേഖയന്വേഷിച്ചു്, അതു കണ്ടുപിടിക്കാനുള്ള ശ്രമമാണ് സ്നേഹിതന്റെ കത്തിൽ സൂചിപ്പിച്ചിരിക്കുന്നതു്. വിശുദ്ധന്റെ കേരളാഗമനത്തിനു ചരിത്രരേഖയുണ്ടെങ്കിൽ അറിയിക്കണമെന്നു അദ്ദേഹം സ്നേഹപൂർവ്വം ആവശ്യപ്പെട്ടിരിക്കുന്നു. മാർത്തോമ്മാശ്ലീഹാ മലങ്കര വന്നിട്ടില്ലെന്നും, മൈലാപ്പൂരിലെ കവറിടം മററാരുടേതോ ആണെന്നും പാശ്ചാത്യചരിത്രകാരന്മാർ എഴുതിയിരിക്കുന്നതിനെ പണ്ഡിതന്മാരാരും തക്ക തെളിവുകളോടുകൂടി ഖണ്ഡിച്ചിട്ടില്ലെന്നും അദ്ദേഹം അവകാശപ്പെടുന്നു. മാർത്തോമ്മാശ്ലീഹായേയും മലങ്കരസഭയേയും പററി പല ഭാഷകളിലുള്ള ഖണ്ഡനമണ്ഡനങ്ങൾ വായിച്ചറിയുന്ന ആളല്ല, ചരിത്രഗവേഷകനായ എന്റെ സ്നേഹിതൻ. അതുകൊണ്ടൊന്നും തൃപ്തിയടയാത്ത പണ്ഡിതനായ അദ്ദേഹത്തെ. കേവലം മലയാളം മാത്രം കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന പണ്ഡിതനോ, ചരിത്രകാരനോ അല്ലാത്ത ഞാൻ തൃപ്തിപ്പെടുത്താമെന്നു വിചാരിക്കുന്നതു അഹങ്കാരത്തിന്റെയോ മൌഢ്യത്തിന്റെയോ അടയാളമായിരിക്കും. ആ സാഹസത്തിനു ഞാൻ ഒരുമ്പെടാത്തതു അദ്ദേഹം സ്നേഹപൂർവ്വം ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു.

എന്നാൽ മാർത്തോമ്മാശ്ലീഹായും മലങ്കരസഭയും രക്തബന്ധത്തിൽക്കൂടി എന്നിൽ രൂഢമൂലമായിരിക്കുന്ന ഒരു ചരിത്രവസ്തുതയാണ്. അതു സഹസ്രാബ്ദങ്ങൾക്കു ശേഷം ഇൻഡ്യ സന്ദർശിച്ചു ചരിത്രം നിർമ്മിച്ച പാശ്ചാത്യരുടെ ചരിത്രരേഖകളെ ആസ്പദിച്ചല്ല. ആ ചരിത്രകാരന്മാർ കേരളം സന്ദർശിക്കുന്നതിനും അവരുടെ പൂർവ്വന്മാർ ക്രിസ്തുമതം സ്വീകരിക്കുന്നതിനും വളരെ മുമ്പു എന്റെ പൂർവ്വഗാമികളായ പിതാക്കന്മാർ മാർത്തോമ്മാശ്ലീഹാ ഇവിടെ സ്ഥാപിച്ച സഭയിലും വിശ്വാസത്തിലും ഉറച്ചുനിന്നിരുന്നു എന്നുള്ള വൃത്താന്തമാണ് പൂർവ്വന്മാരിൽനിന്നും പിന്തുടർച്ചാവകാശമായി എനിക്കു ലഭിച്ചിട്ടുള്ളതു്. അതു ഒന്നാംനൂററാണ്ടിൽ നടന്ന ഹൃദയസ്പർശകമായ മതവിപ്ലവചരിത്രസംഭവം ജനഹൃദയങ്ങളിൽ ശക്തിയായി പതിഞ്ഞു് വാങ്മൂലരേഖയായിഇന്നുവരെയുള്ള തലമുറകൾ അഭിമാനത്തോടെ കൈകാര്യം ചെയ്തു സൂക്ഷിച്ചുകൊണ്ടുവരുന്നതാണ്. അതു ചിതലിനും പുഴുവിനും ഇരമ്പിനും ഇരയായിത്തീർന്നു നഷ്ടപ്പെടാവുന്ന ചരിത്രരേഖയാക്കിയല്ല സൂക്ഷിച്ചുവന്നതു്.

മാർത്തോമ്മാശ്ലീഹായുടെ പാദമുദ്രകൾ പതിഞ്ഞിട്ടുള്ള കേരളത്തിലെ പുണ്യസ്ഥലങ്ങൾ ആ ചരിത്രവസ്തുതയെ എന്നിൽ ദൃഢപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അദ്ദേഹത്തിന്റെ പരിപാവനകരങ്ങളാൽ സ്നാനപ്പെടുത്തപ്പെട്ട വിശ്വാസികളുടെ സന്താനപരമ്പരകളും അദ്ദേഹം മേല്പട്ടസ്ഥാനത്തേക്കുയർത്തിയ കുടുംബങ്ങളും ഈ ചരിത്രത്തെ അഭിനവമാക്കിക്കൊണ്ടിരിക്കുന്നു. അദ്ദേഹം സ്ഥാപിച്ച പള്ളികളും അദ്ദേഹത്തിന്റെ കവറിടവും അശോകസ്തംഭങ്ങളേക്കാൾ ഉപരിയായി ആ സംഭവത്തിന്റെ യാഥാർത്ഥ്യത്തെ വിളിച്ചുപറയുന്നു. ഈ വിശുദ്ധന്റെ ആഗമനത്തേയും അത്ഭുതപ്രവർത്തനങ്ങളേയും പ്രകീർത്തിക്കുന്ന പാട്ടുകൾ, അവയുടെ പ്രാചീനരൂപത്തിൽ യഥാർത്ഥ ചരിത്രരേഖയായി ഭക്തഹൃദയങ്ങളെ പുളകം കൊള്ളിച്ചുകൊണ്ടിരിക്കുന്നു. കേരളത്തിലെ ഭിന്നമതവിശ്വാസികളായ സഹോദരസമുദായങ്ങൾ ഈ സംഭവത്തിനു പാരമ്പര്യമായ സാക്ഷ്യം വഹിക്കുന്നു. മാർത്തോമ്മാശ്ലീഹായുടെ മലങ്കരാഗമനത്തെ തെളിയിക്കുന്നതിനു ചിരപ്രതിഷ്ഠിതമായ ഈ വസ്തുതകളേക്കാൾ വിലയേറിയ രേഖകൾ എന്താണു വേണ്ടതു്?

അച്ചടിവിദ്യ കണ്ടുപിടിക്കുന്നതിനു എത്രയോ കാലം മുമ്പാണ് മാർത്തോമ്മാശ്ലീഹായുടെ മലങ്കരബന്ധം. അതു ശിലകളിലോ തോൽചുരുളുകളിലോ താളിയോലയിലോ ആക്കി സൂക്ഷിച്ചുവയ്ക്കാതെ പാരമ്പര്യമായി ആവർത്തിച്ചു കൈകാര്യം ചെയ്തുകൊണ്ടിരുന്നതിനാൽ യഥാർത്ഥ ചരിത്രസംഭവമല്ലെന്നു വരുമോ? മാർത്തോമ്മാശ്ലീഹായുടെ ആദ്ധ്യാത്മികസന്താനങ്ങളും അദ്ദേഹം ഇവിടെ പ്രചരിപ്പിച്ചസത്യവിശ്വാസവും നിലനില്ക്കുന്നിടത്തോളം കാലം ഇതു യഥാർത്ഥചരിത്രമായി അവശേഷിക്കുന്നതാണ്. ഇതിനെ അക്ഷയസ്വത്തായി സൂക്ഷിച്ചു വിനിയോഗിച്ചുകൊണ്ടിരിക്കുന്ന അനേകലക്ഷം ആളുകൾ ഇന്നു കേരളത്തിലുണ്ടു്. 4-ാം നൂററാണ്ടിൽ ജീവിച്ചിരുന്ന വി. അപ്രേം മുതലായ സഭാപിതാക്കന്മാർ വിശുദ്ധന്റെ തിരുനാൾ ദിവസം ചൊല്ലേണ്ട കാനോനാനമസ്കാരത്തിലും മാർത്തോമ്മായുടെ ഇൻഡ്യയിലെ പ്രേഷിതവേലയെ പ്രകീർത്തിച്ചിട്ടുണ്ടു്. ആ പ്രേഷിതചൈതന്യം നഷ്ടപ്പെടുത്താതെ പരമ്പരാഗതമായി നിലനില്ക്കുന്നതു മലങ്കരയാണല്ലോ. അതു വിസ്തൃതമായ ഇൻഡ്യാ ഉപദ്വീപിന്റെ തെക്കേ കോണിൽ കിടക്കുന്നതുകൊണ്ടു ഇൻഡ്യ അല്ലെന്നു വിചാരിക്കാമോ? "നിങ്ങൾ ഭൂലോകമൊക്കെയിലും പോയി സകല ജാതിയോടും സുവിശേഷം പ്രസംഗിപ്പിൻ" എന്നുള്ള ദിവ്യഗുരുവിന്റെ ദൌത്യമനുസരിച്ചു, അപ്പസ്തോലന്മാർ ഭൂലോകത്തിന്റെ വിവിധഭാഗങ്ങളിൽ പോയി സുവിശേഷമറിയിച്ചു്, വിശ്വസിച്ചു സ്നാനപ്പെടുന്നവരെയെല്ലാം രക്ഷാമാർഗ്ഗമായ തിരുസഭയോടു ചേർത്തുകൊണ്ടിരുന്നു. അവരിൽ പത്രോസ്, പൌലോസ് ശ്ലീഹന്മാർ റോമിൽ പോയി പ്രേഷിതവേല നിർവ്വഹിച്ചതായി വേദചരിത്രത്തിൽ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. മററപ്പസ്തോലന്മാരുടെ പ്രേഷിതരംഗത്തെപററി അങ്ങനെ പ്രസ്താവിച്ചുകാണുന്നില്ല. അവരുടെ പ്രേഷിതവേല അതാതു രാജ്യത്തെ പാരമ്പര്യത്തെ ആശ്രയിച്ചിരിക്കുന്നു. അവരുടെ തിരുനാളുകൾ അവിടങ്ങളിൽ പ്രധാന പെരുന്നാളായി ആഘോഷിച്ചുവരുന്നു. അങ്ങനെയുള്ള ഈടേറിയ പാരമ്പര്യമാണ് മാർത്തോമ്മാശ്ലീഹായെപററി മലങ്കരയിലുള്ളതു്.

16-ാംനൂററാണ്ടിനുശേഷം പാശ്ചാത്യരുടെ വരവോടുകൂടിയാണ് മാർത്തോമ്മാശ്ലീഹായുടെ കേരളാഗമനത്തിനു രൂക്ഷമായ വിമർശനമാരംഭിച്ചതു്. കേരളത്തിൽ ക്രിസ്തുമതവും വിശ്വാസവും എന്നു് ആരുമൂലം പ്രചരിച്ചുവെന്നു ഈടേറിയ പാരമ്പര്യങ്ങളിൽക്കൂടി ചരിത്രരേഖകൾ ഉദ്ധരിച്ചു് ജനഹൃദയങ്ങളെ ആകർഷിക്കാതെ മാർത്തോമ്മാശ്ലീഹായെ ഇവിടെ നിന്നു ഓടിക്കാൻ സാധിക്കയില്ല. മാർത്തോമ്മാശ്ലീഹാ ഇവിടെ വന്നിട്ടില്ലെന്നു വിശ്വസിക്കയോ വിശ്വസിക്കാതിരിക്കയോ ചെയ്യുന്നതു് നിത്യരക്ഷയെ ബന്ധിക്കുന്നതല്ല. എന്നാൽ അദ്ദേഹം പഠിപ്പിച്ച സത്യവിശ്വാസം നിത്യരക്ഷയ്ക്കു അത്യാവശ്യമാണ്. അതു ആരു് എന്നു് ഇവിടെ പ്രചരിപ്പിച്ചുവെന്നു ചരിത്രഗവേഷകന്മാർ തെളിയിക്കട്ടെ.

ക്രിസ്തു ഇൻഡ്യയിൽവന്നു ബുദ്ധമതതത്വം പഠിച്ചിട്ടാണ്, പാലസ്തീനിൽപോയി ക്രിസ്തുമതം സ്ഥാപിച്ചതെന്നു ഈയിടെ പ്രചരിപ്പിച്ചിരിക്കുന്ന കെട്ടുകഥപോലെ മാത്രമേ, മൈലാപ്പൂരിലെ കവറിടത്തെ സംബന്ധിച്ച ആരോപണത്തെപ്പററി മാർത്തോമ്മാക്രിസ്ത്യാനികൾ വിചാരിക്കയുള്ളൂ. അതിപുരാതനമായ ഈ വിശ്വാസം 1-ാംനൂററാണ്ടിലെ ഐതിഹ്യത്തിലല്ല; ചരിത്രസംഭവത്തിലാണ് അധിഷ്ഠിതമായിരിക്കുന്നതു്. അതു ഇന്നും ഇന്നലേയും ആരും പറഞ്ഞുപരത്തിയതല്ല. മാർത്തോമ്മാശ്ലീഹാ മൈലാപ്പൂരിൽ കവറടങ്ങിയെന്നു്, ലോകമൊട്ടുക്കുപയോഗിക്കുന്ന ലത്തീൻകുർബാനക്രമത്തിലും രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. 1944-ൽ റാഞ്ചി കത്തോലിക്കാപ്രസ്സിൽനിന്നും കല്ക്കട്ടാ ആർച്ചുബിഷപ്പിന്റെ അംഗീകാരത്തോടുകൂടി അച്ചടിച്ചു പ്രസിദ്ധീകരിച്ചിരിക്കുന്ന "സൺഡേ മാസ്സ് ബുക്കി"ൽ സിദ്ധന്റെ ഒരു തിരുനാൾദിവസമായ ഡിസമ്പർ 21-ാം തിയതിയിലെ "ക്രമത്തിൽ" മാർത്തോമ്മാശ്ലീഹാ സുവിശേഷമറിയിക്കുന്നതിനു ഇൻഡ്യവരെ യാത്രചെയ്തതായും അവിടെ ഇന്നോളം നിലനില്ക്കുന്ന ഒരു സഭ സ്ഥാപിച്ചതായും മദ്രാസിനടുത്തുള്ള സെൻറ് തോമസ് മൌണ്ടിൽവച്ചു വേദസാക്ഷിമരണം പ്രാപിച്ചതായും അദ്ദേഹത്തിന്റെ കവറിടം പൂജ്യമായി വണങ്ങിവരുന്നതായും പാരമ്പര്യം വിളിച്ചറിയിക്കുന്നതായി രേഖപ്പെടുത്തിയശേഷം വി. കുർബാനയിൽ വിശുദ്ധനെ സ്മരിച്ചു് അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥം അപേക്ഷിച്ചിരിക്കുന്നു.

കൂടാതെ മാർത്തോമ്മാശ്ലീഹായുടെ തിരുശേഷിപ്പുകൾ സൂക്ഷിച്ചിരിക്കുന്ന ഇററലിയിൽ ഓർട്ടോണായിൽനിന്നു തിരുശേഷിപ്പിന്റെ ഭാഗങ്ങൾ, അദ്ദേഹത്തിന്റെ കവറിടമായ മൈലാപ്പൂരിലും, അദ്ദേഹം മലങ്കര ആദ്യം കാലുകുത്തിയ കൊടുങ്ങല്ലൂരിലും കൊണ്ടുവന്നു സ്ഥാപിച്ചതു 1952-ലാണല്ലോ. ഇതുകൊണ്ടെല്ലാം വിചാരിക്കേണ്ടതു വിശുദ്ധന്റെ കവറിടത്തെപ്പററി കത്തോലിക്കാലോകത്തിൽ എതിരഭിപ്രായമില്ലായിരുന്നുവെന്നാണ്. അതിനാൽ മൈലാപ്പൂരിലെ കവറിടത്തെപ്പററിയുള്ള മിഥ്യാവാദങ്ങൾ തല്പരകക്ഷികളുടെ കുപ്രചരണമാണ്. സത്യവിശ്വാസികളായ മാർത്തോമ്മാക്രിസ്ത്യാനികൾക്കു ഈ കേൾവി കർണ്ണകഠോരമാണ്.

5-ാംനൂററാണ്ടിൽ ഉത്ഭവിച്ചതും പേർഷ്യൻ രാജശക്തിയോടുകൂടി 12-ാംനൂററാണ്ടുവരെ പേർഷ്യയിലും പ്രാന്തപ്രദേശങ്ങളിലും പ്രാബല്യത്തിലിരുന്നതുമായ നെസ്തോറിയൻസഭയാണ് ഒന്നാംനൂററാണ്ടുമുതൽ മലങ്കര വളർന്നുവന്നതെന്നു ആരും പറകയില്ലല്ലോ. മുഗൾനായകനായ തൈമൂറിന്റെ ആക്രമണവും തുടർന്നുണ്ടായ അന്തച്ഛിദ്രവുംമൂലം 13-ാംനൂററാണ്ടിൽ അനവധി നെസ്തോറിയർ കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെടുകയുണ്ടായി. വ്യാപാരത്തിനായോ തൈമൂറിന്റെ ആക്രമണത്തെ ഭയന്നു അഭയാർത്ഥികളായോ നെസ്തോറിയർ വല്ലവരും കേരളത്തിൽ വന്നിരിക്കാം. അവർ ഇവിടെ നെസ്തോറിയൻസഭയും വിശ്വാസവും പ്രചരിപ്പിച്ചതായോ മാർത്തോമ്മാനസ്രാണികൾ പിതൃദത്തമായ സത്യവിശ്വാസത്തെ വ്യതിചലിപ്പിച്ചതായോ യാതൊരു തെളിവുമില്ല. അങ്ങനെ സംഭവിച്ചിരുന്നെങ്കിൽ അന്നൊരു കൂനൻകുരിശുസത്യം ഇവിടെ നടക്കുമായിരുന്നു. എന്തെന്നാൽ നമ്മുടെ പിതാക്കന്മാർ വിശ്വാസവിഷയത്തിൽ അത്രമാത്രം തീക്ഷ്ണമതികളായിരുന്നു. 18-ാംനൂററാണ്ടിനുശേഷം യാക്കോബായ, പ്രോട്ടസ്റ്റൻറ് മുതലായ സഭകളുടെ ഇറക്കുമതിയോടുകൂടിയാണ് പൂർവ്വന്മാരിൽ ഒരുകൂട്ടരുടെ ആ തീക്ഷ്ണത ഭേദപ്പെടുന്നതു്.

സത്യവിശ്വാസികളായ സുറിയാനിക്കാരെ ലത്തീൻ റീത്തിൽ പറങ്കികളുടെ ഭരണത്തിൻ കീഴ്പ്പെടുത്തുന്നതിനുവേണ്ടി ശ്രമിച്ച പോർട്ടുഗീസുകാരായ മിഷനറിമാർ, ഇവിടത്തെ ആരാധനയും, ആരാധനയ്ക്കുപയോഗിക്കുന്ന വേഷഭാഷാദികളിലുള്ള ഐകരൂപ്യവുംകണ്ടു് നെസ്തോറിയൻവിശ്വാസം നുഴഞ്ഞുകയറിയതാണെന്നു തെററിദ്ധരിച്ചായിരിക്കാം, ചില

(ശേഷം 11-ാംപേജിൽ)


## കഫം വരുന്നതരം ചുമ

ചുമക്കുവേണ്ടി ചികിത്സിച്ചു ചികിത്സിച്ച് നിരാശരായിത്തീർന്നിട്ടുള്ളവർ. ചുമയുടെ ഉത്ഭവം ഏപ്രകാരമാണെന്ന് മനസ്സിലാക്കുന്നതു് വളരെ ഉപകാരപ്രദമായിരിക്കുമെന്നുള്ളതുകൊണ്ടു് "ചുമ"യെപ്പററിയുള്ള ചില വിവരങ്ങൾ താഴെ ചേർക്കുന്നു.

വയറു വീർത്തോ, രണ്ടും മൂന്നും ദിവസംവീതം മലബന്ധമായോ, നാടപോലെ കനംകുറഞ്ഞോ, അല്പാല്പമായോ, ശബ്ദത്തോടുകൂടിയോ, കൊഴുപ്പോടും രക്തത്തോടുംകൂടിയോ മലം പോയിത്തുടങ്ങുന്നതുമുതൽ (മലബന്ധമൊ അർശസ്സോ ഉത്ഭവിക്കുന്നതുമുതൽ), പക്വാശയത്തിൽനിന്നു് കുടലുകളിൽക്കൂടി മന്ദം മന്ദം കീഴ്പോട്ടിറങ്ങി മലദ്വാരം വഴി സദാപി ബഹിർഗമിച്ചുകൊണ്ടിരിക്കുന്നതായ വായുവിന്റെ കീഴ്പോട്ടുള്ള ഗതി നിമിഷംപ്രതി കുറഞ്ഞുപോകുന്നതാണ്. ദേഹമാസകലം സഞ്ചരിക്കമൂലം ദുഷിക്കയും, അമിതമായി ചൂടുപിടിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന വായു, ഇങ്ങനെ ഉദരത്തിനുള്ളിൽ തടസ്സപ്പെട്ടു് നില്ക്കുന്നതിനെ "വായുസ്തംഭനം" എന്നും, "വയറുവീക്കൽ" എന്നും, "ഗ്യാസ്ട്രബിൾ" എന്നും മററും പറയുന്നു. പിന്നേയും പിന്നേയും ദുഷിക്കയും ചൂടുപിടിക്കപ്പെടുകയും ചെയ്തുകൊണ്ടു് ഇങ്ങനെ ഉദരത്തിനുള്ളിൽ കെട്ടിനില്ക്കുന്ന വായു, ഇടക്കിടെ നെഞ്ചു്, പള്ള, ശിരസ്സ് മുതലായ അംഗങ്ങളിലേക്കു് ഗതിക്കുകയും, അവിടവിടെ സ്ഥിതിചെയ്യുന്ന കഫത്തേയും ധാതുക്കളേയും ഉരുക്കുകയും, ദുഷിപ്പിക്കുകയും ചെയ്തിട്ടു്, ആ ദുഷിച്ച അംശങ്ങളെ സ്രോതസ്സുകളിൽകൂടി ശ്വാസകോശം, ഭക്ഷണനാളം (തൊണ്ട), മൂക്ക് മുതലായ സ്ഥാനങ്ങളിൽ കൊണ്ടാക്കുക കാരണം, അവിടവിടെ തടസ്സപ്പെട്ടുനില്ക്കുന്നതിനിടവരുന്ന വായുവും, മുൻപു് പറഞ്ഞതുപോലെ ഉദരത്തിനുള്ളിൽ തടസ്സപ്പെട്ടു് നില്ക്കുന്ന വായുവും ശ്വാസമാർഗ്ഗങ്ങളിലും ഭക്ഷണനാളത്തിലും മററും കെട്ടിനില്ക്കുന്ന കഫത്തോടുകൂടി വായിൽക്കൂടിയും, മൂക്കിൽകൂടിയും ബഹിർഗമിക്കുമ്പോഴാണ് കഫത്തോടുകൂടിയുള്ള ചുമയും, ശ്വാസംമുട്ടലും, തുമ്മലും മററും അനുഭവപ്പെടുന്നതു്. ഇങ്ങനെ "വായുസ്തംഭനം"കൊണ്ടു് ഉണ്ടാവുന്നതുപോലെതന്നെ, ശരീരംകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, ഉഷ്ണവീര്യമുള്ള അന്നപാനങ്ങളേയും ഔഷധങ്ങളേയും അമിതമായി ഉപയോഗിക്കുക, യഥാസമയങ്ങളിൽ ഭക്ഷണം കഴിക്കാതിരിക്കുക, വെയിൽകൊള്ളുക, തീചൂടു് തട്ടുക, ഉറക്കമൊഴിക്കുക മുതലായ കാരണങ്ങൾകൊണ്ടു് ദേഹത്തിലെ ചൂടു് വർദ്ധിച്ചു് കഫവും ധാതുക്കളും ഉരുകുന്നതിന്നിടവരുമ്പോഴും ശ്വാസംമുട്ടലും, തുമ്മലും, "കഫം വരുന്നതരം ചുമ"യും മററും അനുഭവപ്പെടുന്നതാണ്

## പ്രതിവിധികൾ

ദേഹത്തിലെ ചൂടു് പിന്നേയും പിന്നേയും വർദ്ധിക്കാതിരിക്കുന്നതിനുവേണ്ടി എരിവു്, പുളി, ഉപ്പു് എന്നീ രസങ്ങളുള്ളവയും, ഉഷ്ണവീര്യമുള്ളവയുമായ ചുക്ക്, കുരുമുളക്, തിപ്പലി, ജീരകം, മാങ്ങ, നാരങ്ങ, വാഴപ്പഴം, ശർക്കര, മോര്, തൈര്, മത്സ്യം, മുട്ട, അരിഷ്ടം, മദ്യം മുതലായ ദ്രവ്യങ്ങളേയും, ശരീരംകൊണ്ടും മനസ്സുകൊണ്ടുമുള്ള അദ്ധ്വാനം, പുകവലി, പൊടിവലി, മുറുക്കൽ, ഉറക്കമൊഴിക്കൽ, വെയിൽ കൊള്ളൽ മുതലായ കർമ്മങ്ങളേയും നിവൃത്തിയുള്ളേടത്തോളം ഒഴിവാക്കുകയും,

അമിതമായിത്തീർന്നിട്ടുള്ള ചൂടിനെ ശമിപ്പിച്ചു് കഫത്തേയും ധാതുക്കളേയും ഉരുകാതേയും ദുഷിക്കാതേയും യഥാസ്ഥാനങ്ങളിൽ നിലനിർത്തുന്നതിനും, ദുഷിച്ചിട്ടുള്ളവയെ ശുദ്ധീകരിക്കുന്നതിനും, ഉരുകിയും ദുഷിച്ചും ശ്വാസകോശങ്ങളിലും മററും ചെന്നുകൂടിയിട്ടുള്ള കഫത്തിന്റേയും ധാതുക്കളുടേയും അംശങ്ങളെ നശിപ്പിച്ചു് വായുമാർഗ്ഗങ്ങളെ ശുദ്ധീകരിക്കുന്നതിനും, ജഠരാഗ്നിയെ വർദ്ധിപ്പിക്കുന്നതിനും മററും കഴിവുള്ള ഒരു ഔഷധമാകുന്ന നിംബാസവവും, കുടലിലുള്ള കുരുക്കളേയും (അർശസ്സിനേയും), ആമാശയ പക്വാശയങ്ങളുടെ ബലക്ഷയത്തേയും നശിപ്പിച്ചു് ഉദരത്തിനുള്ളിൽ തടസ്സപ്പെട്ടു് നില്ക്കുന്ന വായു, മലം, മൂത്രം മുതലായവകളെ യഥാക്രമം പ്രവർത്തിപ്പിക്കുന്നതിനും, വർദ്ധിച്ചിരിക്കുന്ന വാതത്തേയും പിത്തത്തേയും (വായുവിനേയും ചൂടിനേയും) ക്ഷയിപ്പിക്കുന്നതിനും, ക്ഷയിച്ചുപോയിട്ടുള്ള കഫത്തേയും ധാതുക്കളേയും (ഓജസ്സിനേയും) വർദ്ധിപ്പിക്കുന്നതിനും മററും കഴിവുള്ളതും, ശീതോഷ്ണമായിട്ടുള്ളതുമായ ഒരു ഔഷധമാകുന്ന ദ്രാക്ഷാഘൃതവും വിധിപ്രകാരം സേവിക്കുകയും,

"ദ്രാക്ഷാഘൃത"ത്തിന്റെ ഫലങ്ങളോടു് ഏറക്കുറെ തുല്യമായ ഫലങ്ങളോടു് കൂടിയതും, ശീതോഷ്ണമായിട്ടുള്ളതും രക്തത്തെ ശുദ്ധീകരിക്കുന്നതിനും, കഫത്തേയും ധാതുക്കളേയും യഥാസ്ഥാനങ്ങളിൽ നിലനിർത്തുന്നതിനും മററും കഴിവുള്ളതുമായ ഒരു ഔഷധമാകുന്ന ശാരിബാദിതൈലം വിധിപ്രകാരം ദേഹമാസകലം തേക്കുകയും ചെയ്യുന്നതായാൽ "കഫം വരുന്നതരം ചുമ"ക്കു മാത്രമല്ല, ചുമയോടനുബന്ധിച്ചുണ്ടാവുന്നവകളായ തുമ്മൽ, ചെവിയടപ്പ്, പനി, ശ്വാസംമുട്ടൽ, മൂക്കടപ്പ്, തലവേദന, കഴുത്തുകഴപ്പ്, നെഞ്ചുവേദന, പള്ളവേദന, ക്ഷയം, എന്നിവ മുതലായ നാനാവിധ രോഗങ്ങൾക്കുംകൂടി ശമനം സിദ്ധിക്കുമെന്നുള്ളതിന് പത്രങ്ങളിലും മാസികകളിലും മററുമായി ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 120-ൽപരം "അനുഭവസാക്ഷ്യങ്ങൾ" തന്നെ പ്രത്യക്ഷപ്രമാണമാണ്. "ചുമയുടെ ഉത്ഭവം" എന്ന പ്രസിദ്ധീകരണത്തിൽനിന്നു് "കഫമില്ലാത്തതരം ചുമ"യെപ്പററിയുള്ള വിവരങ്ങൾ അറിയാവുന്നതാണ്.

| | |
|---|---|
| നിംബാസവം 20 ഔൺസ് കുപ്പി 1ക്ക് | 2—0—0 |
| ദ്രാക്ഷാഘൃതം 5/8 (അരേഅരക്കാൽ) റാ. കുപ്പി 1ക്ക് | 4—0—0 |
| ശാരിബാതൈലം 19 ഔൺസ് കുപ്പി 1ക്ക് | 3—0—0 |

12—10—0 മുൻകൂർ അയക്കുന്നവർക്ക് ഉപയോഗക്രമങ്ങളടക്കം ടി. ഔഷധങ്ങൾ മൂന്നും റജിസ്റ്റേർഡ് പാർസലായി (പോസ്റ്റൽമാർഗ്ഗം) അയച്ചു് കൊടുക്കുന്നതാണ്.

N. B. ഈ ഔഷധങ്ങൾ കണ്ണൂർ, തലശ്ശേരി, കോഴിക്കോട്, പാലക്കാട്, കോയമ്പത്തൂർ, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിൽസ് ഡിപ്പോകൾ വഴിയായും, തിരു-കൊച്ചിയിലും മദ്രാസ് സംസ്ഥാനത്തിലുമുള്ള 160-ൽപരം ഏജൻസികൾ വഴിയായും, ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലും, സിലോൺ, ബർമ്മ, പേർഷ്യ മുതലായ വിദേശങ്ങളിലും റെയിൽവെ മാർഗ്ഗമായും, തപാൽ മാർഗ്ഗമായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.

## കാളൻ, നെല്ലായി.

# ക്രിസ്മസ്

[ഫാ. ഹെൻട്രി കപ്പൂച്ചിൻ]

ക്രിസ്മസ്! അഖിലലോകത്തേയും ആനന്ദപുളകിതമാക്കുന്ന പുണ്യദിനം; ആബാലവൃദ്ധം ജനങ്ങളും കഴിവിന്റെ പരമാവധി ആഡംബരമായി ആഘോഷിക്കുന്ന പെരുന്നാൾ; അനുഗ്രഹവർഷത്തിന്റേയും ശുഭപ്രതീക്ഷകളുടേയും അമൂല്യാവസരം.

എന്നാൽ ഈ ആഘോഷപരിപാടികളുടെയെല്ലാം നടുനായകത്വം വഹിക്കുന്നതെന്താണ്? ഒരു ചെറിയ തൊഴുത്തും, അതിനുള്ളിൽ പുൽത്തൊട്ടിയിൽ ശയിക്കുന്ന ഉണ്ണിയുടെ രൂപവും. പള്ളിയും പരിസരങ്ങളും വർണ്ണപ്പകിട്ടുകളിലും വാദ്യഘോഷങ്ങളിലും മുഴുകുമ്പോൾ, തെരുവുകൾതോറും തോരണങ്ങൾ ആടിക്കളിക്കുമ്പോൾ, അതാ, ബെത്‌ലഹേമിൽ, തണുത്തു വിറയ്ക്കുന്ന ശിശുവിന്റെ രൂപം —ത്യാഗത്തിന്റേയും സഹനത്തിന്റേയും മൂർത്തീകരണം! ഏററവും എളിയ ദരിദ്രന്റെ കുഞ്ഞും ഒരു കട്ടിലിൽ കിടക്കാനും പുതയ്ക്കാനുമുള്ള സൗകര്യത്തിൽ പിറക്കുന്നു. ഇവിടെയോ ദാരിദ്ര്യത്തിന്റെ വിജയപതാക പാറിക്കളിക്കുന്നു.

പൊരുത്തമില്ലാത്ത രംഗങ്ങൾ. സഹനത്തിന്റെ പരമകാഷ്ഠയുടെ സ്മരണവും ആദരവും ഒരുവശത്ത്, സന്തോഷത്തിന്റേയും സുഖഭോഗങ്ങളുടേയും പരിപാടികൾ മറുവശത്ത്! ജനിക്കുവാൻ ഇടമില്ലാതെ, കിടക്കുവാനും പുതയ്ക്കുവാനും ഒന്നുമില്ലാതെ വലയുന്ന ശിശു ആരാണ്? ഒരു മനുഷ്യനല്ല—ഉത്ഭവപാപത്തിനും തൽഫലങ്ങളായ വിനകൾക്കും വിധേയനായ ദുർബലനല്ല. പിന്നെയോ സർവ്വലോകനാഥൻ, ഒരേ ഒരു നിരൂപണയാൽ ആകാശത്തെയും സൂര്യചന്ദ്രന്മാരേയും കോടാനുകോടി നക്ഷത്രങ്ങളേയും ഭൂമിയേയും അതിലെ സമ്പൽസമൃദ്ധിയേയും സൃഷ്ടിച്ചുണ്ടാക്കുകയും, സദാനേരവും പരിപാലിക്കുകയുംചെയ്യുന്ന സർവ്വശക്തൻ. സ്വർഗ്ഗീയ സൗഭാഗ്യത്തിൽ തന്റെ പിതാവിന്റെ വലതുഭാഗത്തു വാനാരൂപികളുടെ അകമ്പടിയിൽ വാണരുളുന്ന ദൈവപുത്രൻ, മഹിമയും പ്രതാപവും സുഖവും സൗഭാഗ്യവുമെല്ലാം ഉപേക്ഷിച്ച്, ദൈവത്വം മറച്ചുവെച്ച്, മനുഷ്യന്റെ ബലഹീനതകൾ ഏറെറടുത്ത് അവതീർണ്ണനാകാൻ തിരുമനസ്സായി അങ്ങനെ, ബെത്‌ലഹേമിലെ പുൽക്കൂട്ടിൽ, പത്തൊൻപതുനൂററാണ്ടുകൾക്കുമുമ്പ് ദൈവപുത്രൻ മനുഷ്യനായി പിറന്നു.

ലോകത്തെ വിസ്മയിപ്പിച്ച ആ ത്യാഗത്തിൽ, മാനവചരിത്രത്തിൽ അമന്ദ്രതരം ഉയർന്നുനില്ക്കുന്ന ആ വിനയത്തിൽ, നാമെല്ലാം സന്തോഷിക്കയും ആഹ്ലാദിക്കയും ചെയ്യുന്നത് അനുചിതമോ?

ആദത്തിന്റെ അനുസരണക്കേട് അവർണ്ണനീയമായ അനർത്ഥങ്ങളാണു വരുത്തിവെച്ചത്. ഭൗമപറുദീസായിലെ പരമാനന്ദം മാത്രമല്ല മനുഷ്യകുലത്തിനു നഷ്ടമായത്. നിത്യസൗഭാഗ്യത്തിന്റെ കവാടം അവനെതിരായി അടയ്ക്കപ്പെട്ടു ജീവിതം ദുർവ്വഹമായി. എന്നും എവിടേയും ക്ലേശങ്ങളും ദുരിതങ്ങളുംതന്നെ അദ്ധ്വാനവും വിശപ്പും ക്ഷീണവും മനുഷ്യന്റെ നിത്യസഹചാരികളായി; വ്യാധികളും വേദനകളും അവന്റെ പരിചാരകരും. ജീവിതാന്ത്യത്തിലാകട്ടെ കഠോരമായ മരണം, മരണശേഷം തീനരകത്തിലെ നിത്യശിക്ഷയും.

പരമകാരുണികനായ ദൈവത്തിനു മനുഷ്യനെ ഈ സ്ഥിതിയിൽ ഉപേക്ഷിക്കാൻ നിവൃത്തിയില്ലായിരുന്നു. അവനെ രക്ഷിക്കണം—വീണ്ടും സ്വർഗ്ഗഭാഗ്യത്തിലേക്കു കൊണ്ടുവരണമെന്നു ദൈവം നിശ്ചയിച്ചു. അനന്തതിന്മയായ പാപത്തിനു പരിഹാരം ചെയ്യുകയാണു അതിനുള്ള ഏകമാർഗ്ഗം. ദൈവത്തിനല്ലാതെ മററാർക്കും അതു സാദ്ധ്യമായിരുന്നുമില്ല. അതിനാൽ ദൈവപുത്രൻ സ്വർഗ്ഗത്തെ വിട്ടിറങ്ങുന്നു, കണ്ണീരിന്റെ ഈ താഴ്‌വരയിലേക്ക്, മനുഷ്യകുലം സ്വയം വരുത്തിവെച്ച വിനാശങ്ങളുടെ കൂമ്പാരത്തിലേക്ക്. ആത്മീയാന്ധകാരം നീക്കി, ബലഹീനതകളും വൈഷമ്യങ്ങളും അകററി തേജസ്സു ചൊരിയാനും ജീവൻ അരുളാനും ദൈവപുത്രൻ വരുന്നു. സുഖവും സുഭിക്ഷതയും പ്രദാനംചെയ്ത് മനുഷ്യനെ നിത്യസൗഭാഗ്യത്തിലെത്തിക്കാൻ ദൈവപുത്രൻ മനുഷ്യരുടെയിടയിലേക്ക് ഒരു മനുഷ്യനായിത്തന്നെ വരുന്നു. മനുഷ്യകുലം മുഴുവൻ ആനന്ദിച്ചാഹ്ലാദിക്കാൻ ഇതിൽക്കവിഞ്ഞ ഒരു കാരണം ഉണ്ടാകുക സാദ്ധ്യമോ?


For favours received



Mrs· Mary Sebastian
Trichur


എങ്കിലും ഒന്നു ചിന്തിക്കേണ്ടതുണ്ട്. നമ്മെ സ്വർഗ്ഗത്തിലേററാൻ, സ്വർഗ്ഗീയരാജൻ ഭൂമിയിലേക്കിറങ്ങി. ക്ലേശങ്ങളും വേദനകളും അവമാനങ്ങളും കഠോരമായ കുരിശുമരണവും സ്വയംവരിച്ചു. ജനനംമുതൽ മരണംവരെ അവിടുന്നു സഹിച്ചു. ലോകത്തേയും ലോകം കാര്യമായിക്കരുതുന്ന സകലത്തേയും അവിടുന്നു വെറുത്തുപേക്ഷിച്ചു. തന്നെ അനുഗമിക്കാനാഗ്രഹിക്കുന്നവരെല്ലാം സ്വയപരിത്യാഗം പരിശീലിക്കണമെന്നും കുരിശുവഹിക്കണമെന്നും അവിടുന്നു അരുളിച്ചെയ്തു.

ഈ സാഹചര്യങ്ങളിൽ നമുക്കു സന്തോഷിക്കാമോ? തീർച്ചയായും നാം സന്തോഷിക്കണം. എന്തെന്നാൽ ക്ലേശങ്ങളും ദുരിതങ്ങളും സഹിച്ചാലും നിത്യഭാഗ്യത്തിലേററാൻ യാതൊരു വഴിയുമില്ലാതിരുന്ന നമുക്ക് ഇതാ സ്വർഗ്ഗം തുറക്കപ്പെടുന്നു. വനവാസവും തപശ്ചര്യകളും കൂടാതെ, വീരാനുഷ്ഠാനങ്ങളും രക്തസാക്ഷിത്വവും കൂടാതെ, അനുദിനജീവിതത്തിലെ അല്പാല്പമായ ക്ലേശങ്ങൾകൊണ്ട്, കൃത്യനിർവ്വഹണവും പ്രമാണപാലനവുംകൊണ്ട് ഏവർക്കും നിത്യഭാഗ്യം കരസ്ഥമാക്കാറായിരിക്കുന്നു. അവിടെ സമുന്നതസ്ഥാനം കൈയടക്കാം. അതെ, "ഭൂമിയിൽ നന്മനസ്സുള്ളവർക്കു സമാധാനം." വെറും നന്മനസ്സ്—മനസ്സാക്ഷിക്കനുസരണം ജീവിക്കാൻ, ദുരാശകളെ നിയന്ത്രിച്ച് നിയമങ്ങൾ പാലിച്ചു ജീവിക്കാൻ മനസ്സുള്ളവർക്കു സമാധാനം—നിത്യസമാധാനം, നിത്യസൗഭാഗ്യം. നീതിസൂര്യന്റെ ഉദയമായി. അനുഗ്രഹങ്ങളും ആശിസ്സുകളുമാകുന്ന ചെങ്കതിരുകൾ വീശിത്തുടങ്ങിയിരിക്കുന്നു. ആത്മീയലോകമാസകലം പ്രസന്നതയും പ്രസരിപ്പും പ്രത്യക്ഷപ്പെടുന്നു.

രാജാധിരാജന്റെ ജന്മനാൾ—സൗഭാഗ്യത്തിന്റേയും സന്തുഷ്ടിയുടേയും ജന്മനാൾ, ലോകത്തിനെതിരായി ദൈവത്വവും, ജഡത്തിനെതിരായി ആത്മാവും യുദ്ധം പ്രഖ്യാപിക്കുന്ന മഹാദിനമാണിത്. അതിനാൽ സന്തോഷവും സമാധാനവും, ലോകത്തിനടുത്തതല്ല, ജഡത്തിന്റേതുമല്ല, പിന്നെയോ ആത്മീയമായതും ദൈവികമായതുംതന്നെ. "ഭൂമിയിൽ നന്മനസ്സുള്ളവർക്കു സമാധാനം."

## പുസ്തകാഭിപ്രായം

### സ്ത്രീലോകം

(ഗ്രന്ഥകർത്താ: ഫാ. ജെ. വേഴമ്പത്തോട്ടം. പ്രസാധകർ: സെൻറ് തോമസ് പ്രസ്, പാലാ. വില 8ണ.)

സ്നേഹരാജനായ ഈശോ, ആദിവ്യസന്ദേശം, സേർച്ച്‌ലൈററ്, ഡോമിനിക്ക് സാവിയോ തുടങ്ങിയ ഗ്രന്ഥങ്ങളാൽ കേരളീയർക്ക് ഇതിനകം സുപരിചിതനായ ഫാദർ വേഴമ്പത്തോട്ടത്തിന്റെ ഒരഭിനവ കൃതിയാണ് "സ്ത്രീലോകം." ഇതിന്റെ ഉള്ളടക്കം "ശിഷ്ടാചാരവിധികളാ"ണ്. "എററിക്കററ് ആൻറ് മാനേഴ്സ്" എന്നു ഇംഗ്ലീഷിൽ പറയുന്നവതന്നെ. ക്രൈസ്തവോചിതമായ ഒരു വീക്ഷണകോണത്തിലൂടെയാണ് ഈ ഗ്രന്ഥനിർമ്മിതി നടത്തിയിരിക്കുന്നത് എന്നതത്രേ ഇതിന്റെ ഒരു മെച്ചം. കത്തോലിക്കായുവതികളെ ഉദ്ദേശിച്ചാണ് ഗ്രന്ഥകാരനിതെഴുതിയിരിക്കുന്നത്. എങ്കിലും യുവതികളെ പ്രത്യേകിച്ച് സ്പർശിക്കുന്ന ചില ഭാഗങ്ങളൊഴിച്ചാൽ ഇത് ആർക്കും മാർഗ്ഗദർശകമാകത്തക്കവണ്ണം ഉപകാരപ്രദമാണ്. വേഷം, ഭാഷണം, ഭക്തി, ഭക്ഷണം, വിദ്യാലയം, ആതിഥ്യം, കത്തിടപാടുകൾ, കളികൾ, പൊതുവിനോദം, പരരത്വം എന്നിങ്ങനെ വൈവിധ്യം നിറഞ്ഞതാണ് ഇതിലെ വിഷയങ്ങൾ. ഇവ ഓരോന്നിലും ഓരോരുത്തർ, പ്രത്യേകിച്ച് യുവതികൾ അനുവർത്തിക്കേണ്ട രീതികൾ സമ്യക്കായി പ്രതിപാദിച്ചിരിക്കുന്നു.

"മര്യാദയുള്ള ഒരു യുവതി സ്വയം വിസ്മരിക്കും; മററുള്ളവരെ ആഹ്ലാദിപ്പിക്കുന്നവ സംസാരിക്കും" (പേജ് 12) ഇവിടെ "സ്വയം വിസ്മരിക്കും" എന്നതുകൊണ്ട് സ്വന്തം കാര്യം പറയാതിരിക്കാൻ സൂക്ഷിക്കും എന്നായിരിക്കും വിവക്ഷ?

"സ്ത്രീകൾക്കാണ് എഴുതുന്നതെങ്കിൽ, ശ്രീമതി (പേര്, എഴുതണം" (പേജ് 57) എല്ലാ സ്ത്രീകൾക്കും "ശ്രീമതി" എന്ന സംബോധന ചേരുകില്ല. വിവാഹം കഴിച്ചിട്ടില്ലാത്തവരെ "കുമാരി" എന്നല്ലേ വിളിക്കേണ്ടത്?

ഇങ്ങനെ നോക്കിയാൽ ക്രാന്തദർശികൾക്ക് അവിടെയുമിവിടെയും ചില ആശയക്ലിഷ്ടതകൾ ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞേക്കും. എങ്കിലും പ്രതിപാദനം സുവ്യക്തമാണ്, ഭാഷ ലളിതവും. മതവിശ്വാസത്തിലും പരമ്പരബോധത്തിലും വളർന്നു സംസ്കാരചിത്തരാകുന്നതിനു സഹായിക്കുന്ന ഈ ഗ്രന്ഥം ഓരോ ഗൃഹത്തിലും പ്രത്യേകിച്ചു ഓരോ യുവതിയുടെ കൈയിലുമുണ്ടായിരിക്കേണ്ടതാണ്.

അയ്യനേത്ത്

ആത്മകഥാകഥനം

## ഞാൻ വിശ്വാസം കണ്ടെത്തി

### (റോബർട്ട് എഫ്. വാഗ്നർ)

വിവർത്തകൻ:- കെ. വി. സെബാസ്റ്റ്യൻ

(അമേരിക്കയിലെ തികഞ്ഞ രാജ്യതന്ത്രജ്ഞന്മാരിലൊരാളാണ് വാഗ്നർ. ഇരുപത്തിരണ്ടുവർഷക്കാലത്തെ സ്തുത്യർഹമായ ദേശസേവനത്തിനുശേഷം ആറുവർഷം മുമ്പ് അദ്ദേഹം സെനററർസ്ഥാനത്തുനിന്നു മാറി. സാമൂഹ്യനീതിയുടെ കാവൽഭടന്മാരിൽ ഒരാളാണ് വാഗ്നർ. ഈ നീതിക്കുവേണ്ടിയുള്ള സമരത്തിൽക്കൂടി അദ്ദേഹം ഒരു കത്തോലിക്കനായി)

നീണ്ട എഴുപതുവർഷക്കാലത്തെ എന്റെ ജീവിതത്തിലേക്കു തിരിഞ്ഞുനോക്കുമ്പോൾ, കത്തോലിക്കാമതത്തോടുള്ള എന്റെ പ്രത്യേക താല്പര്യത്തിനടിസ്ഥാനമിട്ട ഒരു സംഭവവും എനിക്കു കാണാൻ കഴിയുന്നില്ല.

എന്റെ കുട്ടിക്കാലത്ത് ഞാൻ താമസിച്ചിരുന്ന കെട്ടിടത്തിൽ, എനിക്കു അയൽക്കാരായി, കത്തോലിക്കാ കുടുംബങ്ങളാണുണ്ടായിരുന്നത്. പിതാവ് കെട്ടിടംസൂക്ഷിപ്പുകാരൻ കൂടിയായിരുന്നതുകൊണ്ട് ഈ കുടുംബങ്ങളുമായി അടുത്തുപെരുമാറുന്നതിന് എനിക്കവസരംലഭിച്ചു. ഞങ്ങളുടെ സ്വന്തക്കാരേക്കാൾ കൂടുതലായി ഈ അയൽക്കാർ ഞങ്ങളെ സ്നേഹിച്ചിരുന്നു. ഈ അവസരത്തിലാണ് ആദ്യമായി, വ്യത്യസ്തമതങ്ങളെപ്പററിയും അങ്ങനെ കത്തോലിക്കാമതത്തെപ്പററിയും ഞാൻ ചിന്തിക്കാൻ തുടങ്ങിയത്.

എന്റെ സ്നേഹിതനായിരുന്ന ടിമ്മി ഒരു അൾത്താരശുശ്രൂഷകനായിരുന്നു. അവൻ ധരിച്ചിരുന്ന അൾത്താരശുശ്രൂഷകന്റെ വേഷം എന്നെ വളരെ ആകർഷിച്ചു. എത്ര അഭിമാനപൂർവ്വമാണ് ടിമ്മി ആ തിളങ്ങുന്ന ഉടുപ്പുകൾ ധരിച്ചിരുന്നത്! അവന്റെ പഴകിപ്പൊടിഞ്ഞ വസ്ത്രങ്ങളെ ആവരണംചെയ്തുകൊണ്ട് ആ ഉടുപ്പുകൾ ശോഭിച്ചിരുന്നു. ധനികരായ മററു കുട്ടികളോടൊന്നിച്ച് ടിമ്മിയും പുരോഹിതന്റെ ഒപ്പം ഇരിക്കാറുണ്ടായിരുന്നത് ആശ്ചര്യകരമായി എനിക്കു തോന്നിയിരുന്നു.

കത്തോലിക്കാദേവാലയങ്ങളിൽ വിവിധ നിലകളിലുള്ളയാളുകൾ സമ്മേളിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്. അവിടെ ധനികനെന്നും, ദരിദ്രനെന്നുമുള്ള തരംതിരിവ് ഞാൻ കണ്ടില്ല. ധനികന്മാർക്കുമാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഒററ കത്തോലിക്കാദേവാലയമെങ്കിലും കാണാൻ എനിക്കു കഴിഞ്ഞിട്ടില്ല.

വളരെക്കാലങ്ങൾക്കുശേഷം വൈദികരും, വൈദികമേലദ്ധ്യക്ഷന്മാരുമായി എനിക്കു പരിചയപ്പെടാൻ സാധിച്ചു. അവരെല്ലാവരുംതന്നെ പാവപ്പെട്ട കുടുംബങ്ങളിൽനിന്നു വന്നവരായിരുന്നു.

ഒരു കത്തോലിക്കനാകുന്നതിന് ഏററം കൂടുതൽ പ്രേരണ എനിക്കു ലഭിച്ചത് എന്റെ ഭാര്യയിൽനിന്നാണ്. തിളങ്ങുന്ന കണ്ണുകളുള്ള, സദാ സുസ്മേരവദനയായിരുന്ന മാർഗ്ഗരററ് മെറിഷ് സൗന്ദര്യത്തിന്റെ മൂർത്തിമദ്ഭാവമായിരുന്നു.

ഞങ്ങളുടെ വിവാഹത്തിന് ഏതാനും ദിവസങ്ങൾ മുമ്പാണത്. ന്യൂയോർക്ക് സ്റേററ് അസംബ്ലിയിൽ എന്റെ സഹപ്രവർത്തകനും, ആത്മാർത്ഥസുഹൃത്തുമായിരുന്ന സ്മിത്ത് എന്നോടു പറഞ്ഞു: "ബോബ്, നിങ്ങൾ വിവാഹത്തിനുമുമ്പുതന്നെ ഒരു കത്തോലിക്കനാകൂ. മാർഗ്ഗരററിനും നിങ്ങൾക്കും അതു നല്ലതാണ്."

ഒരു കത്തോലിക്കനാകുന്നതിന് ഞാൻ ആഗ്രഹിച്ചിരുന്നു. എന്നാൽ നാല്പതുവർഷക്കാലം ഞാൻ അതിനുവേണ്ടി കാത്തിരിക്കേണ്ടിവന്നു. ദൈവപരിപാലനയുടെ ഒരു രഹസ്യമാണിതെന്നു ഞാൻ കരുതുന്നു.

എന്റെ കത്തോലിക്കാസുഹൃത്തുക്കളിൽ തെളിഞ്ഞുകണ്ടിരുന്ന ഗുണങ്ങളുടെ ആകെത്തുകയായിരുന്നു മാർഗ്ഗരററ്. അവൾ ശരിക്കും ജീവിതം ആസ്വദിച്ചിരുന്നു അതേസമയംതന്നെ അവൾ ഒരു തികഞ്ഞ മതഭക്തയുമായിരുന്നു എത്ര താമസിച്ചുറങ്ങിയാലും, വെളുപ്പിനെഴുന്നേററ് ദേവാലയത്തിലേക്കു പോകുന്നതിന് അവൾക്കു പ്രയാസമില്ലായിരുന്നു. അവളുടെ എല്ലാ പ്രവർത്തനങ്ങളിലും മതത്തിന്റെ സ്വാധീനശക്തി പ്രകടമായിരുന്നു. മതവിശ്വാസം അവളുടെ ആത്മാവിൽ അലിഞ്ഞുചേർന്നപോലെതോന്നി.

ഇതു മാർഗ്ഗരററിന്റെ ഒരു പ്രത്യേകതയായിരുന്നില്ല. മററു പലരിലും ഈ സ്വഭാവവിശേഷം എനിക്കു കാണാൻകഴിഞ്ഞു. പിന്നീട് കത്തോലിക്കാസഭയെപ്പററി കൂടുതൽ പഠിക്കാനാരംഭിച്ചപ്പോൾ എന്നെ ഏററം കൂടുതൽ ആകർഷിച്ചത് ഈ സ്വഭാവവിശേഷമായിരുന്നു.

അസംബ്ളിസമ്മേളനങ്ങൾ നടന്നുകൊണ്ടിരുന്നപ്പോൾ മിസ്റ്റർ സ്മിത്തും ഞാനും ഒരുമിച്ചാണു താമസിച്ചിരുന്നത്. സ്മിത്തിനെ എനിക്കു വളരെ ബഹുമാനമായിരുന്നു. അദ്ദേഹത്തിനു രാഷ്ട്രീയകാര്യങ്ങളിൽ അഗാധജ്ഞാനമുണ്ടായിരുന്നു. ജീവിതത്തിൽ ദൈവത്തിനുള്ള സ്ഥാനം ഇത്രമാത്രം മനസ്സിലാക്കിയിരുന്ന ഒരു വ്യക്തി വേറെ ഉണ്ടായിരുന്നിരിക്കയില്ല. ഒരു ബഡ്ജററിനെപ്പററിയോ, ഒരു പുതിയ വികസനപദ്ധതിയെപ്പററിയോ സംസാരിക്കുന്നതുപോലെതന്നെ ദൈവത്തെപ്പററിയും അദ്ദേഹത്തിനു പറയാൻ കഴിയുമായിരുന്നു. മററു ചിലരെപ്പോലെ ദൈവവും മതവും വീട്ടുകാര്യങ്ങളായി പരിഗണിക്കുന്ന സ്വഭാവമായിരുന്നില്ല സ്മിത്തിന്റേത്. മതകാര്യങ്ങളെപ്പററി ആരുമായും സംസാരിക്കാൻ അദ്ദേഹം തയ്യാറായിരുന്നു. ഇമ്മാതിരി കാര്യങ്ങൾ, അവയുമായി ഒരുതരത്തിലും ബന്ധമില്ലാത്ത ഒരു വിഷയത്തെപ്പററിയുള്ള ചർച്ചയ്ക്കിടയിലും ഉന്നയിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. അദ്ദേഹത്തിന്റെ സംസാരം ആർക്കും അരോചകമായിരുന്നില്ല.

സ്മിത്തിന്റെ സ്നേഹത്തിനെന്നപോലെ ആ തീക്ഷ്ണതയ്ക്കും ഞാൻ അടിമയായിരുന്നു. ഞങ്ങൾ ഒരുമിച്ചുതാമസിച്ച ആദ്യത്തെ രാത്രി ഞാൻ ഇന്നും ഓർക്കുന്നു. ക്ലേശകരമായ ഒരു യാത്രയ്ക്കുശേഷം വളരെ ക്ഷീണിച്ചാണ് ഞങ്ങൾ ഉറങ്ങാൻപോയത്. ഉറങ്ങാൻകിട്ടുന്ന സമയം വെറും മൂന്നുമണിക്കൂർ മാത്രമായിരുന്നു. ചെന്നപാടെ ഞാൻ മൂടിപ്പുതച്ചുകിടന്നു. എന്നാൽ സ്മിത്ത് ജപമാലചൊല്ലാൻ തുടങ്ങുകയായിരുന്നു.

ഒരുനിമിഷംപോലും അദ്ദേഹം ദൈവത്തെ വിസ്മരിച്ചിരുന്നില്ല. അങ്ങേയററം രാഷ്ട്രീയപ്രാധാന്യമുള്ള കാര്യങ്ങളിൽ വ്യാപൃതനായിരിക്കുമ്പോൾപോലും.

എന്റെ ഓർമ്മയിൽനിന്നു മാ

യാതെ നില്ക്കുന്ന ഒരു സംഭവമുണ്ടു്. തെരഞ്ഞെടുപ്പിന്റെ ചൂടുപിടിച്ച അന്തരീക്ഷം. ഞങ്ങൾ പ്രചരണപരിപാടികളുമായി ഓടി നടക്കുകയാണു്. പരിപാടികൾ നിശ്ചയിച്ചിരുന്നതു് ഞങ്ങളല്ല. ഒരു ഞായറാഴ്ചത്തെ പ്രോഗ്രാം ഞങ്ങൾക്കു കിട്ടി. ഉടൻതന്നെ അതിൽ ചില മാററങ്ങൾ വരുത്താൻ സ്മിത്തു് ആവശ്യപ്പെട്ടു. ആ പരിപാടിയനുസരിച്ചു് നീങ്ങിയാൽ അദ്ദേഹത്തിനു ദിവ്യബലിയിൽ സംബന്ധിക്കാൻ സാധിക്കയില്ലെന്നതായിരുന്നു കാരണം.

സ്മിത്തിന്റെ സ്നേഹപൂർവ്വകമായ പെരുമാററം, മുപ്പതുവർഷങ്ങൾമുമ്പു് ചരമമടഞ്ഞ എന്റെ പ്രിയപ്പെട്ട മാഗ്ഗരററിന്റെ പ്രാർത്ഥനകളെപ്പററി എന്നെ ഓർപ്പിച്ചിരുന്നു. ഞാൻ ഒരു കത്തോലിക്കനായിക്കാണുവാൻ അവൾ പ്രാർത്ഥിക്കുകയും കാത്തിരിക്കുകയും ചെയ്തിരുന്നു. അവളുടെ ഈ അഭിലാഷം സ്മിത്തിനും അറിയാമായിരുന്നു. അദ്ദേഹം എന്റെ മാനസാന്തരത്തിനുവേണ്ടി തീവ്രമായി പ്രാർത്ഥിച്ചു. ഒരുദിവസം ഒരു വിരുന്നിൽ പങ്കെടുത്തുകൊണ്ടിരിക്കുമ്പോൾ പെട്ടെന്നു് അദ്ദേഹം ചോദിച്ചു: "ബോബ്, നിങ്ങൾ എന്താണു് ഇനിയും ഒരു കത്തോലിക്കനാകാത്തതു്? എന്റെ പ്രാർത്ഥനയുടെ ഫലം എനിക്കു കിട്ടേണ്ടതുണ്ടെന്നറിയില്ലേ?"

നമ്മുടെ വിശ്വാസത്തിന്റെ ശക്തി ഏററം കൂടുതൽ പ്രകടമാകുന്നതു് രോഗശയ്യയിലും മരണക്കിടക്കയിലുമാണു്. മാഗ്ഗരററു് മരണത്തിനു വളരെനാൾ മുമ്പുമുതൽ കിടപ്പിലായിരുന്നു. ആ അവശനിലയിലും ഞായറാഴ്ചക്കുർബാന മുടക്കാൻ അവൾ ഇഷ്ടപ്പെട്ടിരുന്നില്ല. രോഗം ഭേദപ്പെടുകയില്ലെന്നവൾക്കറിയാമായിരുന്നു. എന്നാൽ അവളുടെ വിശ്വാസം അവളെ സംതൃപ്തയും ആനന്ദഭരിതയുമാക്കി.

ഒരു കത്തോലിക്കനു് മരണം പരിശുദ്ധമാണു് — ദൈവഹിതത്തിന്റെ പ്രകടനമാണു്. ഒരു അകത്തോലിക്കാസ്നേഹിതന്റെ ശവസംസ്കാരത്തിൽ പങ്കെടുക്കുമ്പോൾ അനുഭവപ്പെടുന്ന നിർജ്ജീവത്വം ഒരു കത്തോലിക്കന്റെ ശവസംസ്കാരവേളയിൽ എനിക്കനുഭവപ്പെടാറില്ല.

എന്റെ ചിരകാലസുഹൃത്തായിരുന്ന ജെയിംസ് എ. ഫേർളിയിൽനിന്നാണു് ഞാൻ ദൈവത്തേയും വിശ്വാസസത്യങ്ങളേയും പററി കൂടുതൽ അറിഞ്ഞതു്. അദ്ദേഹം ഒരു വൈദികമേലദ്ധ്യക്ഷന്റെ അടുത്ത സഹകാരിയായിരുന്നു. വ്യത്യസ്തമായ ഒരു ജീവിതപന്ഥാവാണു് സ്വീകരിച്ചിരുന്നതെങ്കിൽ, ആൽസ്മിത്തിനേയോ, ഫ്രാങ്ക്ളിൻ റൂസ്‌വെൽററിനേയോപോലെ അദ്ദേഹത്തിനും പ്രസിദ്ധനാകാൻ കഴിയുമായിരുന്നുവെന്നാണെന്റെ ഉറച്ച വിശ്വാസം. മുൻപറഞ്ഞ രണ്ടു മഹാന്മാരും ജെയിംസ് ഫേർളിയുടെ അഭിപ്രായങ്ങൾക്കും ഉപദേശങ്ങൾക്കും വിലകല്പിച്ചിരുന്നു.

ലെയോ 13-ാമന്റെ തിരുവെഴുത്തുകളിലേക്കു് എന്റെ ശ്രദ്ധയെ ക്ഷണിച്ചതു് ഇദ്ദേഹമായിരുന്നു. മനുഷ്യന്റെ വ്യക്തിത്വം, വേലയുടെ മാഹാത്മ്യം, ഉത്തമമായ കുടുംബജീവിതത്തിന്റെ പ്രാധാന്യം എന്നിവയെപ്പററിയുള്ള വ്യക്തമായ ബോധം ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ നയിച്ചിരുന്നു. ഏതു കുഴഞ്ഞുമറിഞ്ഞ പ്രശ്നവും ഇതിലേതെങ്കിലും ഒരു തത്വത്തിന്റെ വെളിച്ചത്തിൽ അദ്ദേഹം വിശദീകരിക്കുമായിരുന്നു.

മതവും, തത്വശാസ്ത്രവും പലപ്പോഴും ഞങ്ങളുടെ സംസാരവിഷയങ്ങളായിരുന്നു. പക്ഷെ ഒരിക്കലും, ഞാൻ ഒരു കത്തോലിക്കനാകാത്തതെന്തുകൊണ്ടാണെന്നു് അദ്ദേഹം ചോദിച്ചിട്ടില്ല. ഞങ്ങളുടെ ഹൃദയത്തിന്റെ അടിത്തട്ടിൽ ആ ചിന്ത എപ്പോഴും ഉണ്ടായിരുന്നുവെന്നു മാത്രം.

മരണക്കിടക്കയിൽവച്ചാണു് എന്റെ മാനസാന്തരവാർത്ത അദ്ദേഹം ശ്രവിച്ചതു്. "ഒരു മനുഷ്യനെ ഇത്ര സന്തോഷവാനായി ഒരിക്കലും ഞാൻ കണ്ടിട്ടില്ല" എന്നാണു് എന്റെ മാനസാന്തരത്തെപ്പററി അദ്ദേഹത്തെ അറിയിച്ച മിസ്സിസ് മാർഗ്രററ് സി. ഹേയ്സ് പറഞ്ഞതു്. എന്റെ മാനസാന്തരത്തിനുവേണ്ടി ഇരുപതു വർഷക്കാലം അദ്ദേഹം പ്രാർത്ഥിച്ചിരുന്നുവത്രെ!

കത്തോലിക്കാവിശ്വാസത്തിന്റെ യുക്തിയുക്തതയാണു് മറേറതിനേക്കാൾ കൂടുതലായി എന്നെ ആകർഷിച്ചതു്. കത്തോലിക്കാസഭയുടെ പഠനങ്ങളും വിശ്വാസസത്യങ്ങളും ഏററം യോജിപ്പുള്ളവയായി ഞാൻ കണ്ടു. സഭയുടെ സാമൂഹ്യതത്വശാസ്ത്രത്തെപ്പററി കൂടുതൽ പഠിക്കാനിടയായപ്പോൾ എന്റെ അഭിപ്രായങ്ങൾക്കു ബലം കൂടിവന്നു.

നിയന്ത്രണരഹിതമായ മുതലാളിത്തം അങ്ങോളമിങ്ങോളം തേരോട്ടം നടത്തിയിരുന്ന കാലത്താണു് ലെയോ 13-ാമന്റെ സാമൂഹ്യഭദ്രതയെപ്പററിയുള്ള ചാക്രികലേഖനം പുറത്തുവന്നതു്. തൊഴിലാളികളെ സംഘടിപ്പിക്കാൻ പുറപ്പെടുന്നവർ അവജ്ഞയോടെ വീക്ഷിക്കപ്പെട്ടിരുന്നു. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം സംഘടനയിൽ ചേരുകയെന്നുവച്ചാൽ ജോലി നഷ്ടപ്പെടുത്തുക എന്നായിരുന്നു അർത്ഥം.

മൃഗങ്ങളെപ്പോലെ ജോലിയെടുത്തുകൊണ്ടിരുന്ന ഒരു വലിയ വിഭാഗത്തെ അവരുടെ നികൃഷ്ടമായ ചുററുപാടുകളിൽനിന്നുയർത്താൻ ആഗ്രഹിക്കുകയും, അതിനുവേണ്ടി ആത്മാർത്ഥമായി ശ്രമിക്കയും ചെയ്തിരുന്ന ഒരു ചെറുപ്പക്കാരനായിരുന്നു ഞാൻ. ഒന്നോർത്തുനോക്കൂ! എന്റെയുള്ളിൽ തിങ്ങിനിന്നിരുന്ന അതേ ആശയങ്ങൾ തന്നെ മാർപ്പാപ്പാതിരുമേനി, കൂടുതൽ വ്യക്തവും സരളവുമായ ഭാഷയിൽ പ്രകടിപ്പിച്ചപ്പോൾ ഞാൻ എത്രമാത്രം സന്തുഷ്ടനായിരുന്നിരിക്കുമെന്നു്.

വ്യക്തികളുടെക്ഷേമത്തെപ്പററി, ലേഖനത്തിൽ, തിരുമേനി ഊന്നിപ്പറഞ്ഞിരുന്നു. മനുഷ്യന്റെ വ്യക്തിത്വത്തിനു അദ്ദേഹം നൽകിയ പ്രാമുഖ്യം എന്റെ ബോധത്തിൽ ചുഴിഞ്ഞിറങ്ങി. ഈ ലക്ഷ്യത്തെ മുൻനിറുത്തിയായിരുന്നു എന്റെ രാഷ്ട്രീയ പരിശ്രമങ്ങളും.

പ്രസ്തുത ചാക്രികലേഖനം, ലിബറലിസത്തോടുള്ള ശക്തിയായ എതിർപ്പിലെന്നപോലെ തന്നെ ക്രിയാത്മകമായ നിർദ്ദേശങ്ങളിലും പൂർണ്ണതയുള്ളതായിരുന്നു. അതൊരു "മദ്ധ്യമാർഗ്ഗ"മായിരുന്നെന്നു് വേണമെങ്കിൽ പറയാം. ചിലർക്കു് അതിൽ "ഇടതുചായ്‌വു്" ഉള്ളതായും തോന്നാതിരുന്നില്ല.

ഞാൻ കത്തോലിക്കനാകുന്നതിനുള്ള പ്രധാന കാരണങ്ങളിലൊന്നു സാമൂഹ്യഭദ്രത കൈവരുത്താനുള്ള സഭയുടെ നിർദ്ദേശങ്ങളുടെയും പരിശ്രമങ്ങളുടേയും സ്വാധീനശക്തിയായിരുന്നുവെന്നു് തീർച്ചയാണു്.

നാഷനൽ ലേബർ റിലേഷൻസ് ആക്ട്, സോഷ്യൽ സെക്യൂരിററി ആക്ട് തുടങ്ങിയ നിയമങ്ങൾ നടപ്പിൽ വരുത്തുന്നതിനെ ഞാൻ ശക്തിയായി അനുകൂലിച്ചിരുന്നു. അതുകൊണ്ടു് മിക്കപ്പോഴും ഒരു സോഷ്യലിസ്റ്റോ, കമ്മ്യൂണിസ്റ്റോ ആയി ഞാൻ മുദ്രയടിക്കപ്പെട്ടിരുന്നു. എങ്കിലും, ബിഷപ്പു് ഫ്രാൻസിസ് ജെ. ഹാസ്, മോൺ ജോൺ പി. ബോലാൻഡ്, മോൺ. ജോൺ ഒഗ്രേസി, മോൺ. റോബർട്ട് എഫ്. കീഗാൻ തുടങ്ങിയ മഹാശയന്മാരിൽനിന്നു് എനിക്കു സഹായവും, പ്രചോദനവും ലഭിച്ചിരുന്നു.

യു. എസ്സ്. സെനററിൽ, സെനററർ ജിംമീഡ്, ജിംമുറേ, ഹോവാർഡ് മാക്ഗ്രാത്, ഫ്രാങ്ക് മയേഴ്സ് തുടങ്ങി എന്റെ അടുത്ത സ്നേഹിതന്മാരും സഹപ്രവർത്തകരും കത്തോലിക്കരായിരുന്നു. ഒരു ക്രിസ്ത്യാനി പ്രായോഗിക രാഷ്ട്രതന്ത്രജ്ഞനായിരിക്കേണ്ടതെങ്ങിനെയെന്നു് എന്നെ പഠിപ്പിച്ചതു് സെനററർ ടോം വാൽഷ് ആണു്.

ഇതൊക്കെയാണെങ്കിലും, എന്റെ നിതാന്തസുഹൃത്തായ മോൺ. കീഗാൻ അല്ലായിരുന്നുവെങ്കിൽ ഇന്നു ഞാൻ ഒരു കത്തോലിക്കനായിരിക്കുന്നകാര്യം സംശയാസ്പദമാണു്. സഭയ്ക്കു പുറത്തുള്ളവർക്കു്, ദുർഗ്രഹങ്ങളായ പ്രശ്നങ്ങൾ വിശദീകരിച്ചുകൊടുക്കാനുള്ള അദ്ദേഹത്തിന്റെ കഴിവു് ഒന്നു പ്രത്യേകമാണു്.

ഞാൻ സുഖമില്ലാതെ ആശുപത്രിയിൽ കിടക്കേണ്ടിവന്ന അവസരം. എന്റെ പ്രിയപ്പെട്ട ഭാര്യയുടെ പ്രാർത്ഥനകളും സ്നേഹിതന്മാരുടെ പ്രേരണകളും, പുത്രന്റെ നിർബന്ധവും, എല്ലാററിലും ഉപരിയായി എന്റെ ഹൃദയത്തിൽ അനുദിനം വളർന്നുകൊണ്ടിരുന്ന ആഗ്രഹവും കൂടി എന്നെ മുമ്പോട്ടു തള്ളിവിട്ടു.

1946 ജനുവരി 24-ാംനു- മോൺ. കീഗാൻ എന്നെ ജ്ഞാനസ്നാനപ്പെടുത്തി. അടുത്ത മേയ് 19-ാംനു- കാർഡിനൽ സ്പെൽമാനിൽനിന്നും ഞാൻ മുമ്പിലത്തെ ഒപ്രുശുമാ സ്വീകരിച്ചു.

ഫാദർ ജെയിംസ് പി. കെല്ലിയുടെ കീഴിലാണു് ഞാൻ മതപഠനം തുടർന്നതു്. "ഒരു കത്തോലിക്കനായിരിക്കുമ്പോൾ ഏററം പ്രയാസമേറിയതായി തോന്നുന്നതെന്താണു്?" അദ്ദേഹം ചോദിച്ചു. തികഞ്ഞ ആത്മാർത്ഥതയോടെ ഞാൻ മറുപടി പറഞ്ഞു: "എല്ലാവരും എന്തുകൊണ്ടു് കത്തോലിക്കരാകുന്നില്ല എന്നതാണു എനിക്കു മനസ്സിലാക്കാൻ കഴിയാത്തതു്."

# ഒരു രക്ഷകൻ പിറന്നിരിക്കുന്നു

[ജോസഫ് മററം, ബി. എ.]

"ഒരു രക്ഷകൻ
പിറന്നിരിക്കുന്നു!"
ദേവനവതരിച്ചിരിക്കുന്നു!

എട്ടു ദിക്കുകളിലും ആ നാദം മാറെറാലിക്കൊണ്ടു ആകാശത്തിന്റെ അനന്തതയിലും അലയാഴിയുടെ അടിത്തട്ടിലും മഞ്ഞണിഞ്ഞ മലയോരങ്ങളിലും ആ സ്വരതരംഗങ്ങൾ കടന്നുചെന്നു.

ദിക്കായ ദിക്കുകളിൽ നിന്നെല്ലാം ഒലിച്ചുവന്ന പ്രകാശത്തിന്റെ കതിരുകൾ ഒന്നിച്ചുകൂടിയ വിശാഖനക്ഷത്രം ആകാശത്തട്ടിനെ പ്രകാശിപ്പിച്ചുകൊണ്ടിരുന്നു.

രാജാവിന്റെ പള്ളിത്തേരൊലി ചക്രവാളസീമയിൽ മുഴങ്ങിക്കേട്ടുകൊണ്ടിരുന്നു.

വ്യോമമണ്ഡലത്തിലാകെ ആ ദിവ്യസംഗീതത്തിന്റെ അനവദ്യമോഹനമായ ഈരടികൾ വീണ്ടും വീണ്ടും പ്രതിധ്വനിച്ചുകൊണ്ടിരുന്നു.

"ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനവും..."

പാതിരാപ്പൂക്കൾ ശബ്ദമുണ്ടാക്കാതെ വിടർന്നുകൊണ്ടിരുന്നു. പൂക്കളുടെ സുഗന്ധവും, ആ ദിവ്യഗീതികളുടെ രാഗലോലമായ നാദവും അലിഞ്ഞുചേർന്നിരുന്ന തണുത്ത പാതിരാക്കാററ് അങ്ങു ദൂരെ ദൂരെ ഇടയന്മാർ പാട്ടുപാടുകയും ചെമ്മരിയാടുകൾ മേയുകയും ചെയ്യുന്ന കുന്നിൻചെരുവിൽനിന്നും പുറപ്പെട്ടു, മരുഭൂമികളിലെ മണൽക്കാടിനുപരി സഞ്ചരിച്ചു ബത്‌ലഹേമിലേക്കൊഴുകി കൊണ്ടിരുന്നു.

ശോശന്നാപുഷ്പങ്ങൾ നിറഞ്ഞുനിൽക്കുന്ന താഴ്‌വരകളും, ലില്ലിപ്പൂക്കളും വെള്ളപ്പുഷ്പങ്ങളുള്ള മുന്തിരിവള്ളികളും നിറഞ്ഞ പൂങ്കാവനങ്ങളും രോമഹർഷം പൂണ്ടു.

ആ പൂമൊട്ടുകളും പൂക്കളും കിനാവുകാണുകയായിരുന്നു. ആ കിനാവുകൾ സാക്ഷാത്കരിക്കപ്പെടുകയായിരുന്നു.

നീലാകാശത്തിലെ താരകകോടികളുടെയിടയിൽ വിതാനപ്പെട്ടിരുന്ന വെൺമേഘത്തുണ്ടുകളോടൊപ്പം ദൈവദൂതന്മാർ ഒരു മംഗളഗാനവും പാടിക്കൊണ്ടു് ചുററിസഞ്ചരിച്ചിരുന്നു.

ആ ഗാനത്തിന്റെ മാറെറാലി ഗലീലാക്കടലിലെ തിരമാലകളുടെ ചെവിയിലും താബോർമലയുടെ മുകളിലും കാൽവരിഗിരിയിലെ മുൾച്ചെടിത്തലപ്പുകളിലും പ്രതിധ്വനിച്ചു.

യുഗങ്ങളുടെ പ്രതീക്ഷകൾ പൂവണിഞ്ഞു.

നൂററാണ്ടുകളായി പാതാളലോകത്തു മൺമറഞ്ഞു കിടന്നിരുന്ന പൂർവ്വപിതാക്കന്മാരുടെ മുമ്പിൽ സ്വർഗ്ഗകവാടം തുറക്കപ്പെട്ടു.

സ്വർലോകത്തു് ആഹ്ലാദവും നരകപാതാളത്തിൽ അമർഷവും തിരയടിച്ചു.

"ഒരു ദേവനവതരിച്ചി
രിക്കുന്നു!"
മാലാഖാമാർ അതേററുപാടി.
ബത്‌ലഹമിലെകാലിക്കൂട്ടിൽ മനുഷ്യപാപക്കെട്ടുകളെ കഴുകി


PC. 308

നോക്കൂ—ഇപ്പോൾ നമുക്കു് ഒരു
## റേഡിയോ വാങ്ങിക്കുവാൻ സാധിക്കും



ഇതു് വെറും ഊഹംമാത്രമല്ല—അവർ കണക്കുകൂട്ടി തിട്ടപ്പെടുത്തിയതാണു്. അവർക്കു വളരെ നാളുകളായി വാങ്ങിക്കുവാൻ ആഗ്രഹമുണ്ടായിരുന്ന ആ റേഡിയോ ഈ മാസത്തിൽതന്നെ അവർക്കു് വാങ്ങിക്കുവാൻ കഴിയും. അവരുടെ ഈ മാസത്തെ ചിലവുകൾ അല്പം ചുരുക്കേണ്ടിവരുമെന്നുള്ളതു് വാസ്തവമാണു്. അതുപോലെ സേവിംഗ്സ് കണക്കിൽ നിന്നും ഒരു ചെറിയ സംഖ്യ പിൻവലിക്കേണ്ടിവരികയും ചെയ്യും. എന്നാൽ അതു് അവരുടെ ഈ ആഗ്രഹപ്രാപ്തിക്കുവേണ്ടിയാണല്ലോ. ഫാമിലി ബഡ്ജററ ബുക്കു് പാലാ ബാങ്കിൽനിന്നും വാങ്ങിയതുമുതൽ ശങ്കറിനും കമലയ്ക്കും മുടങ്ങാതെ സമ്പാദിക്കാൻ സാധിച്ചു.

നിങ്ങൾക്കും സമ്പാദിക്കുവാൻ കഴിയും

ഓരോ മാസത്തിന്റെയും ആരംഭത്തിൽ ആ മാസത്തിൽ പ്രതീക്ഷിക്കുന്ന വരവു് ഫാമിലി ബഡ്ജററ ബുക്കിൽ കുറിക്കുക. എന്നിട്ടു് നിങ്ങൾക്കു ഉണ്ടാകാൻ ഇടയുള്ള ചിലവുകൾ ആ ബുക്കിലുള്ള 35 ഇനങ്ങളിൽ ഉദ്ദേശമായി എഴുതുക. അങ്ങിനെ നിങ്ങളുടെ സേവിംഗ്സ് കണക്കിലേക്കു് എത്ര മിച്ചം ഉണ്ടാക്കുവാൻ സാധിക്കുമെന്നും. മററിനങ്ങൾക്കു് എന്തുണ്ടെന്നും നിങ്ങൾക്കു കണിശമായി അറിയാം.

പാലാ ബാങ്കിൽനിന്നും കിട്ടുന്ന ഫാമിലി ബഡ്ജററ ബുക്കു് നിങ്ങളുടെ സമ്പാദ്യങ്ങളുടെ ഒരു ശരിയായ വിവരണം എഴുതുന്നതിനും ഉപകരിക്കും. അതു് നിങ്ങൾ കൊടുത്തു തീർക്കേണ്ടതായ കരം, ഇൻഷൂറൻസ് തവണകൾ മുതലായ കാര്യങ്ങളെപ്പററി നിങ്ങളെ അനുസ്മരിപ്പിക്കും. ഈ ചെറിയ ബുക്കു് നിങ്ങൾക്കു് ഒരനുഗ്രഹമായിരിക്കും. ഇതു് നിങ്ങളുടെ ധനപരമായ പല മനക്ലേശങ്ങളേയും ദൂരീകരിക്കുന്നതിനു് സഹായിക്കും.

പാലാ സെൻട്രൽ ബാങ്കിൽ കണക്കുള്ളവർക്കെല്ലാം സൌജന്യമായി ലഭിക്കുന്നതാണു് ഉപകാരപ്രദമായ ഈ ഫാമിലി ബഡ്ജററ ബുക്കിൽ ഒരു പ്രതി. [illegible]

ESTD. 1927

## പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

ഹെഡ് ആഫീസ്: പാലാ, തിരുവിതാംകൂർ
തിരുവിതാംകൂർ-കൊച്ചിയിലെ 19 ബ്രാഞ്ചുകൾ
തെക്കെ ഇൻഡ്യയിലെ ഒരു പ്രമുഖ ബാങ്ക്

കളയുന്ന നീതിരക്ഷയുടെ ദേവനവതരിച്ചിരിക്കുന്നു!

ഒരു വാഗ്ദാനം പൂർത്തിയാകുകയായിരുന്നു. പറുദീസായിൽവച്ചു പാപം ചെയ്ത മാതാപിതാക്കന്മാരോടു് സൃഷ്ടിയുടെ നാഥൻ ചെയ്ത വാഗ്ദാനം...

മരംകോച്ചുന്ന തണുപ്പിൽ, ആഞ്ഞടിക്കുന്ന കോടക്കാററിൽ, ഉറഞ്ഞുകൂടിയ അന്ധകാരത്തിന്റെ നടുവിൽ ഒരു ദേവനവതരിച്ചിരിക്കുന്നു!

അന്ധകാരത്തിന്റെ നടുവിലേക്കു് പ്രകാശരേഖകളുമായി കടന്നുവന്ന സത്യദീപമേ!

കാലിത്തൊഴുത്തിൽ അവതരിക്കാൻ തിരുമനസ്സായ സാന്ത്വനപ്രകാശമേ!

പട്ടുമെത്തയേയും മണിമഞ്ചത്തേയും ഉപേക്ഷിച്ചു് കാലിത്തൊഴുത്തും വൈക്കോൽമഞ്ചവും സ്വീകരിച്ച പരിത്യാഗത്തിന്റെ പ്രഭോ!

അങ്ങേക്കു നമസ്കാരം!

അണ്ഡയുഗങ്ങളുടെ രാജാവാണു്

രാജാക്കന്മാരുടെ രാജാവാണു്!

അജ്ഞാനത്തിന്റേയും അന്ധതയുടേയും നടുക്കു വന്നുദിച്ച പ്രകാശകന്ദളമേ! ശാന്തിയുടെ കനകജ്യോതിസ്സേ! അങ്ങേക്കു നമസ്കാരം! നമസ്കാരം!!

(12-ാംപേജ് തുടർച്ച)

ഒരത്ഭുതസംഭവം അതാ, നടന്നുകഴിഞ്ഞു! സർവ്വശക്തനായ ദൈവത്തിന്റെ ഏക പുത്രൻ മനുഷ്യരക്ഷാർത്ഥം കന്നുകാലികളുടെയിടയിൽ പുൽക്കൂട്ടിൽ അവതരിച്ചു... വാനദൂതികൾ ആനന്ദപൂർവ്വം ആലപിച്ചു:-"അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം."

ആ പാട്ടിന്റെ ശ്രവണമാത്രയിൽ ദുഷ്ടന്മാർ ഞെട്ടിപ്പോകേണ്ടതായിരുന്നു! ലുബ്ധന്മാർ ഞെട്ടുകയും മൂഷകർ ചൂളിപ്പോവുകയും വേണ്ടിയിരുന്നു! ആ ഗാനധ്വനി അശുദ്ധാത്മാക്കളുടെയിടയിൽ കോളിളക്കം സൃഷ്ടിച്ചു. കഷ്ടപ്പെടുന്ന ജനലക്ഷങ്ങൾക്കു ആശ്വസവും ആശ്വാസവും അരുളി

---

പരി. വ്യാകുലമാതാവിന്റെ സഹായാനുഗ്രഹത്താലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും എന്റെ മകളുടെ കുട്ടിയുടെ സുഖക്കേടു മാറിയതിനു കൃതജ്ഞത.

മ്സ്സ്. ത്രേസ്യ ജോസഫ്

ഒല്ലൂർ.

---

കൊണ്ടു് അതന്തരീക്ഷത്തിൽ ലയിച്ചു— കപടതയെന്തെന്നറിയാത്ത ചില ആട്ടിടയന്മാർ അവരുടെ സമ്പത്താകുന്ന ആട്ടിൻപററത്തെ കാത്തുകൊണ്ടു് ആ മലഞ്ചെരുവിൽ ഉറക്കമിളച്ചിരുന്നു. പെട്ടെന്നുണ്ടായ പ്രകാശത്താൽ ഭയചകിതരായി കണ്ണുയർത്തി നോക്കി. സമാധാനസന്ദേശഗീതവുമോതിനിന്നിരുന്ന ദൈവദൂതനെയാണു് അവർ കണ്ടതു്. അവർക്കു ചിന്തിക്കുവാൻ സമയമുണ്ടായിരുന്നില്ല. അവർ ആ സമാധാനരാജനെ കാണുവാനായി കാലിത്തൊഴുത്തിലേക്കു കുതിച്ചു.

പുൽക്കൂട്ടിൽ എന്താണവർ കണ്ടതു്? മൃഗങ്ങളുടേയും രണ്ടു മനുഷ്യരുടേയും മദ്ധ്യത്തിൽ—തുണിക്കണ്ടങ്ങളാൽ പൊതിയപ്പെട്ടു "വൈക്കോലിന്മേൽ കിടന്നിരുന്ന ഒരു ശിശുവിന്റെ മോഹനരൂപം—ആ ദിവ്യശിശുവിന്റെ കടാക്ഷത്താൽ അനുഗൃഹീതരായി, സന്തോഷനിമഗ്നരായി അവർ മടങ്ങി.

പൊന്നുഷസ്സു് പൊട്ടിവിരിഞ്ഞു. അന്ധകാരം പ്രകാശത്തിന്റെ ആഗമനത്തിൽ ഭയപ്പെട്ടു പിൻതിരിഞ്ഞോടി. അതു കണ്ടു പൂർവ്വചക്രവാളം പൊട്ടിച്ചിരിച്ചു കുയിൽക്കൂട്ടങ്ങൾ കാഹളംമുഴക്കിക്കൊണ്ടു് പറന്നുനടന്നു.

കുളിർതെന്നൽ പുഷ്പലതാദികളെ ഇക്കിളിയാക്കിക്കൊണ്ടു ഇഴഞ്ഞുനീങ്ങി. പ്രകൃതി അസ്പഷ്ടമായ ഭാഷയിൽ ആ സമാധാനസംഗീതം ആവർത്തിച്ചു "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം"......ഇന്നു ലോകം ഇതറിഞ്ഞിരുന്നെങ്കിൽ!

## ഇടവകവാർത്തകൾ

**അരുവിത്തുറ:** കമ്മലീത്താസഭയുടെ ശതാബ്ദജൂബിലിയോടനുബന്ധിച്ചു് ഗുരുപട്ടസ്വീകരണവും നവപൂജാർപ്പണവും നടത്തിയ ഈ ഇടവക അരയത്തിനാൽ റവ. ഫാദർ കാമ്മെൽ ടി. ഒ. സി ഡി. അവർകളെ അനുമോദിക്കുന്നതിനായി സ്ഥലം സെന്തോമസ് മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ഡിസം. 11-ാംനു-രാവിലെ പള്ളിമേടയിൽ ചേന്ന പൊതുയോഗത്തിൽ റവ. ഫാദർ റ്റി. സി. ജോസഫ് ബി. എ ആദ്ധ്യക്ഷംവഹിച്ചു അംഗങ്ങളിൽ പലരും പ്രസംഗിക്കുകയും ഭാവുകങ്ങൾ നേരുകയും ഉണ്ടായി. ഫാ. കാമ്മെൽ ഇവയെല്ലാം കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടു് സമുചിതമായ മറുപടിപ്രസംഗം നടത്തി.

**മുല്ലശ്ശേരി:** സ്ഥലം നല്ല ഇടയന്റെ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന എസ് വി. എസ് സംഘം, സൊഡാലിററി, മിഷൻ സംഘം, വേദപാഠസ്കൂൾ രക്ഷാകർതൃദിനം എന്നിവയുടെ ഒരു സംയുക്തവാർഷികം പ്രമാണിച്ചു് പള്ളിഅങ്കണത്തിൽ റവ. ഫാദർ ലാസർ ടി. ഒ സി. ഡി ബി. എ എൽ. റ്റി അവർകളുടെ മഹനീയ അദ്ധ്യക്ഷതയിൽ ഡിസമ്പർ 11 ാംനു ഞായറാഴ്ച ഉച്ചകഴിഞ്ഞു 3 മണിക്കു് ഒരു വമ്പിച്ച പൊതുയോഗം ചേന്നു പ്രാത്ഥനയും റിപ്പോർട്ടുകളും ശേഷം സ്വാഗതം വാശി ബ്രദർ പീററർ റെഡ്ഢി എം എ അവർകൾ ഒരു പ്രസംഗം ചെയ്തു ഒരു കത്തോലിക്കനു് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ സമൃക്കായി അദ്ദേഹം വിവരിച്ചു. ബ്രദർ ഇ. കെ. ജേക്കബ് ഒരു പ്രസംഗം ചെയ്തു കുമാരി കെ. ടി ബേബിയുടെ സ്തുപ്രസംഗത്തിനുശേഷം ഹാർമ്മോണിസ്റ്റു് വി. സി അഗസ്റ്റിൻ & പാർട്ടിയുടെ പിന്നണിയോടുകൂടെ ഡാൻസ് നടന്നു. കലാപരിപാടികളിൽ "നാത്തൂൻ പോരു്" "അവരുടെ കല്ലറ" എന്നിവ വളരെ ആകർഷകവും മനോഹരവുമായിരുന്നു. ഫാത്തിമാ മാതാവിന്റെ "ടേബ്ലോ"യും ഉണ്ടായിരുന്നു. കാഥിക കുമാരി കെ. സി. റോസ്സിലി "ഓമന" എന്ന കഥാപ്രസംഗം സരസമായി നിവ്വഹിച്ചു.

**പുറപ്പുഴ:** മരിയസഖ്യത്തിന്റെ പ്രഥമവാർഷികം ഡിസംബർ 10, 11 തീയതികളിൽ ആഘോഷിക്കപ്പെട്ടു. 10 ാംനു നടന്ന ജപമാല പ്രദക്ഷിണം പുറപ്പുഴ കവലയിൽ എത്തിയപ്പോൾ റവ ഫാദർ ജോസഫ് ഇഞ്ചിപ്പറമ്പിൽ, മാത്യു വെള്ളാങ്കൽ എന്നിവർ ഓരോ പ്രസംഗം ചെയ്തു. വെരി റവ ഫാദർ ജോസഫ് വളമംഗലത്തിന്റെ അദ്ധ്യക്ഷതയിൽ 11-ാംനു കൂടിയ പൊതുയോഗത്തിൽ ശ്രീ ദേവസി, കാപ്പിൽ B A B L ആയിരുന്നു പ്രധാന പ്രസംഗകൻ. സമ്മേളനാനന്തരം മരിയസഖ്യാംഗങ്ങൾ "ജീവാർപ്പണം" തന്മയത്വപൂർവ്വം അഭിനയിച്ചു.

ഇവിടെ സ്ഥാപിതമായിരിക്കുന്ന സെൻറു് വീൻസെൻറു ഡി

---

**കാലവിലാസ് വാസനസാമാനങ്ങൾ**

ചാന്തു്, കൺമഷി, കളഭം, ദശാംഗം, ചുണ്ണാമ്പു്, നഖപോളീഷ്, ഫെയ്സ് പൗഡർ, ആനന്ദകുസുമം എന്ന വാസനപ്പുകയില ഉണ്ടാക്കുവാനുള്ള തൈലം മുതലായവ.

എല്ലാ സ്ഥലങ്ങളിലും സ്റ്റോക്കിസ്റ്റ്മാരെ ആവശ്യമുണ്ടു്. കാറ്റലോഗിനു് എഴുതുക.

പി. എ. അപ്പർ, കാലവിലാസ്

പരിമള തൊഴിൽശാല, തൃശ്ശൂർ (S. I)

---

പോൾ സംഘം ശാഖയുടെ ഉൽഘാടനയോഗത്തിൽ റവ ഫാദർ മാത്യു വെള്ളാങ്കൽ ആദ്ധ്യക്ഷം വഹിച്ചു. തദവസരത്തിൽ ശ്രീ എം എം മാത്യു B A B T, ദേവസ്യാച്ചൻ കരുവിനാക്കന്നേൽ B A എന്നിവർ ഓരോ പ്രസംഗം ചെയ്തു.

**കൈപ്പുഴ:** സ്ഥലം സെൻറു വീൻസെൻറു് ഡി പോൾ സൊസൈററി പർട്ടിക്കുലർ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഒരു സ്റ്റഡിക്ലാസ്സും, അമ: മാതാവിന്റെ തിരുനാൾ പ്രമാണിച്ചുള്ള പൊതുയോഗവും ഡിസംബർ 11-ാംനു ഞായറാഴ്ച കൈപ്പുഴ സെൻറു് മാഗ്ഗരററ്സ് സ്കൂൾഹാളിൽവച്ചു നടത്തപ്പെട്ടിരിക്കുന്നു. രാവിലെ 9-30 മുതൽ 12-30 വരെയും, ഉച്ചകഴിഞ്ഞു് 1-30 മുതൽ 2-30 വരെയും ബ്ര: P. J. മാത്യു B A L T റവ ഫാദർ ജോസഫ് കാച്ചിപ്പള്ളിയിൽ എന്നിവർ ക്ലാസ്സുകൾ നടത്തുകയും; അതിനെത്തുടന്നു് 4 മണിക്കു് റൈററു് റവ ഡോക്ടർ തോമസ് തറയിൽ തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ പൊതുയോഗം കൂടുകയും ചെയ്തു യോഗത്തിൽ ബ്ര: സി എം സെബാസ്റ്റ്യൻ; ബ്ര: എൻ ഡി ദേവസ്യാ എന്നിവർ ശ്രദ്ധേയമായ ഓരോ പ്രസംഗം ചെയ്തു.

**പാറപ്പുഴ:** ഇവിടത്തെ സൊഡാലിററി സംഘടനയുടെ ആഭിമുഖ്യത്തിൽ അമലോത്ഭവമാതാവിന്റെ തിരുനാളാഘോഷിക്കുവാനായി റവ ഫാദർ സെബാസ്റ്റ്യൻ പുല്ലാപ്പള്ളിയിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഇന്നു ഒരു യോഗം ചേന്നു സഖ്യാംഗങ്ങളുടെ പ്രസംഗങ്ങളും കലാപ്രകടനങ്ങളുമുണ്ടായിരുന്നു മിസ് അന്നമ്മ തകരപ്പിള്ളിൽ, ഏലമ്മ പാലങ്കാട്ടു് ഇവരായിരുന്നു പ്രസംഗകർ.

**തെന്നത്തൂർ:** ഈ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന സൊഡാലിററി സംഘടനയുടെ ആഭിമുഖ്യത്തിൽ പ ക. മറിയത്തിന്റെ അമലോത്ഭവദിനം ആഘോഷിക്കുവാനായി സ്ഥലം സ്കൂൾ ഹാളിൽവച്ചു 11-ാംനു-ഞായറാഴ്ച റവ ഫാദർ സെബാസ്റ്റ്യൻ പുല്ലാപ്പിള്ളിൽ അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി. സഖ്യാംഗങ്ങൾ പ്രസംഗങ്ങളും കലാപ്രകടനങ്ങളും നടത്തുകയുണ്ടായി.

**തൃക്കൊടിത്താനം:** വിശുദ്ധ ഫ്രാൻസീസ് സേവ്യറിന്റെ തിരുനാൾ സ്ഥലത്തെ കത്തോലിക്കാപ്പള്ളിയിൽ സാഘോഷം കൊണ്ടാടപ്പെട്ടു. വേസ്പര നാൾ വൈകുന്നേരം ചങ്ങനാശേരി മെത്രാൻ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ ഭക്തിസംവർദ്ധകമായ ദിവ്യകാരുണ്യ പ്രദക്ഷിണം നടന്നു. തുടന്നു് പള്ളിയങ്കണത്തിൽവച്ചു് മി. ജോസഫ് കൈമാപറമ്പൻ സ്ഥാപകയോഹന്നാന്റെ ശിരഛേദത്തെ അധികരിച്ചു് ഒരു കഥാപ്രസംഗം നടത്തി. തിരുനാൾ ദിനമായ ഞായറാഴ്ച സായാഹ്നത്തിൽ ഇടവകയിലെ ഭക്തസഖ്യങ്ങളുടെ സംയുക്തവാർഷികം റവ ഫാദർ ഫ്രാൻസീസ് കാളാശ്ശേരി എം എ യുടെ അദ്ധ്യക്ഷതയിൽ നടത്തുകയുണ്ടായി.

**ഏങ്ങണ്ടിയൂർ:** ഈ ഇടവകയിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ബോയിസ് ടൗണിന്റെയും സൗജന്യാസ്പത്രിയുടെയും ഉദ്ഘാടനം തൃശ്ശൂർ മെത്രാൻ തിരുമേനി നിർവഹിച്ചു. രാത്രി ആശുപത്രിയുടെ ധനശേഖരാർത്ഥം ശ്രീ ജോസഫ് കൈമാപറമ്പന്റെ കഥാപ്രസംഗവുമുണ്ടായിരുന്നു.

**പൊൻകുന്നം:** സ്ഥലം തിരുക്കുടുംബദേവാലയത്തിലെ അമലോത്ഭവജൂബിലി തിരുനാൾ ഇക്കൊല്ലം ഡിസം. 9, 10, 11 തീയതികളിൽ ആഡംബരപൂർവ്വം നടത്തപ്പെട്ടിരിക്കുന്നു. റവ ഫാ. മാത്യു വാക്കശ്ശേരി എം എ ബി എൽ, റവ. ഫാ. അബ്രാഹം നെടുന്തകിടി ബി. എ. ബി. റ്റി., റവ. ഫാ. കുര്യാക്കോസു് ഏണേക്കാട്ടു് എം. എ, എന്നിവർ ശനിയാഴ്ചയും ഞായറാഴ്ചയും പ്രസംഗിച്ചു

**വരാപ്പുഴ:** ഈ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന ലീജിയൻ ഓഫ് മേരിയുടെ 9 പ്രസീദിയാകൾ ഒന്നിച്ചുചേന്നു അവയുടെ സംയുക്തവാർഷികം ഡിസംബർ 18-ാംനു ആഘോഷിച്ചിരിക്കുന്നു. അതു സംബന്ധിച്ചു വൈകിട്ടു 3 മണിക്കു സമ്മേളിച്ച പൊതുയോഗത്തിൽ സത്യദീപം പത്രാധിപർ റവ. ഫാദർ ജോസഫ വിതയത്തിൽ ആദ്ധ്യക്ഷംവഹിച്ചു. മെ ഡേവിഡ് റൊഡ്റിഗസ്, വർഗ്ഗീസ് ടി. എം. എന്നിവർ പ്രസംഗിച്ചു ബാലികമാരുടെ വിവിധകലാപരിപാടികളും ഉണ്ടായിരുന്നു.

**നെയ്യശേരി:** സ്ഥലം പള്ളി ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന സെൻറു് വിൻസെൻറു ഡി പോൾസഖ്യം, മരിയസഖ്യം, ഫ്രാൻസീസ്കൻ മൂന്നാംസഭ, സത്യാരാധനാസഖ്യം, മിഷൻലീഗ് എന്നിവയുടെ സംയുക്തവാർഷികം ഡിസംബർ 11-ാംനു ഞായറാഴ്ച ഉച്ചകഴിഞ്ഞു 2-30നു സെൻറു് സെബാസ്റ്റ്യൻസ് മിഡിൽസ്കൂൾ ഹാളിൽവെച്ചു റവ ഫാദർ ഫ്രാൻസിസ് സാലസ് ടി ഒ. സി. ഡി. എം. എ. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ നടത്തി. ശ്രീ ഒ. ജെ. ആൻറണി എം. എ, ശ്രീ മാത്യു ഉലകംതറ ബി. എ. എന്നിവർ പ്രസംഗിച്ചു. മീററിങ്ങിനുമുമ്പു ഭക്തസംഘടനകളുടെ ഒരു വമ്പിച്ച റാലിയും ഉണ്ടായിരുന്നു. മീററിങ്ങിനുശേഷം സ്ഥലം സി എസ് എൻ ഡ്രാമാററിക്ക് സൊസൈററി "വഴിയേപോയ വയ്യാവേലി" എന്ന ഏകാങ്കനാടകം വളരെ തന്മയത്വത്തോടുകൂടി അഭിനയിച്ചു.

## ചരമവാർത്ത

**പനമരം:** തമ്പലക്കാട്ടു പള്ളി ഇടവക കുന്നപ്പള്ളിൽ വക്കീസ്സറിയാ അവർകൾ വാർദ്ധക്യസഹജമായ അസുഖങ്ങൾനിമിത്തം അന്ത്യകൂദാശകളെല്ലാം സുബോധത്തോടെ കൈക്കൊണ്ടു് 101-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. സംസ്കാരകർമ്മം ഡിസം. 8-ാംനു റവ. ഫാദർ മാത്യു കാപ്പുകാട്ടു് അവർകളുടെ കാർമ്മികത്വത്തിൽ തമ്പലക്കാട്ടുപള്ളി സിമിത്തേരിയിൽ യഥാവിധി നടത്തപ്പെട്ടു. സംസ്കാരാനന്തരം ധാരാളം സാധുക്കൾക്കു് പണവും മുപ്പൊന്നഭോജനവും നൽകപ്പെടുകയുമുണ്ടായി.

R. I. P.

വാരാന്ത്യവീക്ഷണം

## മത്സരാത്മകമായ സഹവർത്തിത്വം

റഷ്യ ഇപ്പോൾ അനുവർത്തിച്ചുവരുന്ന വിദേശനയം മത്സരാത്മകമായ സഹവർത്തിത്വമാണെന്നുവേണം പറയുവാൻ. കോമിൻഫോം പിരിച്ചുവിടുന്നതിനു തങ്ങൾക്കു സമ്മതമില്ലെന്നു റഷ്യൻ നേതാക്കന്മാർ ഇന്ത്യ വിടുന്നതിനുമുമ്പു് പറയുകയുണ്ടായി. കോമിൻഫോം വഴിയാണു് റഷ്യൻ കമ്മ്യൂണിസ്റ്റ്പാർട്ടി തങ്ങളുടെ സ്വാധീനം അന്യരാജ്യങ്ങളിൽ പ്രബലമാക്കുന്നതിനു പ്രയത്നിച്ചുകൊണ്ടിരിക്കുന്നതു്. വിവിധ രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് സംഘടനകളെ നിയന്ത്രിക്കുന്നതു് കോമിൻഫോം എന്നു അറിയപ്പെടുന്ന അന്താരാഷ്ട്രീയ കമ്മ്യൂണിസ്റ്റ്സമിതിയാണു്. ഇതിന്റെ പ്രവർത്തനങ്ങൾ അന്യരാജ്യങ്ങളുടെ ആഭ്യന്തരകാര്യങ്ങളിലുള്ള ഇടപെടലാണെന്നു ഇന്ത്യൻ പ്രധാനമന്ത്രി മി. നെഹ്റു പല പ്രാവശ്യം പ്രസ്താവിച്ചിട്ടുണ്ടെങ്കിലും പഞ്ചശീലതത്വങ്ങൾ സ്വീകരിച്ചിട്ടുള്ള റഷ്യ ഈ സംഘടനയെ പിരിച്ചുവിടാൻ ഒരുക്കമല്ല. യുദ്ധം അപകടമാണെങ്കിൽ വേണ്ടാ, യുദ്ധം കൂടാതെതന്നെ കോമിൻഫോം വഴിയായും മററുവിധങ്ങളിലും കമ്മ്യൂണിസം അന്യരാജ്യങ്ങളിൽ പ്രചരിപ്പിക്കാവുന്നതാണെന്നാണു് റഷ്യ ഇപ്പോൾ വിശ്വസിക്കുന്നതു്. ജനീവാ ഉന്നതതലസമ്മേളനം, ജനീവാ വിദേശകാര്യമന്ത്രിമാരുടെ സമ്മേളനം ഈജിപ്തിനു ആയുധങ്ങൾ കൊടുക്കുന്നതിനുള്ള തീരുമാനം, റഷ്യൻനേതാക്കന്മാരുടെ ഇന്ത്യാസന്ദർശനം, 16 രാഷ്ട്രങ്ങളെ ഐക്യരാഷ്ട്രസംഘടനയിൽ പ്രവേശിപ്പിക്കുന്നതിൽ റഷ്യ വഹിച്ച പങ്കു് മുതലായ റഷ്യയെ സംബന്ധിച്ച 1955-ലെ സംഭവവികാസങ്ങളിൽ പലതും യുദ്ധം കൂടാതെ കമ്മ്യൂണിസത്തിന്റെ സ്വാധീനശക്തിയെ പോഷിപ്പിക്കണമെന്നുള്ള ഏകലക്ഷ്യത്തെ ഉന്നം വച്ചുകൊണ്ടുള്ളതായിരുന്നു. ഒന്നാംലോകമഹായുദ്ധത്തിന്റെ ഫലമായിട്ടാണു് റഷ്യയിൽ കമ്മ്യൂണിസ്റ്റ്ഭരണം ഉറച്ചതു്. രണ്ടാമത്തെ മഹായുദ്ധത്തിന്റെ ശേഷമാണു് പൂർവയൂറോപ്യൻ രാജ്യങ്ങളും ചൈനയും കമ്മ്യൂണിസ്റ്റ്രാഷ്ട്രങ്ങളായതു്. യുദ്ധം കമ്മ്യൂണിസത്തിന്റെ വളർച്ചയ്ക്കു പാററിയതാണെങ്കിലും ഹൈഡ്രജൻ ബോമ്പിന്റെ കാലത്തു അതു് എല്ലാവർക്കും അപകടമാണെന്നു റഷ്യക്കും ബോദ്ധ്യമായിട്ടുണ്ടു്. അതുകൊണ്ടു തന്നെയാണു് റഷ്യ സഹവർത്തിത്വം സ്വീകരിച്ചിട്ടുള്ളതു്. റഷ്യയെ സംബന്ധിച്ചിടത്തോളം സഹവർത്തിത്വത്തിനു സമാധാനം എന്നർത്ഥമില്ല; യുദ്ധമില്ലാത്ത അവസ്ഥ എന്നു മാത്രമേ അർത്ഥമുള്ളൂ.

## സിംഗപ്പൂരിനു ആഭ്യന്തര സ്വയംഭരണം

അടുത്ത ഏപ്രിൽമാസം 23-ാം തീയതി സിംഗപ്പൂരിലെ എല്ലാ പാർട്ടികളുടെയും പ്രതിനിധികളടങ്ങിയ ഒരു ഭരണഘടനാസമ്മേളനം ലണ്ടനിൽവച്ചു കൂടുന്നതിനു ബ്രി. ഗവമെൻറും സിംഗപ്പൂർ ചീഫ്മിനിസ്റ്ററും സമ്മതിച്ചിരിക്കുന്നു. കൊളോണിയൽ സിക്രട്ടറി മി. അല്ലൻ ലെനോ

(ശേഷം 8-ാംപേജിൽ)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 || ERNAKULAM, DECEMBER 21 | No. 20


## മംഗളം

ഉണ്ണീശോയുടെ പിറവിത്തിരുനാളും നവവത്സരാരംഭവും ലോകം മുഴുവനും ആനന്ദതുന്ദിലമായി ആചരിക്കുന്ന ഈ സുഭഗാവസരത്തിൽ അനുഗ്രഹപ്രദമായ ക്രിസ്തുമസ്സിന്റെയും ശോഭനമായ നവവത്സരത്തിന്റെയും ഭാവുകങ്ങൾ ഓരോരുത്തർക്കും സത്യദീപം സഹർഷം ആശംസിച്ചുകൊള്ളുന്നു.

## പുൽക്കൂട്ടിൽനിന്നുള്ള സന്ദേശം

ലോകരക്ഷാർത്ഥം അവതീർണ്ണനായ ക്രിസ്തുവിനു ലോകത്തിനു നൽകുവാൻ ഒരു രക്ഷാകരസന്ദേശമുണ്ടെന്നു പ്രത്യേകം എടുത്തു പറയേണ്ടതില്ലല്ലോ. 19 നൂറ്റാണ്ടുകൾക്കുമുമ്പു ബെത്‌ലേഹമിലെ ഗോശാലയിൽനിന്നു അതു ലോകത്തിൽ പ്രക്ഷേപണംചെയ്യപ്പെട്ടു. ദൈവസ്തുതിയുടേയും ലോകസമാധാനത്തിന്റെയും സന്ദേശമായിരുന്നു അതു്. വാനാരൂപികൾ തിരുപ്പിറവിയുടെ മംഗളമുഹൂർത്തത്തിൽ ബെത്‌ലേഹമിന്റെ അന്തരീക്ഷത്തിൽ ആ സ്വർഗ്ഗീയഗാനം ആലപിച്ചു. "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി; ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം." ഈ സന്ദേശം പാവപ്പെട്ട ആട്ടിടയരുടെ അന്തരംഗങ്ങളിൽ പ്രതിധ്വനിച്ചു. അവർ ഗോശാലയിലേക്കു ആനീതരായി. ദൈവപുത്രനെ ആരാധിച്ചു് സമാധാനസമ്പൂർണ്ണരായി നിഷ്ക്രമിച്ചു. പൂർവ്വദേശങ്ങളിലെ പണ്ഡിതഹൃദയങ്ങളിൽ അതു മാറൊലിക്കൊണ്ടു. ത്യാഗപൂർണ്ണമായ ദീർഘയാത്രകഴിച്ചു് അവരും പുൽത്തൊട്ടിയെ പൂകി. സമാധാനത്തിന്റെയും സ്വർഗ്ഗീയസൗഭാഗ്യത്തിന്റെയും സാന്ദ്രമായ അനുഗ്രഹങ്ങൾ അവരാസ്വദിച്ചു. നൂറ്റാണ്ടുകളിലൂടെ സുഭഗമായ ഈ അനുഭവം മാനവഹൃദയങ്ങൾ ആവർത്തിച്ചാസ്വദിക്കുകയാണു്. ഇന്നു നമ്മുടെ ഹൃദയഭിത്തികളിലും വന്നലയ്ക്കുന്നു. ഹൃദയകവാടം തുറക്കുന്നവർ അതിന്റെ ആസ്വാദ്യതയെ ആശ്ലേഷിക്കുന്നു.

എറണാകുളം മെത്രാപ്പോലീത്താ തിരുമേനി അവിടുത്തെ ക്രിസ്തുമസ് ഇടയലേഖനത്തിൽ പാടുകയാണു്:- "പ്രിയ മക്കളേ, ആദ്യത്തെ പിറവിത്തിരുനാൾദിവസം മാലാഖാമാർ ആട്ടിടയരെ അറിയിച്ച സന്തോഷവാർത്തയാണു് ഈ അവസരത്തിൽ നമ്മുടെ ഓർമ്മയിൽ വരുന്നതു്. "ഇതാ, നിങ്ങൾക്കായി ഒരു രക്ഷകൻ പിറന്നിരിക്കുന്നു." പുൽക്കൂട്ടിൽ ഭൂജാതനായ ദിവ്യപൈതലല്ലാതെ മററാരുമല്ല ആ രക്ഷകൻ. മനുഷ്യവർഗ്ഗത്തിന്റെ തലയായ ആദത്തിന്റെ അനുസരണക്കേടെന്ന പാപത്താൽ മനുഷ്യവംശം മുഴുവനും പാപത്തിനധീനമായി. തന്മൂലം വരപ്രസാദജീവൻ നഷ്ടപ്പെട്ടു. നഷ്ടപ്പെട്ട വരപ്രസാദജീവൻ വീണ്ടെടുക്കുവാൻ, പാപികളായ മനുഷ്യർക്കു സാദ്ധ്യമല്ലല്ലോ. എന്നാൽ മനുഷ്യൻ ചെയ്ത പാപത്തിനു് ഒരു മനുഷ്യൻതന്നെ പരിഹാരം ചെയ്യണമെന്നായിരുന്നു ദൈവനിശ്ചയം. അതിനാൽ ദൈവപുത്രൻ മനുഷ്യനായി അവതരിച്ചു. വിശുദ്ധ അഗുസ്തീനോസ് പ്രസ്താവിക്കുന്നതുപോലെ, മനുഷ്യരെ ദൈവികപദവിയിലേക്കുയർത്തുന്നതിനായി ദൈവം മനുഷ്യനായിപ്പിറന്നു." പിറവിയുടെ രഹസ്യമാണു് ഭംഗിയായ ഈ ചിത്രീകരണത്തിൽ നാം കാണുന്നതു്. ഈ മനുഷ്യാവതാര രഹസ്യമാണു് പിറവിത്തിരുനാളിന്റെ ആനന്ദനിഷ്യന്ദിയായ ഘടകം. നമുക്കാനന്ദിക്കാം.

മനുഷ്യാവതാരത്തിന്റെ ലക്ഷ്യത്തെ തിരുമനസ്സുകൊണ്ടു് തുടർന്നു വിശദമാക്കുന്നു:- "മനുഷ്യവർഗ്ഗത്തിനു നഷ്ടപ്പെട്ടതായ വരപ്രസാദജീവൻ ലഭിക്കേണ്ടതു് മനുഷ്യനായിപ്പിറന്ന ദൈവപുത്രൻവഴിയായിട്ടാണു്. നമുക്കു ജീവൻ നൽകുന്നതിനും, അതു സമൃദ്ധിയായി കൈവരുത്തുന്നതിനുംവേണ്ടിയാണു് അവിടുന്നു മനുഷ്യനായി പിറന്നതു്. അതുകൊണ്ടത്രേ "ഞാൻ വഴിയും, സത്യവും, ജീവനുമാകുന്നു"വെന്നു അവിടുന്നരുളിച്ചെയ്യുന്നതു്. ഏററവും ഹൃദ്യമായിട്ടുള്ള ഒരു സന്ദേശമാണിതു്. അവിടുന്നു കാണിച്ചുതന്നിട്ടുള്ള വഴിയിൽക്കൂടി സഞ്ചരിക്കുന്നവർക്കു മാത്രമേ, ലക്ഷ്യമായ സ്വർഗ്ഗനന്മാനം പ്രാപിക്കുവാൻ കഴിയുകയുള്ളൂ. അവിടുന്നു പ്രദാനംചെയ്തിട്ടുള്ള പ്രമാണങ്ങളനുസരിച്ചുകൊണ്ടാണു് നാം ആ വഴിയിൽക്കൂടി സഞ്ചരിക്കേണ്ടതു്. പുൽക്കൂട്ടിൽ പിറന്ന ദിവ്യഉണ്ണിയാണു് സാക്ഷാൽ ജീവനും സത്യവും. താൻ സത്യമാകുന്നുവെന്നു ഈശോ മാത്രമേ പറഞ്ഞിട്ടുള്ളൂ. ഈശോയെ അറിയാതെ ആർക്കും സത്യം ഗ്രഹിക്കുക സാദ്ധ്യമല്ല. പുൽക്കൂട്ടിൽപ്പിറന്ന ഉണ്ണിയാകുന്നു സാക്ഷാൽ ജീവൻ. അവിടുത്തെ ദിവ്യാവതാരംവഴി ഒരു പുതിയ ജീവിതമാണു് മനുഷ്യർക്കു പ്രദാനംചെയ്തതു്, വരപ്രസാദജീവിതം. ദൈവികജീവിതത്തിന്റെ പങ്കുപററലാണു് വരപ്രസാദജീവിതം. "ഞാനല്ല, മിശിഹാ എന്നിൽ ജീവിക്കുന്നു"വെന്നു പൗലോസ്ശ്ലീഹാ പറയുന്നതിന്റെ അർത്ഥം ഇതാണു്."

ക്രിസ്തുവിലുള്ള ഈ പുതിയ ജീവിതം സഫലമാക്കുന്നതിനു അവിടുത്തെ ദിവ്യമാതൃകയെ കണ്ടുപഠിച്ചു നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കുന്നതിനു തിരുമേനി പ്രസ്തുത ലേഖനത്തിൽ ശക്തിയായി ഉൽബോധിപ്പിക്കുന്നു:- "ദരിദ്രരും ധനികരും ഒരുപോലെ അഭ്യസിക്കേണ്ട ഒരു വിശിഷ്ടപുണ്യമാണു് ദാരിദ്ര്യാരൂപി. ദരിദ്രർ, അന്യരുടെ സമ്പത്തിൽ അസൂയപ്പെടാതെ, ദൈവത്തിൽ ആശ്രയിച്ചു് അവിടുത്തെ ഹിതത്തിനു കീഴ്‌വഴങ്ങി ജീവിക്കണം. ധനികർ, സാധുസംരക്ഷണത്തെ അവരുടെ ഒരു കടമയായി കരുതണം. വിശുദ്ധ അഗുസ്തീനോസ് പ്രസ്താവിച്ചിട്ടുള്ളതുപോലെ, സമ്പന്നർ അവരുടെ ആഡംബരങ്ങൾക്കുപയോഗിക്കുന്നതു്, സാധുക്കളുടെ ആവശ്യത്തിനുള്ളതാണെന്നു ഓർമ്മിക്കണം. ആവശ്യംകഴിഞ്ഞു് ആഡംബരത്തിനുവേണ്ടി കൈയടക്കിവച്ചുകൊണ്ടിരിക്കുന്നവർ, സാധുക്കളുടെ "അന്നന്നേയപ്പ"മാണു് സൂക്ഷിക്കുന്നതെന്നു മറന്നുകളയരുതു്. ദരിദ്രരും സമ്പന്നരും പുൽക്കൂട്ടിലെ രംഗം ദർശിച്ചാൽ—അതിന്റെ അർത്ഥം ഗ്രഹിച്ചാൽ—സമാധാനത്തോടും സംതൃപ്തിയോടുംകൂടി മനുഷ്യനു ലോകത്തിൽ ജീവിക്കുവാൻ കഴിയും. തൊഴിലാളികളുടെ പ്രതിനിധികളായി ആട്ടിടയന്മാരും, ധനികരുടെ പ്രതിനിധികളെന്നോണം പൂജരാജാക്കന്മാരും പുൽക്കൂട്ടിൽപ്പിറന്ന ഉണ്ണിയെ ആരാധിക്കാൻ പുറപ്പെടുന്നു. ഈശോ ഇരുകൂട്ടർക്കും ആദർശമായി പരിലസിക്കുന്നു. ക്രിസ്തുവിനും അവിടുന്നു സ്ഥാപിച്ച തിരുസഭയ്ക്കും മാത്രമേ ഇരുകൂട്ടരേയും സമാധാനപ്പെടുത്തുവാൻ കഴിയൂ. ത്യാഗാരൂപിയോടുകൂടി ദാരിദ്ര്യാരൂപി പരിശീലിച്ചാൽ സംതൃപ്തി കളിയാടും. ഹൃദയസമാധാനം കൈവരും. പുൽക്കൂട്ടിലെ സന്ദേശം പ്രായോഗികമായിത്തീരും. അങ്ങനെ ലോകത്തിനു ഒരു പുതിയ ചൈതന്യം ആസ്വദിക്കുവാൻ കഴിയും."

പുൽക്കൂട്ടിൽനിന്നുള്ള ഈ സന്ദേശം ക്ലേശങ്ങളിൽ കുടുങ്ങിയിരിക്കുന്ന ലോകം ഗ്രഹിക്കുന്നതിനും, അതുൾക്കൊള്ളുന്ന രക്ഷാകരതത്വം ജീവിതത്തിൽ പ്രായോഗികമാക്കി അസ്വസ്ഥമായ മാനവഗണം ശാന്തിയുടെ സുരക്ഷിതമായ തുറമുഖത്തു സൗഭാഗ്യജീവിതം ആസ്വദിക്കുന്നതിനും പുൽക്കൂട്ടിൽപ്പിറന്ന ദൈവസുതൻ എല്ലാവരേയും അനുഗ്രഹിക്കുന്നതിനു പ്രാർത്ഥിക്കാം.

## വിജ്ഞാപനം

ക്രിസ്തുമസ്സ് പ്രമാണിച്ചു് ആപ്പീസൊഴിവാകയാൽ അടുത്ത ബുധനാഴ്ച പത്രം പുറപ്പെടുന്നതല്ല.

## പ്രസാധകക്കുറിപ്പുകൾ

### റഷ്യൻ നേതാക്കളുടെ കുപ്രചരണത്തെ ബർമ്മീസ് പത്രം വെല്ലുവിളിക്കുന്നു

റഷ്യൻ നേതാക്കന്മാർ ഇന്ത്യ ബർമ്മ മുതലായ പൗരസ്ത്യരാജ്യങ്ങളിലെ പര്യടനം പൂർത്തിയാക്കി മടങ്ങിയിരിക്കുകയാണല്ലോ. ഔപചാരികമായ ആതിഥ്യസ്വഭാവത്തോടുകൂടിയ ഈ സന്ദർശനത്തിനിടയിലും സ്ഥാനത്തും അസ്ഥാനത്തും അവർ കമ്മ്യൂണിസം പ്രചരിപ്പിക്കുന്നതിനു ശ്രദ്ധിച്ചിരുന്നു എന്നുള്ളതു പര്യടനത്തിനിടയിൽ പല സ്ഥലങ്ങളിലും വച്ചു ചെയ്ത പ്രസംഗങ്ങൾ തെളിയിക്കുന്നുണ്ടു്. ബർമ്മയിൽവച്ചു ക്രൂഷേവു് ചെയ്ത ഒരു പ്രസംഗത്തിൽ മുതലാളിത്ത രാജ്യങ്ങളിലെ പത്രപ്രവർത്തനസ്വാതന്ത്ര്യപ്രശ്നമാണു് അദ്ദേഹത്തിന്റെ നിശിതമായ കുപ്രചരണത്തിനു ലക്ഷ്യമാക്കിയതു്. അവിടങ്ങളിലെ പത്രപ്രവർത്തകന്മാർ രാഷ്ട്രത്തിന്റെ വെറും അടിമകളാണെന്നും റഷ്യയെപ്പററി എന്തെങ്കിലും നല്ലകാര്യം എഴുതുവാൻ അവർക്കു സ്വാതന്ത്ര്യമില്ലെന്നും അദ്ദേഹം തട്ടിമൂളിച്ചു ബർമ്മാക്കാർക്കു ഈ കള്ളപ്രസ്താവന കേട്ട മൗനംദീക്ഷിക്കാൻ സാധിച്ചില്ല. അവിടത്തെ ഒരു ദിനപ്പത്രമായ "ട്രിബ്യൂൻ" ഈ പ്രസ്താവനയെ "ഭ്രാന്തുപിടിച്ചതും പരിഹാസ്യമായതു"മായ ഒന്നാണെന്നു പ്രഖ്യാപിക്കുകയും അതിനെ ശക്തിയായി വിമർശിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ അടിമത്തം അനുഭവിക്കുന്ന പത്രപ്രവർത്തകർ ആരാണെന്നു പ്രസ്തുത പത്രം ഇങ്ങനെ വിശകലനം ചെയ്തു:-

"മുതലാളിത്തരാജ്യങ്ങളിലെ പത്രപ്രവർത്തകർ അടിമകളാണെന്നും അവർ റഷ്യയെപ്പററി നല്ല കാര്യങ്ങൾ എന്തെങ്കിലും എഴുതാൻ ധൈര്യപ്പെടുകയില്ലെന്നും മററും ഷെഡഗോണിൽവച്ചു ക്രൂഷേവു് ചെയ്ത ഭ്രാന്തമായ ആരോപണം ഞങ്ങൾക്കു സഹിക്കുവാൻ സാധിക്കുന്നില്ല. ഇതു പരിഹാസ്യമായ ഒരാരോപണമാണു്. കള്ളൻ മററുള്ളവരെ കള്ളന്മാരെന്നു വിളിക്കുന്നതുപോലെയാണിതു്. ബർമ്മാ മുതലാളിത്തരാഷ്ട്രമല്ല. എന്നാൽ ഇവിടത്തെ പത്രപ്രവർത്തകർക്കു സ്വതന്ത്രമായി എഴുതാവുന്നതുപോലെ മുതലാളിത്തരാജ്യങ്ങളിലെ പത്രപ്രവർത്തകർക്കും സ്വതന്ത്രമായി എഴുതാവുന്നതാണു്. നിയമത്തിന്റെ അതിർത്തികൾക്കുള്ളിൽനിന്നുകൊണ്ടു് ആരേയും നിരൂപണം ചെയ്യാനവർക്കു സ്വാതന്ത്ര്യമുണ്ടു്. ഏതൊരു വീക്ഷണകോണത്തിൽനിന്നു നോക്കിയാലും സാക്ഷാൽ അടിമജേർണലിസ്റ്റുകൾ റഷ്യൻ ജേർണലിസ്റ്റുകളും അവിടത്തെ പത്രപ്രവർത്തകവൃന്ദവുമാണെന്നു കാണാവുന്നതാണു്. അവർ 1) ക്രൂഷേവിനെപ്പോലെയുള്ള ആളുകളെ ദിവസംതോറും പ്രസാദിപ്പിക്കണം, 2) ക്രൂഷേവിനെപ്പോലുള്ളവർ പറയുന്നതുമാത്രം പ്രസിദ്ധപ്പെടുത്തണം, 3) കമ്മ്യൂണിസ്റ്റ്-ഫാസിസ്റ്റ് പത്രസമുദായം ഒന്നുതന്നെയാണു്, 4) പാർട്ടി അംഗങ്ങൾക്കു മാത്രമേ പത്രം നടത്താവൂ 5) യാതൊരു പത്രത്തിനും ഗവമ്മേണ്ടിനെ വിമർശിക്കാൻ പാടില്ല, 6) ഏതെങ്കിലും വ്യക്തിയുടെ ഉടമയിൽ നടക്കുന്ന ഒററപ്പത്രംപോലും അവിടെയില്ല. ഈ ആരോപണങ്ങൾക്കു എന്തെങ്കിലും സമാധാനം പറയുവാൻ അവർക്കു കഴിയുമോ എന്നു പ്രസ്തുത പത്രം ധീരമായ ഒരു വെല്ലുവിളി നടത്തിയിരിക്കുകയാണു്.

ക്രൂഷേവിന്റെ ഉദ്ധൃതപ്രസ്താവന എത്ര വാസ്തവവിരുദ്ധവും സാഹസികവുമാണെന്നു ആർക്കും മനസ്സിലാക്കാവുന്നതാണു്. അദ്ദേഹം ബഹുമാനിക്കുകയും സേവിക്കുകയും ചെയ്തിരുന്ന കമ്മ്യൂണിസത്തിന്റെ നെടുംതൂണായ സ്റ്റാലിന്റെ വാക്കുകളെ ഓർത്തിട്ടെങ്കിലും അദ്ദേഹം ഈ പച്ചക്കള്ളം പറയേണ്ടതല്ലായിരുന്നു. സ്റ്റാലിൻ പ്രഖ്യാപിച്ചിരിക്കുന്നു റഷ്യയെപ്പററി:- "അദ്ധ്വാനിക്കുന്നവരുടെ സർവ്വാധിപത്യം (dictatorship of the proletariat) നിലനിൽക്കുന്നിടത്തോളംകാലം ഇവിടെ പത്രസ്വാതന്ത്ര്യമെന്നൊന്നില്ല, ഉണ്ടാകാൻ സാദ്ധ്യവുമല്ല. എല്ലാ വർഗ്ഗങ്ങളേയും സംതൃപ്തരാക്കാൻ, ആ വർഗ്ഗങ്ങൾക്കെല്ലാം അഭിപ്രായപ്രകടനസ്വാതന്ത്ര്യം നൽകാമെന്നു ഞങ്ങൾ ഏററിട്ടുമില്ല." ഇതാണു് യഥാർത്ഥത്തിൽ കമ്മ്യൂണിസ്റ്റ്ലോകത്തിലെ പത്രപ്രവർത്തനനിയമം. അതിനെ നേരെ തലകീഴ്മറിച്ചു കാണിച്ചു ബർമ്മാക്കാരേയും ലോകത്തെയും വഞ്ചിക്കാമെന്നു വിചാരിച്ച ക്രൂഷേവിന്റെ ഔദ്ധത്യം വിസ്മയാവഹംതന്നെ.

x x x

### ഇന്ത്യയിൽ ഒരു മേഘമറയെങ്കിലും അവരിട്ടുവോ?

സോവ്യററു തന്ത്രത്തിൽ "മറയിടൽ" വളരെ പ്രാധാന്യമർഹിക്കുന്ന ഒരു പരിപാടിയാണു്. ബലിഷ്ഠമായ ഇരുമ്പുമറയും അതിനു സൗകര്യപ്പെടാത്തിടത്തു മുളമറയും അതിനും സാധിക്കാത്തിടത്തു മേഘമറയെങ്കിലും ഇടുകയെന്നതാണു് അവരുടെ രാഷ്ട്രീയ കൈയടക്കലിന്റെയും നുഴഞ്ഞുകയററത്തിന്റെയും വിവിധപടികൾ. പൂർവ്വയൂറോപ്യൻ രാജ്യങ്ങൾ ഇന്നു ഇരുമ്പുമറയിൽപ്പെട്ടു നട്ടംതിരിഞ്ഞു നശിക്കുന്നു. ചൈന മുതലായ വിദൂരദേശങ്ങളിൽ മുളമറയാണു് നാട്ടിയിരിക്കുന്നതെന്നു പറയാം. ഇന്ത്യയുടെ പഞ്ചശീലത്തെ ഭംഗിക്കുവേണ്ടി അംഗീകരിച്ചും ഇന്ത്യൻരാഷ്ട്രവുമായി ഉടമ്പടികൾ കൈമാറിയും ഇപ്പോൾ ഒരു മേഘമറ വിരിക്കുന്നതിനുള്ള ബദ്ധപ്പാടിലാണു് സോവ്യററുനേതാക്കന്മാർ ശ്രദ്ധാലുക്കളായിരിക്കുന്നതു്. അവരുടെ പുതിയ ഇന്ത്യൻ പര്യടനത്തോടുകൂടി ഈ തിരസ്കരണി വളരെയധികം കനം പിടിച്ചിട്ടുണ്ടെന്നുള്ളതും വിശദമായ ഒരു വസ്തുതയാണു്. ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് ആദർശങ്ങൾ കഴിവുപോലെ കുത്തിവയ്ക്കുന്നതിനും, ഇന്ത്യയുടെ ക്ലേശനിവാരണത്തിനും സംവിധാനശ്രമങ്ങളെ കൈയയച്ചു സഹായിക്കുന്നതിനും സന്മനസ്സു പ്രകടിപ്പിച്ചിട്ടുള്ള പാശ്ചാത്യശക്തികളെ അപലപിച്ചു അവർക്കെതിരായ ഒരു മനസ്ഥിതി ഇവിടെ സംജാതമാക്കുന്നതിനും ഉദ്ദേശിച്ചു തന്നെയാവണം പ്രധാനമന്ത്രി ബുൾഗാനിനോടുകൂടി കമ്മ്യൂണിസ്റ്റ് പാർട്ടി ഒന്നാം സിക്രട്ടറി ക്രൂഷേവും സകല പരിപാടികളും മാററിവച്ചു ഇന്ത്യാസന്ദർശനത്തിനു സന്നദ്ധനായതു്. അദ്ദേഹം ഈ ഉദ്ദേശ്യസാദ്ധ്യത്തിനു കിണഞ്ഞു പരിശ്രമിക്കുകയും ചെയ്തിട്ടുണ്ടു്. റഷ്യയുടെ ഹൈഡ്റജൻ ബോംബു് പൊട്ടുന്ന നിമിഷത്തിൽപോലും ന്യൂക്ലിയർ ആയുധങ്ങളെ നിരോധിക്കണമെന്നു വാശിയോടുകൂടി പ്രസംഗിച്ച അദ്ദേഹത്തിന്റെ ആത്മാർത്ഥത അതിശയനീയമാണു്! പൂർവ്വയൂറോപ്യൻ രാജ്യങ്ങളെ ഒട്ടുമുക്കാലും ഉപഗ്രഹരാജ്യങ്ങളാക്കി ഇരിമ്പുമറയിട്ടു ഭദ്രമാക്കിയിരിക്കുന്ന റഷ്യ കൊളോണിയൽ മനോഭാവത്തെ നിശിതമായി വിമർശിക്കുന്നതു കേട്ടാൽ തോന്നും അതിന്റെ നിഷ്പക്ഷത എത്ര ആത്മാർത്ഥവും വിശാലവുമാണെന്നു്. കറപുരണ്ട ഒരു മനസ്സാക്ഷിയും—അങ്ങിനെ ഒന്നുണ്ടെങ്കിൽ—ചോര പുരണ്ട കരങ്ങളുമാണു് ഈ സ്വരത്തിനു പുറകിൽ നിലകൊള്ളുന്നതെന്നു ലോകംമറക്കണംപോലും! അതിഥികളായി വന്നവർ ഗോവാപ്രശ്നവിമർശനത്തെയും പശ്ചിമബ്ളോക്കിനെതിരായ പ്രചരണമാർഗ്ഗങ്ങളേയുംകൈകാര്യം ചെയ്തു മുതലെടുക്കാൻ ശ്രമിച്ചതു് ആതിഥ്യമര്യാദയനുസരിച്ചു് ഇന്ത്യാക്കാർ ക്ഷമിച്ചതാണെന്നു ഒരുപക്ഷെ അവർ മനസ്സിലാക്കിയിരിക്കുകയില്ല. ഒരു പരസ്പര സഹായ ഉടമ്പടിയും കൈമാറിയാണു് അവർ സംതൃപ്തരായി മടങ്ങിയിരിക്കുന്നതു്. ഇന്ത്യാ പരിപൂർണ്ണമായ നിഷ്പക്ഷത പാലിക്കുന്ന ഒരു രാജ്യമാണു്. യാതൊരു ബ്ളോക്കിലും പെടാതെ നിന്നു രാഷ്ട്രപുരോഗതിക്കും ലോകസമാധാനത്തിനും

# ക്രിസ്തുമസ് സന്ദേശം

(ഫാദർ തോമ്മസ്, മണക്കാട്ട്)


"അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ നല്ല മനസ്സുള്ളവർക്കു സമാധാനവും"

ക്രിസ്തുമസ്‌രാത്രിയിലെ നിശ്ശബ്ദാന്തരീക്ഷത്തിൽക്കൂടി ആകാശം മുഴുവൻ മാറൊലിക്കൊണ്ട ഒരു ദിവ്യസന്ദേശമാണതു്. ഉന്നതങ്ങളായ ഗിരിശൃംഗങ്ങളുടെ ഉച്ചികളിലും അഗാധങ്ങളായ താഴ്‌വരകളുടെ അടിയിലും വിസ്തൃതങ്ങളായ പാരാവാരങ്ങളുടെ മുകൾപ്പരപ്പിലും ഒരുപോലെ ആഞ്ഞടിച്ച ഒരു മഹാ ദൗത്യമാണതു്. വാനദൂതന്മാരാണ് ആ സന്ദേശവാഹകർ. ആ വിശിഷ്ട സന്ദേശത്തിന്റെ ആന്തരാർത്ഥം വിശിഷ്യാ ചിന്തനീയമാണ്.

സഹസ്രാബ്ദങ്ങൾക്കുമുമ്പ് സീനാമലയിൽവച്ച് മനുഷ്യവർഗ്ഗത്തിന്റെ ജീവിതാദർശമായി ദൈവം കല്പിച്ചുനൽകിയ ദശപ്രമാണങ്ങളുടെ സമാഹാരമാണ് ആ സന്ദേശത്തിന്റെ സാരാംശമെന്നു ഗ്രഹിക്കുവാൻ പ്രയാസമില്ല. സൃഷ്ടികളായ മനുഷ്യരിൽനിന്നും ദൈവഭക്തിയും സഹോദരസ്നേഹവുമാണ് സർവ്വപ്രധാനമായി ആ കല്പനകൾ ആവശ്യപ്പെടുന്നതു്. ആ പുരാതനകല്പനകളുടെ അനുസ്മരണമാണ് മനുഷ്യനായി അവതരിച്ച ദൈവപുത്രനും തന്റെ ജന്മദിനസന്ദേശത്തിൽ പ്രഖ്യാപനം ചെയ്യുന്നതു്. ശാന്തിക്കുവേണ്ടി അഹോരാത്രം ബദ്ധപ്പെടുന്ന മനുഷ്യവർഗ്ഗം ഇതേപ്പററി അവഗാഢം ചിന്തിക്കേണ്ടതാണ്.

ആധുനികലോകം അസമാധാനത്തിന്റെ അഗ്നികുണ്ഡത്തിൽ കിടന്നു് എരിയുകയാണ്. ആ ഗോളപര്യന്തം ഒരിടത്തും സമാധാനം കാണുന്നില്ല. സാമ്പത്തികമായ സമത്വം സംജാതമാകുമ്പോൾ ശാന്തി കിട്ടുമെന്നു് ഒരു കൂട്ടർ. ഉച്ചനീചത്വങ്ങൾ അടിച്ചുമാററപ്പെടുമ്പോൾ ഐശ്വര്യമുണ്ടാകുമെന്നു് മറൊരുകൂട്ടർ. മനുഷ്യസ്വാതന്ത്ര്യനിയന്ത്രണമാണ് അസമാധാനത്തിനു കാരണമെന്നു മററുചിലർ. ഇങ്ങനെ ലോകം ശാന്തിക്കുവേണ്ടി വെമ്പൽ കൊള്ളുകയാണ് വിശ്രമമില്ലാതെ. എന്നാൽ സാക്ഷാൽ സമാധാനത്തിന്റെ വിധാതാവും മനുഷ്യഹൃദയങ്ങളുടെ ആഴങ്ങളെപ്പോലും പരിശോധിക്കുന്നവനും ജഗൽഗുരുവുമായ ക്രിസ്തുവിന്റെ സന്ദേശത്തെ ആരും അത്ര കാര്യമായി പരിഗണിക്കുന്നില്ല. ആ എളിയ തൊഴുക്കൂട്ടിൽനിന്നു് എന്തു കിട്ടാനാണ്? ആ ദരിദ്രനും, ലോകാവഹേളിതനുമായ ക്രിസ്തുവിൽനിന്നു എന്തു ലഭിക്കാനാണ്? ഇതാണ് ചില ലോകമഹാവ്യക്തികൾക്കുപോലുമുള്ള വിചാരം! പക്ഷെ അവർ ചിന്തിക്കുന്നില്ല, ആ പുൽക്കൂട് രാജരാജമന്ദിരമാ

## പ്രഥമ ചരമവാർഷികം



എൽ. എം. ഫെരയ്‌ര
വരാപ്പുഴ
ജനനം 19- 6-1891
മരണം 26-12-1954
R. I. P.

ണെന്നും, ആ ലോകഭിക്ഷു അഖിലലോകനാഥനാണെന്നും. ആ കഴുവിൽ മരിച്ചവൻ സർവ്വലോകസ്രഷ്ടാവാണെന്നും. അതു പരമാർത്ഥമോ? അവർ ചോദിച്ചേക്കാം. അതെ, അതു ഒരു യാഥാർത്ഥ്യംതന്നെയാണ്. ഒരു ചരിത്രസത്യം. അവിടുത്തെ ജനനത്തിനുമുമ്പും ജനനംമുതൽ മരണംവരെയുമുള്ള വസ്തുതകൾ അവയ്ക്കു ഉത്തമസാക്ഷ്യം വഹിക്കുന്നുണ്ടു്. അവിടുന്നു ലോകരക്ഷാർത്ഥം ഒരു കന്യകയിൽനിന്നും ജനിക്കുമെന്നും ലോകരക്ഷകനെന്നു വിളിക്കപ്പെടുമെന്നും മററും അതിന്റെ സകല സാഹചര്യങ്ങളോടുംകൂടി 700 കൊല്ലങ്ങൾക്കുമുമ്പ് പ്രവചിക്കപ്പെട്ടിരുന്നു. അവയെല്ലാം അതേപ്രകാരംതന്നെ നിർവ്വഹിക്കപ്പെടുകയുംചെയ്തു. ജനനാവസരത്തിൽ സ്വർഗ്ഗത്തിൽനിന്നും വാനദൂതന്മാർ ഭൂമിയിലേക്കു ഇറങ്ങി ആ ദൗത്യം പ്രഖ്യാപനംചെയ്തു. പുതിയ ഒരു നക്ഷത്രം ജനനസൂചകമായി പ്രത്യക്ഷപ്പെട്ടു. ആദ്യം ആട്ടിടയർ അനന്തരം പൂർവ്വദിക്കിൽനിന്നും മൂന്നു രാജാക്കന്മാരും അവിടുത്തെ സന്ദർശിക്കയും കമ്പിട്ടാരാധിക്കയുംചെയ്തു. തുടർന്നുള്ള അവിടുത്തെ ലോകജീവിതത്തിൽ അവിടുന്നു പാപരഹിതനായി, പരോപകാരതല്പരനായി, പ്രാർത്ഥനാനിരതനായി, സർവ്വഗുണസമ്പന്നനായി ജീവിച്ചു. പ്രകൃതിശക്തികൾക്കതീതമായ അനേകം അത്ഭുതപ്രവർത്തനങ്ങൾകൊണ്ടു് തന്റെ ദൈവത്വത്തെ പ്രസ്പഷ്ടമാക്കി. കുരുടന്മാർക്ക് കാഴ്ചനൽകി, മുടന്തരെ നടത്തിവിട്ടു, മരിച്ചവരെ ഉയിർപ്പിച്ചു, അഞ്ചപ്പംകൊണ്ടു് അയ്യായിരംപേരെ തീററി തൃപ്തിപ്പെടുത്തി, കടലിനു മീതെക്കൂടി നടന്നു, ഇങ്ങനെ, ഇങ്ങനെ ദൈവത്തിനുമാത്രം ചെയ്യാവുന്ന അത്ഭുതപ്രവൃത്തനങ്ങളാൽ അവിടുന്നു ദൈവമാണെന്നു ലോകത്തെ ബോദ്ധ്യപ്പെടുത്തി. തന്റെ ഉപദേശാനുസരണമുള്ള മാതൃകാജീവിതംകൊണ്ടുമാത്രമേ ലോകശാന്തി കൈവരികയുള്ളുവെന്നു് അവിടുന്നു ശക്തിയുക്തം പ്രസ്താവിക്കയും ചെയ്തിട്ടുണ്ടു്. ആ ഉപദേശങ്ങളുടെ സമാഹാരമാണ് ക്രിസ്തുമസ്‌സന്ദേശം. ഹാ! മനുഷ്യവർഗ്ഗം അതു സ്വീകരിച്ചിരുന്നെങ്കിൽ.........

(1-ാംപേജു തുടർച്ച)

ത്തുള്ളികളിലും മലിനത ചേർക്കപ്പെടുന്നു! ആ ദിവ്യജ്യോതിസ്സിന്റെ മഹിമ മനസ്സിലാക്കാതെ. നാശഗർത്തത്തിൽ നിപതിച്ചിരിക്കുന്ന മനുഷ്യവംശം നശിക്കാതിരിക്കാൻ അങ്ങ് ഒന്നുകൂടി ഗോശാലയിൽ അവതരിച്ചാലും!

ദേവാ! രണ്ടായിരം കൊല്ലങ്ങൾക്കുമുൻപു്, അങ്ങ് അവതാരം ചെയ്ത ആ മോഹനനിശയിൽ. സ്വർഗ്ഗത്തിൽനിന്നും പറന്നുവന്നു തങ്ങളുടെ നാഥനെ പാടിസ്തുതിച്ച മാലാഖമാരോടൊപ്പം "ഉന്നതങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനവും" എന്നുള്ള സന്ദേശഗീതം ഏററുപാടുവാൻ ഞങ്ങളുടെ ഹൃദയങ്ങളെ സന്നദ്ധമാക്കിയാലും!

—o—

വേണ്ടി സേവനമനുഷ്ഠിക്കുകയാണ് അതിന്റെ ലക്ഷ്യം. പുതുതായി സ്വാതന്ത്ര്യം നേടിയിട്ടുള്ള ഒരു രാജ്യമാകയാൽ പ്രബലരാഷ്ട്രങ്ങളുടെ സഹായസഹകരണങ്ങൾ അതിന്റെ പുരോഗതിക്കു വളരെ ആവശ്യമാണ്. അതുകൊണ്ടാണ് ഇന്ത്യ പാശ്ചാത്യശക്തികളിൽനിന്നും പൗരസ്ത്യരാജ്യങ്ങളിൽനിന്നും സൗഹൃദപൂർവ്വകമായ സഹായസഹകരണങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നതു്. ഇന്ത്യയുടെ ഈ മൈത്രിബന്ധംകൊണ്ടു് പ്രസ്തുതരാഷ്ട്രങ്ങൾക്കും വളരെ ഗുണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടു്. ലോകസമാധാനത്തെ നിലനിർത്തുന്നതിൽ ഇന്ത്യയുടെ ധാർമ്മികശക്തി വളരെയധികം പ്രവർത്തിച്ചുപോരുന്നുണ്ടു്. അതുകൊണ്ടു ഇന്ത്യക്കു ചുററും ഒരു മേഘമറയിട്ടു ഇന്ത്യയെ കമ്മ്യൂണിസ്റ്റ് ചേരിയിലേക്കു ചേർക്കുന്നതിനാണ് റഷ്യയുടെ ശ്രമമെങ്കിൽ അതു ചെറുക്കപ്പെടേണ്ടതാണെന്നുള്ള വസ്തുത ഓരോ ഇന്ത്യൻ പൗരനും അനുസ്മരിച്ചു പ്രവർത്തിക്കണം. റഷ്യൻ ഇരുമ്പു വിലയ്ക്കു വാങ്ങുന്നതു ഇന്ത്യയ്ക്കാവശ്യമാണെങ്കിൽ വാങ്ങണം. അതു അമേരിക്കയുടേയോ ബ്രിട്ടന്റേയോ വാണിജ്യ ഉടമ്പടികളേയോ സഹായവാഗ്ദാനങ്ങളെയോ നിരാകരിക്കാനാവരുതു്. അവയുടെ നാളതുവരെയുള്ള സഹായസഹകരണങ്ങളോടു കൃതഘ്നത കാണിക്കുന്നതിനും അവയോടു ശത്രുത ഭാവിക്കുന്നതിനും ഈ ബന്ധം കാരണമാകരുതു്. അതു ഇന്ത്യയുടെ പാരമ്പര്യമല്ല. ഇങ്ങനെയുള്ള ചാക്കിട്ടു പിടിക്കുന്ന ഏർപ്പാടു ഇന്ത്യയിൽ നടപ്പില്ലെന്നു എല്ലാവരേയും ബോദ്ധ്യപ്പെടുത്തുന്നതിനു ഇതാണവസരം.

## അടുത്തയാഴ്ചയിൽ

ഡിസംബർ


22 വ്യാ: വി. മെൽക്കിയാദിസ്
23 വെ: വി. ദമാസോസ്
24 ശ: വി. തർസില്ലാ
25 ഞാ: ക്രിസ്തുവിന്റെ പിറവി
26 തി: വി. എസ്തപ്പാനോസ്
27 ചൊ: വി. യോഹന്നാൻ
28 ബു: കുഞ്ഞുപൈതങ്ങൾ

## വിനോദവേള

ജോൺ:- ഹേ മി. ജേക്കബ്, നിങ്ങൾ ഒരു പുതിയ പാചകയന്ത്രം വാങ്ങിയെന്നു കേട്ടല്ലോ. നിങ്ങളുടെ ഭാര്യ പറഞ്ഞല്ലോ, അതു വളരെ ആദായമുള്ള ഒരേർപ്പാടാണെന്നും ഒരു വേലക്കാരി ആവശ്യമില്ലാത്തതുകൊണ്ടു് നിങ്ങളുടെ വേലക്കാരിയെ പിരിച്ചുവിട്ടെന്നും.

ജേക്കബ്:- ശരിയാണ്. അങ്ങനെയെല്ലാം നടന്നു. പക്ഷേ യന്ത്രത്തിനു രണ്ടായിരം, അതു നടത്തുന്നതിനു ഡ്രൈവർക്കു മാസം 50. നിങ്ങൾതന്നെ കണക്കുകൂട്ടുക! എന്റെ ഭാര്യയുടെ ബഹളം തീർന്നു; അതാണാദായം.

X X X



ഇതിനെ എങ്ങോട്ടയക്കാനാണു കൊണ്ടിട്ടതാണാവോ!?

# പുൽക്കൂട്ടിലെ പൊന്നുണ്ണി

[വി. ഡി. ചാണ്ടി, രാമപുരം]

തെയ്യകം തെയ്യകം തെയ്യകം താരാ
തെയ്യക തെയ്യക തെയ്യകം താരാ

കണ്ണും കരളും കവരുന്നോരുണ്ണി!
വിണ്ണിന്റെ ഭംഗിയീ മണ്ണിൽവിളമ്പി
പിഞ്ചുകരവും പദവുമിളക്കി
പുഞ്ചിരി തൂകി കിടക്കുന്ന കണ്ടോ! തെയ്യകം

ലോകത്തിൽ പാപം തുടച്ചു മാററിടാൻ
ഓമൽക്കരങ്ങളിളക്കുകയാണ്.
നാശത്തിൻ ദുരശിരസ്സു തകർപ്പാൻ
ഈശാ നിൻ പാദങ്ങൾ വെമ്പുകയാണോ? തെയ്യകം

കീറത്തുണിപോലുമില്ലാഞ്ഞു പൈതൽ
ഏറും തണുപ്പാൽ വിറകൊണ്ടിടുന്നു
കൂറാർന്ന മാതാപിതാക്കൾക്കു ചിത്തം
നീറാതെ കാക്കുന്നാ പുഞ്ചിരിക്കൊഞ്ചൽ. തെയ്യകം

ധന്യയാം മേരിയും കാന്തൻ യൗസേപ്പും
പൊന്നുമ്മ വയ്ക്കുന്ന തങ്കക്കുടമാം
കന്യകാപുത്രന്റെ ദിവ്യകടാക്ഷം
പുണ്യപൂമാരി പൊഴിയുന്ന പോലെ തെയ്യകം

തേനിററു വീഴും പഴങ്ങൾ നിറഞ്ഞ
മുന്തിരിശാഖകൾക്കുള്ളിലിരുന്നു്
ആനന്ദഗാനം മുഴക്കുകയാണ്
വാനവരോടൊത്തു പൂങ്കുയിൽ വൃന്ദം തെയ്യകം

"ഉന്നതലോകത്തിൽ സർവ്വേശപരനു്
ഉന്നതമായ സ്തുതിയാർന്നിടട്ടെ
നന്മനസ്സുള്ള മനുജർക്കു പാരിൽ
തിന്മയകന്നു നൽ ശാന്തിയുണ്ടാകം." തെയ്യകം

## തിരുവനന്തപുരം മെത്രാപ്പോലീത്താ മടങ്ങി എത്തി

ആറുമാസത്തിലധികം കാലം പല പാശ്ചാത്യരാജ്യങ്ങളേയും സന്ദർശിച്ചശേഷം തിരുവനന്തപുരം മെത്രാപ്പോലീത്താ ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി ഡിസംബർ 14-ാംതീയതി ബുധനാഴ്ച സസുഖം തിരുവനന്തപുരത്തു തിരിച്ചെത്തിയിരിക്കുന്നു. തിരുമേനിയെ സ്വീകരിക്കുന്നതിനു തിരുവനന്തപുരം രൂപതയുടെ സഹായമെത്രാൻ റൈററ് റവ. ഡോക്ടർ പീററർ പെരെയിര, തിരുവനന്തപുരം അതിരൂപതാ അഡ്‌മിനിസ്ട്രേറർ, വികാരി ജനറാൾ മുതലായ വൈദികപ്രമുഖരും ഉദ്യോഗസ്ഥാനദ്യോഗസ്ഥന്മാരായ അൽമായപ്രധാനികളും അനേകായിരം ജനങ്ങളും വിമാനത്താവളത്തിൽ സന്നിഹിതരായിരുന്നു. അതിമെത്രാസനാരമനയിലേക്കുള്ള ആഘോഷമായ സ്വീകരണത്തിൽ അനേകം കാറുകൾ അകമ്പടി സേവിച്ചിരുന്നു. മാർഗ്ഗമദ്ധ്യേ സെന്റുമേരീസ് ഭദ്രാസന ദേവാലയത്തിൽ പ്രവേശിച്ചു തിരുമേനി പ്രാർത്ഥന നടത്തി. അരമനചാപ്പലിൽവച്ചു ലുത്തനിയാ ചൊല്ലുകയും അനന്തരം മാർ ഈവാനിയോസ് തിരുമനസ്സിലെ കബറിടത്തിൽ ധൂപപ്രാർത്ഥന നിർവ്വഹിക്കുകയും ഉണ്ടായി. തിരുമേനിയെ അനുമോദിക്കുന്നതിനുള്ള പൊതുയോഗം 2 മണിക്കു ഹൈസ്കൂൾ ഹാളിൽ ചേർന്നു. ശ്രീ മാത്യു മുരിക്കൻ, റവ. ഡോക്ടർ എൽ. എ. തോമസ്, ശ്രീ അലക്സാണ്ടർ മറനാനിക്കുഴി മുതലായവർ തിരുമേനിക്കു മംഗളമാശംസിച്ചു പ്രസംഗിച്ചു. റവ. ഫാദർ തോമസ് ഇഞ്ചെയ്ക്കലോടി രചിച്ചതായ മാർ ഈവാനിയോസിന്റെ ബൃഹത്തായ ജീവചരിത്രം ഗ്രന്ഥകാരൻ തിരുമേനിക്കു തിരുമുൽക്കാഴ്ചവച്ചു. തന്റെ പാശ്ചാത്യപര്യടനവിവരങ്ങളെ സംക്ഷിപ്തമായിവിവരിച്ചുകൊണ്ടും സ്വീകരണത്തിനു കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ടും തിരുമേനി മറുപടിപറഞ്ഞു. തിരുമേനിയുടെ യാത്രോദ്ദേശ്യം പ്രധാനമായി പരി: മാർപ്പാപ്പായെ സന്ദർശിച്ചു ഭക്ത്യാദരങ്ങൾ രേഖപ്പെടുത്തുക എന്നതായിരുന്നു. മാർപ്പാപ്പായുമായി തിരുമേനി നടത്തിയ കൂടിക്കാഴ്ച അത്യധികംവികാരതരളിതമായിരുന്നു. തിരുമേനി റോമിലെത്തിയ അവസരത്തിൽ ശരീരാസ്വാസ്ഥ്യംമൂലം സന്ദർശനപരിപാടികളെല്ലാം മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് റദ്ദ്ചെയ്തിരിക്കുകയായിരുന്നെങ്കിലും ഇന്ത്യയിൽനിന്നും തിരുവനന്തപുരംമെത്രാപ്പോലീത്താ വന്നിരിക്കുന്നു എന്നറിയിച്ചപ്പോൾ അടുത്ത ദിവസംതന്നെ സന്ദർശനത്തിനു സൗകര്യമുണ്ടാക്കുകയാണ് ചെയ്തതു്. മാർപ്പാപ്പാ തിരുമേനി ഇവിടത്തെ വിവരങ്ങളെല്ലാം കല്പിച്ചു ചോദിക്കുകയും പുനരൈക്യത്തിന്റെ വിവിധവശങ്ങളേയും വിശദമായി അന്വേഷിച്ചറിയുകയും ചെയ്തു. അവിടുത്തെ പൈതൃകസ്നേഹത്തിന്റെ ലക്ഷ്യമായി ചില സമ്മാനങ്ങൾ മെത്രാപ്പോലീത്താ തിരുമേനിക്കു നൽകുകയും തിരുമേനിയുമായി ഒന്നിച്ചുനിന്നു ഫോട്ടോ എടുക്കുകയും ഉണ്ടായി. തിരുമേനിയുടെ അമേരിക്കാ സന്ദർശനവും വളരെ ഹൃദ്യമായിരുന്നു എന്നും കേരളത്തിലെ പുനരൈക്യപ്രസ്ഥാനവും അതിന്റെ നേതൃത്വം വഹിച്ച മാർ ഈവാനിയോസും പശ്ചിമലോകത്തിനു ധാരാളം സുപരിചിതമായിരിക്കുന്നതായിട്ടാണ് തിരുമേനിക്കു മനസ്സിലാക്കാൻ കഴിഞ്ഞതെന്നും തിരുമേനി പ്രസ്താവിച്ചു. തിരുമനസ്സിലെ പര്യടനവും തിരുമേനിക്കു എല്ലാം സ്ഥലങ്ങളിലും ലഭിച്ച ഹൃദ്യമായ സ്വീകരണവും പുനരൈക്യപ്രസ്ഥാനത്തിന്റെ ശോഭനമായ ഭാവിക്കു മാററുകൂട്ടുന്നതിനു ഇടയാകട്ടെ.

—o—

## പ്രതിമാസഗ്രന്ഥക്ലബ്ബ്

യുവാക്കൾ വായിച്ചിരിക്കേണ്ട ഒരു ഗ്രന്ഥം

"ബ്രഹ്മചര്യവും യുവാക്കളും"

"അയച്ച 12 പ്രതികളും കൈപ്പററി. ഉടൻ 12 പ്രതികൾകൂടി അയക്കുക..."

വെ. റവ. മോൺ. കച്ചിറമററം
സെ. തോമസ്, ഹൈസ്കൂൾ

# മാർത്തോമ്മാദിനാഘോഷം

## ഇന്ത്യൻ പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ ഡൽഹിയിൽ

മാർത്തോമ്മാശ്ലീഹാ ഇന്ത്യയിൽ വന്നതിന്റെ 1903-ാം വാർഷികം ആഘോഷിക്കുന്നതിനു ന്യൂഡൽഹിയിൽ കോൺസ്റ്റിറ്റ്യൂഷൻ ക്ലബിൽവച്ചു ഇന്ത്യൻപ്രസിഡൻറു് ഡോക്ടർ രാജേന്ദ്രപ്രസാദ് അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ ഡിസമ്പർ 18-ാംനു ഒരു മഹായോഗം നടന്നിരിക്കുന്നു. യോഗത്തിൽ ആഭ്യന്തരമന്ത്രി പണ്ഡിററു് പാന്ത് മുതലായ യൂണിയൻമന്ത്രിമാരും, പല സ്റ്റേററുമന്ത്രിമാരും പാർലമെൻറുമെമ്പറന്മാരും, തിരുസഭാദ്ധ്യക്ഷന്മാരും, പ്രശസ്താതിഥികളും ഉൾപ്പെട്ടിരുന്നു. സി. പി. മാത്തൻ ആദിയായ ക്രൈസ്തവ എം. പി. മാരും സ്ഥലത്തെ പ്രമുഖ ക്രൈസ്തവനേതാക്കന്മാരുമാണ് ഈ ആഘോഷപരിപാടികളുടെ പ്രധാന വിധാതാക്കൾ. പ്രൗഢഗംഭീരമായ അദ്ധ്യക്ഷപ്രസംഗത്തിൽ വിവിധ മതങ്ങളോടുള്ള ഇന്ത്യയുടെ മനോഭാവത്തെ ഡോക്ടർ പ്രസാദ് അവർകൾ സുവിശദമായി ചർച്ചചെയ്യുകയും യഥാർത്ഥമായ മിഷനറിപ്രവർത്തനങ്ങളെ തടസ്സപ്പെടുത്തണമെന്നു ഈ രാജ്യത്തിൽ യാതൊരുത്തർക്കും ഉദ്ദേശ്യമില്ലെന്നു പ്രസ്താവിക്കുകയും ചെയ്തു. അദ്ദേഹം പറഞ്ഞു:- "ഇന്ത്യ ഒരു സെക്കലർ സ്റ്റേററാണ്. ഇവിടെ ഓരോരുത്തർക്കും അവരവർക്കു വിശ്വാസമുള്ള മതത്തെ അനുസരിക്കുന്നതിനും അതിനെ പ്രസംഗിക്കുന്നതിനുമുള്ള സ്വാതന്ത്ര്യമുണ്ട്. മതത്തേയൊ വിശ്വാസത്തേയൊ അടിസ്ഥാനമാക്കി ഇവിടെ യാതൊരു സമുദായത്തേയും വ്യത്യസ്തനിലയിൽ പരിഗണിക്കുന്നതല്ല. ഇന്ത്യയുടെ ഭരണഘടനതന്നെ എല്ലാ വിഭാഗങ്ങളോടും നീതിയായി വർത്തിക്കുന്നതിനു ഗവമ്മെൻറിനെ നിർബന്ധിക്കുന്നു."

ഭാരതത്തിന്റെ പാരമ്പര്യം അതിന്റെ ആതിഥ്യം ആവശ്യപ്പെടുന്നവർക്കെല്ലാം അതു നൽകുക എന്നതാണെന്നും, അതുകൊണ്ടാണ് എക്കാലത്തും വിവിധ മതപ്രചാരകന്മാരെ അതു യാതൊരു തടസ്സവും കൂടാതെ സ്വാഗതംചെയ്യുകയും ഇസ്ലാമികസിദ്ധന്മാരെ ഹിന്ദുക്കൾ ദൈവദൂതന്മാരോടൊപ്പം ബഹുമാനിക്കുകയും ചെയ്തുപോന്നിട്ടുള്ളതെന്നും അദ്ദേഹം പ്രസ്താവിച്ചു. ക്രിസ്തുമതം മഹത്തായ ഒരു മതമാണെന്നും മഹാത്മാഗാന്ധി ഹിന്ദുമതത്തോടെന്ന വണ്ണംതന്നെ ക്രിസ്തുമതത്തോടും കടപ്പെട്ടിരുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി. അദ്ദേഹം തുടർന്നു:- "ലോകത്തിലെ ആദ്യക്രിസ്ത്യാനികളിലൊരാളുടെനേർക്കുള്ള ബഹുമാനപ്രകടനത്തിനു ഇതുപോലെ പൊതുജനസ്വഭാവമുള്ള ഒരു സമ്മേളനം വിളിച്ചുകൂട്ടിയിരിക്കുന്നതു് അനുമോദനാർഹമായിരിക്കുന്നുണ്ട്. യൂറോപ്പിലുള്ള പല രാജ്യങ്ങളും ക്രിസ്തീയമല്ലാതിരുന്ന ഒരു കാലത്താണ് മാർത്തോമ്മാശ്ലീഹാ ഇന്ത്യയിൽ ആഗതനായതു്. അതുകൊണ്ട് അക്കാലത്തു ക്രിസ്ത്യാനികളായിത്തീർന്ന ഇന്ത്യാക്കാർക്കു മററു രാജ്യങ്ങളിലുള്ള ക്രിസ്ത്യാനികളേക്കാൾ പുരാതീനമായ ഒരു പാരമ്പര്യമാണുള്ളതു്. ഈ വസ്തുതയിൽ അവർക്കഭിമാനിക്കുന്നതിനവകാശമുണ്ട്. മഹത്തായ എല്ലാ മതങ്ങളും സഹിഷ്ണുതയേയും സേവനത്തേയും പ്രബോധിപ്പിക്കുന്നവയാണ്. ഈ തത്വങ്ങൾതന്നെയാണ് മഹാത്മാഗാന്ധിയും നമ്മെ പഠിപ്പിച്ചിട്ടുള്ളതു്. ഈ പഠനത്തിന്റെ ഫലമാണ് 200 കൊല്ലം ഇന്ത്യയെ ഭരിച്ചുകൊണ്ടിരുന്ന ബ്രിട്ടീഷുകാർക്കെതിരായി ഇന്നു യാതൊരു വിരോധമനസ്ഥിതിയും നമ്മിൽ അവശേഷിക്കാത്തതു്. എനിക്കുറപ്പപറയാൻകഴിയും, ബ്രിട്ടീഷുകാരുമായി നാമിടപെടുന്നതിനാരംഭിച്ചശേഷം കഴിഞ്ഞ 200 വർഷക്കാലത്തിനിടയിൽ അവരുമായി നമുക്കുള്ള സൗഹൃദബന്ധം ഇന്നത്തേതിൽ ഗാഢതരമായിരുന്നിട്ടുള്ള ഒരവസരം ഉണ്ടായിരുന്നില്ല എന്നു്."

ഇവിടത്തെ മിഷനറിപ്രവർത്തനങ്ങളെ പരാമർശിച്ചുകൊണ്ട്, ഇവിടെ മിഷനറിമാർക്കു മുമ്പുണ്ടായിരുന്നത്ര പ്രവർത്തനസ്വാതന്ത്ര്യമില്ല എന്നൊരു പരാതി ഉയർന്നിട്ടുണ്ടെന്നു അദ്ദേഹം സൂചിപ്പിച്ചു. "അവരുടെ സ്വാതന്ത്ര്യത്തെ കുറയ്ക്കുന്നതിനോ, യഥാർത്ഥമായ മിഷനറിപ്രവർത്തനത്തെ തടസ്സപ്പെടുത്തുന്നതിനോ ഇവിടെ ആർക്കും ഉദ്ദേശമില്ല. ക്രിസ്തുമതം പ്രസംഗിക്കുന്നതിനും ക്രിസ്തുവിന്റെ ജീവിതാദർശം ഇന്ത്യൻജനതയുടെ മുമ്പിൽ അവതരിപ്പിക്കുന്നതിനുമാണ് മിഷനറിമാരുടെ ലക്ഷ്യമെങ്കിൽ അങ്ങനെയുള്ള മിഷൻ ഇവിടെ സ്വാഗതാർഹമാണ്. ശരിയായ ഈ മാർഗ്ഗത്തിൽനിന്നു വ്യതിചലിക്കുന്നുവെന്നു ജനങ്ങൾ സംശയിക്കുമ്പോഴാണ് കുഴപ്പങ്ങൾ സംജാതമാകുന്നതു്. അതുകൊണ്ട് ജനങ്ങളിൽ സംശയം ഉളവാക്കുന്നതോ, ജനങ്ങൾക്കു പ്രതിഷേധമുള്ളതോ ആയ എല്ലാററിൽനിന്നും പ്രതിനിവർത്തിക്കേണ്ടതാണ്. ഞാൻ എന്റെ ജനങ്ങളോടും പറയുന്നു: എന്തെങ്കിലും അവർക്കു പ്രതിഷേധാർഹമായി തോന്നുകയാണെങ്കിൽ, അവർ ആദ്യമായി അവരിലേക്കുതന്നെ ഒന്നു സെർച്ചുലൈററടിച്ചു പരിശോധിക്കട്ടെ, അവരിൽതന്നെ എന്തെങ്കിലും പ്രതിഷേധാർഹമായി സ്ഥിതിചെയ്യുന്നുണ്ടോ എന്നു്."

ആഭ്യന്തരമന്ത്രി പണ്ഡിററു് പാന്തു് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ക്രിസ്തുമതത്തിന്റെ ആരംഭദശയിൽതന്നെ അതു ഇന്ത്യയിൽ പ്രചരിച്ചുവെന്നുള്ളതു് ഒരു യഥാർത്ഥ വസ്തുതയാണെന്നും, ക്രിസ്ത്യാനികൾ ഇന്ത്യയിൽ ഇന്നു ഹിന്ദുക്കളേയും മുഹമ്മദീയരേയും കഴിഞ്ഞു് ജനസംഖ്യയിൽ മൂന്നാമത്തെ വിഭാഗമാണെന്നും, ഇന്നു ഭാരതത്തിൽ വിവിധമതങ്ങൾ സുഭഗമായി പ്രചരിച്ചുകൊണ്ടിരിക്കുന്നതു് ഇന്ത്യൻജീവിതത്തിന്റെ ഒരു പ്രത്യേകതയായ സഹിഷ്ണുതാബോധത്തിനു പ്രകടമായ തെളിവാണെന്നും പ്രസ്താവിക്കുകയുണ്ടായി.

(5 ാംപേജ് തുടർച്ച)

ക്സും, മി. ഡേവിഡ് മാർഷലും കൂടി പുറപ്പെടുവിച്ചിരിക്കുന്ന ഒരു സംയുക്തപ്രസ്താവനയിലാണ് ഇതു പ്രസ്താവിച്ചിരിക്കുന്നതു്. സിംഗപ്പൂർ കോളനിയിലെ 12,00,000 ജനങ്ങൾക്കു ആഭ്യന്തരസ്വയംഭരണം നൽകുന്നതിനെപ്പററി കഴിഞ്ഞ ഒരാഴ്ചക്കാലമായി അവരിരുവരുംകൂടി ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. രണ്ടോ മൂന്നോ ആഴ്ച നീണ്ടുനിന്നേക്കാവുന്ന ഏപ്രിൽ സമ്മേളനത്തിന്റെ അജണ്ടാ താഴെ കാണുന്നതുപോലെയായിരിക്കും (1) ആഭ്യന്തരസ്വയംഭരണത്തിന്റെ നിർവചനം, (2) ആഭ്യന്തരസ്വയംഭരണം ഏർപ്പെടുത്തേണ്ട തിയതി, (3) നിയമനിർമ്മാണസഭയുടെ ഘടന, (4) പോലീസ് സർവ്വീസിന്റെ ഭാവി. (5) വിദേശബന്ധം, ആഭ്യന്തരസമാധാനം, സാമ്പത്തികസഹായം മുതലായ മററു കാര്യങ്ങൾ കഴിഞ്ഞ ഏപ്രിൽമാസത്തെ ഭരണപരിഷ്കാരമനുസരിച്ചു വളരെ പരിമിതമായ ആഭ്യന്തരസ്വയംഭരണമാണ് സിംഗപ്പൂരിനു് ഇപ്പോഴുള്ളതു്. നിയമനിർമ്മാണസഭയിൽ ഒന്നിലധികം ഭാഷകൾ ഉപയോഗിക്കണമെങ്കിൽ അതിനു അധികാരം നൽകുന്ന തരത്തിൽ ഭരണഘടനയിൽ ഭേദഗതിവരുത്തുന്നതാണെന്നു കൊളോണിയൽ സിക്രട്ടറി പ്രസ്താവിച്ചിരിക്കുന്നു. ലണ്ടനിൽവച്ചു നടത്തിയ ഒരു പ്രസ് കോൺഫറൻസിൽ, കോമൺവെൽത്തിലെ ഒരു ജൂനിയർ മെമ്പറായി തുടരുവാനാണ് സിംഗപ്പൂർ ആഗ്രഹിക്കുന്നതെന്നു മി. മാർഷൽ പറയുകയുണ്ടായി.

ബ: അൽഫോൻസാമ്മയുടെ സഹായത്താൽ മാറാതിരുന്ന സുഖക്കേട് തീരെ വിട്ടുമാറി.

എന്നു
മേനാച്ചേരി കുഞ്ഞിപ്പൈലോ
മറിയംകുട്ടി, മേലൂർ


ശുദ്ധീകരാത്മാക്കളുടെ

സ്മരണ

വില ഒരു പ്രതിക്കു 2 ണ മാത്രം

പോസ്റ്റേജുൾപ്പെടെ മൂന്നണ സ്റ്റാമ്പയച്ചപേക്ഷിക്കുക. പുസ്തകം തപാലിൽ അയച്ചുതരുന്നതാണ്.

100നു മേൽ മൊത്തമായി വാങ്ങുന്നവർക്കു 25% കമ്മീഷൻ

ആവശ്യപ്പെടേണ്ടും മേൽവിലാസം:-
മാനേജർ,
"മാർലൂയീസ് മെമ്മോറിയൽ പ്രസ്സ്" എറണാകുളം-1


# വിവിധവൃത്താന്തങ്ങൾ

## മാർപ്പാപ്പയുടെ ക്രിസ്മസ് സന്ദേശം

മാർപ്പാപ്പാതിരുമേനി ക്രിസ്മസ്ദിനം അർദ്ധരാത്രിയിൽ തന്റെ പ്രൈവററു് ചാപ്പലിൽ ദിവ്യപൂജ അർപ്പിക്കുന്നതാണ്. പരിശുദ്ധ പിതാവിന്റെ ക്രിസ്മസ് സന്ദേശം തലേദിവസം വത്തിക്കാൻ റേഡിയോയും മററു റേഡിയോകളും ലോകത്തിന്റെ എല്ലാ ഭാഗത്തേക്കും പ്രക്ഷേപണം ചെയ്യുന്നതായിരിക്കും.

## ഇററലിയിലെ ആവൃതജീവികളായ സന്യാസിനികൾ


ഇററലിയിൽ 580 മഠങ്ങളിലായി ആവൃതജീവിതം നയിക്കുന്ന 15,000 സന്യാസിനികളുണ്ട്. അവർ ബാഹ്യലോകവുമായുള്ള സമ്പർക്കം പാടെ ഉപേക്ഷിച്ച് പ്രാർത്ഥനയിലും തപശ്ചര്യകളിലും കൈവേലകളിലും ജീവിതം കഴിച്ചുകൂട്ടുകയാണ്. അവരുടെ ജീവിതമാർഗ്ഗം അവരുടെ കൈവേലകൊണ്ടുണ്ടാക്കുന്ന സാധനങ്ങളിൽനിന്നുള്ള വരുമാനമാണ്. കഴിഞ്ഞ യുദ്ധകാലംമുതൽ ഈ വരുമാനത്തിൽ വലിയ അധഃപ്പതനം വന്നുഭവിച്ചിരിക്കുന്നതുമൂലം പല മഠങ്ങളിലും അവർ കഷ്ടപ്പെടുന്നുണ്ട് അതെല്ലാം അവർ ലോകത്തിന്റെ പാപപ്പരിഹാരത്തിനായി സസന്തോഷം സഹിച്ചുപോരുന്നു. ഈ സന്യാസിനികളെപ്പററി നടത്തപ്പെട്ട ഒരു സ്ഥിതിവിവരപരിശോധനയിൽ അവരിൽ 53 ശതമാനവും വാർദ്ധക്യംകൊണ്ടും, രോഗംകൊണ്ടും യാതൊരു ജോലിയും ചെയ്യാൻ അപ്രാപ്തരാണെന്നും ബാക്കിയുള്ളവരുടെ കൈവേലയുടെ ഫലംകൊണ്ടുവേണം അവരും ജീവിക്കുവാൻ എന്നും കണ്ടിരിക്കുന്നു. കൈവേലകളാണെങ്കിലും ഉപകരണങ്ങളുടേയും അസംസ്കൃതവിഭവങ്ങളുടേയും കുറവുകൊണ്ടു നാമമാത്രമായിട്ടേ നടക്കുന്നുമുള്ളൂ. ഈ സ്ഥിതിഗതികളെ മനസ്സിലാക്കിയ ഇററാലിയൻജനത അവരുടെ "പ്രാർത്ഥനാനിരതരെ സഹായിക്കുന്നതിനുള്ള ഒരു പ്രത്യേകദിനം ആചരിക്കുകയും പിരിഞ്ഞുകിട്ടിയ പണംകൊണ്ടു തയ്യൽമിഷ്യനുകളും ലേസ്ജോലിക്കുവേണ്ട ഉപകരണങ്ങളും വാങ്ങി പല മഠങ്ങൾക്കും എത്തിച്ചുകൊടുക്കുകയും ചെയ്തു. രണ്ടുകൊല്ലമായി ഈ പരിപാടി ഉയർജ്ജിതത്തിൽ നടന്നുപോരുന്നു. തിരുസംഘം സിക്രട്ടേറിയററു് ഇതിനുവേണ്ട എല്ലാ ഒത്താശകളും ചെയ്തുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

## രണ്ടു മെത്രാന്മാർക്ക് ജർമ്മൻ ബഹുമതികൾ

പോണ്ടിഫിക്കൽ റിലിഫ് കമ്മിഷന്റേയും കാത്തലിക്കു ചാരിട്ടീസ് ഇൻറർനാഷനൽ കോൺഫറൻസിന്റേയും പ്രസിഡണ്ടായ മോൺ. ഫെർഡിനാൻറു ബാൾസെല്ലി തിരുമേനിക്കും, കാത്തലിക്ക് ചാരിട്ടീസ് ഇൻറർനാഷനൽ കോൺഫറൻസ് സിക്രട്ടറിയായ മോൺ. കാൾബേയർ തിരുമേനിക്കും "ഗ്രാൻറു് ക്രോസ് ഓഫ് ദി ഓർഡർ ഓഫ് മെരിററു്" എന്ന ബഹുമതിമുദ്രകൾ പശ്ചിമ ജർമ്മൻ ഗവമ്മേണ്ടു ദാനം ചെയ്തിരിക്കുന്നു. പരിശുദ്ധ സിംഹാസനത്തിലെ ജർമ്മൻ അമ്പാസിഡർ ഹെർവോഫ് ഗാംഗ് ജേനിക്കവർകളാണ് ഈ മുദ്രകൾ അവർക്കു സമ്മാനിച്ചതു്. യുദ്ധത്തടവുകാരേയും അഭയാർത്ഥികളേയും സഹായിക്കുന്നതിൽ തിരുമേനിമാർ പ്രകടിപ്പിച്ച ഉത്സാഹത്തേയും അവർക്കുവേണ്ടി അനുഷ്ഠിച്ച മഹത്തായ സേവനങ്ങളേയും അടിസ്ഥാനമാക്കിയാണ് ഈ ബഹുമതികൾ നൽകപ്പെട്ടതു്.

## സന്യാസിനീസഭകളുടെ പുരോഗമന പദ്ധതികൾ

ഇററലിയിൽ വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന 50 സന്യാസിനീസഭകളുടെ ശ്രേഷ്ഠകളായ 200 മദർസുപ്പീരിയർമാർ റോമിൽ "ദോമൂസ് മരിയെ" എന്ന ആശ്രമത്തിൽവച്ചു കഴിഞ്ഞ മാസത്തിൽ ഒരു കോൺഫറൻസു് നടത്തിയിരിക്കുന്നു. അവരുടെ സഭകളും ശാഖാമഠങ്ങളും ഏർപ്പെട്ടുകൊണ്ടിരിക്കുന്ന മതപരമായ പ്രവർത്തനങ്ങളേയും സന്യാസജീവിതപ്രശ്നങ്ങളേയുംപററി പഠിക്കുകയായിരുന്നു അവരുടെ സമ്മേളനോദ്ദേശ്യം. സന്യാസിനികളുടെ വേദശാസ്ത്രപഠനത്തെ ഉദ്ദേശിച്ചു നടത്തപ്പെടുന്ന സ്ഥാപനമാണ് റോമിലുള്ള "റെജീനാ മുൻദി" കലാലയം. അതിന്റെ പ്രവർത്തനത്തിന്റെ പ്രഥമവർഷത്തിൽ 24 രാജ്യങ്ങളിൽനിന്നും 58 വിവിധ സന്യാസിനീസമൂഹങ്ങളിൽപ്പെട്ട 170 പേർ വിദ്യാർത്ഥിനികളായിച്ചേർന്നുപഠിച്ചു. ഇപ്പോൾ സ്ഥാപനം അതിന്റെ രണ്ടാംകൊല്ലത്തെ കോഴ്സ് സമാരംഭിക്കുകയാണ്. സന്യാസിനികൾ മാത്രമല്ല അൽമായരായ വനിതകളും അതിൽ ചേർന്നു പഠിക്കുന്നുണ്ട്. ഈക്കൊല്ലം സന്യാസിനികളല്ലാത്ത 12 പേർ ചേർന്നിട്ടുണ്ട്. സ്ഥാപനത്തിൽ ആകെ 41 പ്രൊഫസറന്മാർ ഉണ്ട്. അവരിൽ രണ്ടുപേർ ഒഴിച്ചു ബാക്കിയുള്ളവരെല്ലാം ഓരോ സഭാംഗങ്ങളായ സന്യാസികളാണ്. ഫ്രഞ്ച്, ഇററാലിയൻ, ഇംഗ്ലീഷ്, സ്പാനിഷ് എന്നീഭാഷകളിൽ പഠനം നിർവ്വഹിക്കുന്നതിനു സൗകര്യങ്ങളുണ്ട്. മദർ മാഗ്ഡലൻ ബെല്ലാസിസ് എന്ന ഇംഗ്ലീഷ് ഉർസുലൈൻ സന്യാസിനിയാണ് കലാലയത്തിന്റെ ഡീൻ. ഒരു ജെസ്യൂററു് വൈദികൻ പ്രസിഡന്റുസ്ഥാനം അലങ്കരിക്കുന്നു.



## ചെറുകഥ

# "സൗന്ദര്യത്തിന്റെ ഉറവ"

(അരയ്ക്കൽ ഡി.)

അവൾ അഴകുള്ളവളാണ്. പക്ഷെ ആദ്യം എനിക്കാ അഭിപ്രായം ഉണ്ടായിരുന്നില്ല. ഞങ്ങൾ ബാല്യകാലസഖികളാണ്.

ഈ പ്രപഞ്ചം സുന്ദരകേദാരമാണ്. നീലാകാശത്തേയും വെള്ളമേഘത്തേയും വളരെ കൗതുകത്തോടെ ഞാൻ വീക്ഷിച്ചു. അവയെ നോക്കിയിരിക്കുക എത്ര ആനന്ദപ്രദമാണ്. കുതിച്ചുചാടി ഒഴുകിയോടുന്ന ആ തോട് എന്നെ എത്രതവണയാണ് പിടിച്ചു നിറുത്തിയിട്ടുള്ളത്. മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങൾ എന്നെനോക്കി പുഞ്ചിരിതൂകുന്നുവെന്നാണ് ഞാൻ കരുതിയിരുന്നത്. അരുണിമ പകർന്നുകൊണ്ട് അന്ധകാരത്തിൽ നിന്നുയിർത്തെഴുന്നേല്ക്കുന്ന ബാലാർക്കന് എന്തു സൗന്ദര്യമാണ്. പച്ചപിടിച്ച വയലുകൾ; പറന്നകലുന്ന പറവകൾ; പാറിപ്പറക്കുന്ന പൂമ്പാറ്റകൾ; പുഞ്ചിരി തൂകുന്ന പൂക്കൾ; മഞ്ഞനിറത്തിലുള്ള പഴുത്ത പഴങ്ങൾ; പുൽക്കൊടികൾ; മഴ; മഞ്ഞ്; എങ്ങും സൗന്ദര്യത്തിന്റെ പ്രദർശനശാലകൾമാത്രം. എന്റെ ഹൃദയം താനെ വികസിച്ചു എന്തൊരു ഭംഗി. എന്തൊരാഹ്ളാദം.

മനുഷ്യൻ — സൗന്ദര്യത്തിന്റെ നിറകുടം. സംക്ഷിപ്ത സൗന്ദര്യപ്രപഞ്ചം.

കൊച്ചുകുട്ടികൾ, എത്ര മനോഹരമാണ്. ബാല്യത്തിന്റെ നിഷ്കളങ്കത പ്രതിഫലിക്കുന്ന പ്രസന്നവദനങ്ങൾ; ശോഭിക്കുന്ന മുഖങ്ങൾ; തിളങ്ങുന്ന കണ്ണുകൾ; എല്ലാവരും സുന്ദരന്മാർ. എന്തൊരു ലോകം, എന്തൊരു സൗന്ദര്യം!

എല്ലാവരും സൗന്ദര്യമുള്ളവരാണോ? എനിക്കു തീരുമാനിക്കാൻ കഴിഞ്ഞില്ല. ഞാൻ കണ്ണാടിയിൽ നോക്കി. എനിക്കു സൗന്ദര്യമുണ്ടോ. ഇല്ലേ? ആവോ. ഒന്നും തീരുമാനിക്കാൻ എനിക്കു കഴിഞ്ഞില്ല. എനിക്കു സൗന്ദര്യമില്ലായിരിക്കാം. വേണ്ട. ഉണ്ടായാൽ എനിക്കെന്തു പ്രയോജനം. എന്റെ ചുറ്റുപാടുമുള്ളവർക്കാർക്കുമില്ല. ആർക്കും സൗന്ദര്യമില്ല. അങ്ങുമിങ്ങുമൊക്കെ സൗന്ദര്യധാമങ്ങളുണ്ട്. പക്ഷെ എനിക്കും എന്റെ കൂട്ടുകാരായവർക്കുംമാത്രം ഭംഗിയില്ല. പ്രകൃതിയുടെ വികൃതി. എനിക്കു പ്രതിഷേധിക്കണമെന്നുണ്ടായിരുന്നു ആരോട്? അവൾക്കും സൗന്ദര്യമില്ലേ? എനിക്കു സംശയമായി; ജിജ്ഞാസയായി; ഇല്ലായിരിക്കാം. പക്ഷെ ഈ പ്രപഞ്ചം സുന്ദരകേദാരമാണ്.

അവൾക്കു സൗന്ദര്യമില്ലേ? ഇല്ല. സ്വർണ്ണച്ചെയിനും പട്ടുബ്ളൗസും അവൾക്കില്ല. അതുകൊണ്ടവൾ സൗന്ദര്യവതിയല്ല. അങ്ങനെയാണോ? എനിക്കറിയില്ല പക്ഷെ ആ മജിസ്ട്രേട്ടിന്റെ മകളും, ആ പ്രഭുവിന്റെ പുത്രിയും സുന്ദരികളാണ്.

മാറത്തുനില്ക്കുന്ന മല്ലിക്കു് സുഗന്ധമോ, സൗരഭ്യമോ ഇല്ല. അങ്ങകലെ ആകാശത്തിന്റെ നീലിമയിൽ അലിഞ്ഞുചേർന്നിരിക്കുന്ന ആ പർവ്വതപംക്തികൾക്ക് എന്തൊരു ഭംഗിയാണ്. അവൾക്കു സൗന്ദര്യമില്ലേ?

ജിജ്ഞാസയോടെ ഞാനവളെ നോക്കി. ആ കൊച്ചുബാലിക അന്നെന്നെ തുറിച്ചുനോക്കി. എന്നിട്ട് സാധാരണപോലെ ഒന്നു പുഞ്ചിരിതൂകി. ഞാനും ചിരിച്ചു.

അവൾ കളിക്കു വട്ടം കൂട്ടുകയാണ്.

അല്പം ഭംഗി അവൾക്കുമുണ്ട്. ഞാനവളെ വീണ്ടും നോക്കി അവൾ സ്ലേറ്റിൽ പൂജ്യമിട്ടു കൂട്ടുകയായിരുന്നു

"ഉം........" "വെട്ടിട്ട്" കളിക്കാൻ അവളെന്നെ വിളിച്ചു ഇടയ്ക്കിടെ ഞാനവളെ നിരീക്ഷിക്കുന്നുണ്ടായിരുന്നു. "എന്താണ്, ജോണിച്ചേട്ടൻ കളിക്കുന്നില്ലേ?"

"കളിക്കാം." പുഞ്ചിരിച്ചുകൊണ്ട് രണ്ടു പൂജ്യങ്ങളെ വരയിട്ടു യോജിപ്പിച്ച് ഞാനവൾക്കൊരു "കടംവെച്ചു." കളിയിൽ ഞങ്ങൾ ഏർപ്പെട്ടു

ഞങ്ങൾ വളരുകയായിരുന്നു. അവളെ കാണുമ്പോൾ എന്റെ തല താനേ താഴ്ന്നുപോകുന്നു. അവൾ മുഖം വെട്ടിക്കുന്നു. എന്തിന്? എന്തുകൊണ്ട്? എനിക്കുത്തരം കിട്ടിയില്ല.

ഓ! അവളോടു സംസാരിച്ചിട്ടു എത്ര നാളുകൾ കഴിഞ്ഞിരിക്കുന്നു. അടുത്തു അവസരംകിട്ടുമ്പോൾ അവളോടു സംസാരിക്കണം. ഞാൻ തീരുമാനിച്ചു.

പ്രപഞ്ചത്തിന്റെ ഈ സൗന്ദര്യം എങ്ങനെയുണ്ടായി? ഇതു പൊട്ടിയൊലിക്കുന്ന ഉറവ എവിടെയാണ്. അതെത്ര സുന്ദരമായിരിക്കും. ഒരുപക്ഷെ അതു ഭാവനയ്ക്കപ്പുറത്തുള്ളതായിരിക്കും. എങ്കിലും എനിക്കതു കാണണം; ആസ്വദിക്കണം; അതിൽ അലിഞ്ഞുചേരണം; എവിടെയാണത്; എനിക്കു തിടുക്കം വർദ്ധിച്ചു.

അന്നൊരുദിവസം അവൾ എന്റെയടുക്കൽ വന്നു. മന്ദഹസിച്ചുകൊണ്ട് ഞാനവളെ സ്വാഗതം ചെയ്തു ഞാനറിയാതെ പറഞ്ഞുപോയി, "നിനക്കു സൗന്ദര്യമുണ്ട്......"

അവൾ ശബ്ദിച്ചില്ല അവൾ എന്തോ ചിന്തിക്കുന്നതുപോലെ എനിക്കു തോന്നി. അവൾ കണ്ണുവെട്ടിച്ച് മൗനമായിനിന്നു. പിന്നെ പുഞ്ചിരിതൂകിക്കൊണ്ട് മെല്ലെ മെല്ലെ പറഞ്ഞു: "ഞാൻ മഠത്തിൽ പോകയാ." ഹൃദയത്തിൽ ഒരു ഞെട്ടൽ എനിക്കനുഭവപ്പെട്ടു. അവൾ പോവുകയാണ്.

"അവിടെ മുഴുവൻ സൗന്ദര്യമാണോ?" എന്നു ചോദിച്ചുപോയതു് ഞാനറിഞ്ഞില്ല.

"ജോണിച്ചേട്ടനെന്താ......ഭ്രാന്തുണ്ടോ......?"

ഞാൻ എന്നിലേക്കുതന്നെ തിരിച്ചുവന്നു. "ഓ..." എന്തുകൊണ്ടോ അതു ചോദിക്കേണ്ടായിരുന്നില്ലായെന്നു എനിക്കു തോന്നിപ്പോയി.

ചിന്തിച്ചുകൊണ്ടവൾ പറഞ്ഞു: "അതെ, സൗന്ദര്യത്തിന്റെ ഉറവ അവിടെയാണ്......"

"എന്നാൽ ഞാനും പോരുന്നുണ്ട്......" ഞാൻ പറഞ്ഞു.

"അതിനുള്ള സ്ഥലം വേറെയാണ്......സെമ്മിനാരി.... ഞാൻ പോകട്ടെ." പുഞ്ചിരിതൂകിക്കൊണ്ട് അവൾ പെട്ടെന്നു മറഞ്ഞു

"സൗന്ദര്യത്തിന്റെ ഉറവ അവിടെയാണ്." അതെവിടെയാണ്? ഞാൻ ചിന്തിച്ചു. അഴകുള്ളവളാണ് റോസി. അവൾ സൗന്ദര്യത്തിന്റെ ഉറവയന്വേഷിച്ചുപോയി.

പ്രപഞ്ചം സുന്ദരകേദാരമാണ്. അപ്പോൾ അതിന്റെ സ്രഷ്ടാവോ! എനിക്കാ ഉറവയിൽ അലിഞ്ഞുചേരണം. "അതിനുള്ള സ്ഥലം വേറെയാണ്......സെമ്മിനാരി......" ഞാൻ അൾത്താരയിലേക്കു നോക്കി. അവിടെ എന്തൊരു അഴകാണ്. എന്തോ ദിവ്യമായ ഒന്ന് അവിടെയുണ്ട്. അതെന്താണ്? ഓ! എനിക്കറിയാം. വൈദികൻ ദിവസവും എടുത്തുയർത്തുന്ന "ആ സ്വർഗ്ഗീയ അപ്പം!" മനുഷ്യർ ആ സൗന്ദര്യത്തിൽ അലിഞ്ഞുചേരുകയാണ്. ഞാൻ ദിവസവും ദിവ്യബലിയിൽ സംബന്ധിച്ചു എന്റെ ഹൃദയം തുടിച്ചു

അവിടെ സൗന്ദര്യത്തിന്റെ പ്രവാഹമാണ്. ആ അൾത്താരയിൽ പ്രവേശിക്കുന്നവർ ഭാഗ്യവാന്മാരാണ്. എന്തുകൊണ്ട് എനിക്കും ആയിക്കൂടാ? അതെ അവിടെ സൗന്ദര്യത്തിന്റെ പ്രവാഹമാണ്. അവിടെ ഒരു ദിവ്യതേജസ്സുണ്ട്. അഭൗമമായ എന്തൊരു അഴകാണവിടെ. എത്ര മനോഹരം! എനിക്കതിൽ അലിഞ്ഞുചേരണം.

ഞാനും യാത്രയായി. എല്ലാവരോടും യാത്രപറഞ്ഞു. ഞാനെന്റെ കളിത്തോഴിയുടെ വീട്ടിലും ചെന്നു. "ഞാൻ സെമ്മിനാരിയിലേക്കു പോവുകയാണ്......" അവർ പുഞ്ചിരിതൂകി. പക്ഷെ അവളുടെ മനോഹരമായ മന്ദഹാസം മാത്രം കണ്ടില്ല; അവൾ പോയിരിക്കയാണല്ലോ.

കൊല്ലങ്ങൾ പലതുകഴിഞ്ഞു അന്നു ഞാൻ പള്ളിമുറിയിൽ കാനോനനമസ്കാരം ചൊല്ലുകയായിരുന്നു. ആരോ വാതിലിൽ മുട്ടുന്നതുകേട്ട് ഞാൻ വാതിൽതുറന്നു അതാ വന്നിരിക്കുന്നു, ഒരു റവറന്റ് സിസ്റ്റർ സിസ്റ്റർ പുഞ്ചിരിതൂകി. അതു് ഹൃദയത്തിന്റെ അഗാധതയിൽനിന്നായിരുന്നെന്ന് എനിക്കു മനസ്സിലായി എന്നിട്ട് അർത്ഥഗർഭമായി പറഞ്ഞു: "ഒരച്ചനാകുമെന്നു ഞാൻ കരുതിയില്ല. ദൈവത്തിനു സ്തുതിയായിരിക്കട്ടെ" കുറേനേരം ഞങ്ങൾ സംസാരിച്ചു. സൗന്ദര്യത്തിന്റെ ഉറവയെ ആസ്വദിച്ച ഞങ്ങൾക്കു പലതും പറയുവാനുണ്ടായിരുന്നു.

അപ്പോൾ എനിക്കു ബോദ്ധ്യമായി, അവൾ വളരെ കൂടുതൽ അഴകുള്ളവളാണെന്നു്.

---

തിരുക്കുടുംബത്തിന്റെയും, വി. ഫിലോമിനാമ്മയുടെയും, വി. യൂദാശ്ലീഹായുടേയും സഹായത്താൽ ഇക്കഴിഞ്ഞ സ്കൂൾ ഫൈനൽ പരീക്ഷയിൽ പാസ്സായതിനു് ഹൃദയംനിറഞ്ഞ നന്ദി പ്രകടിപ്പിച്ചുകൊള്ളുന്നു.

P. T. Annakutty,
Maryland

---


തൈക്കാട്ട് മൂസ്സ് വക

ഇ. ടി. എം. വൈദ്യശാല

ബ്രാഞ്ച്:— ആലുവാ റെയിൽവേസ്റ്റേഷനു സമീപം.

എല്ലാ വ്യാഴാഴ്ചയും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണിവരെ

ഡി. എ. മൂസ്സ് അവർകൾ

വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്.


# മനുഷ്യത്വം ഇതു തന്നെയോ?

(റവ. എം. കുര്യാക്കോസ് ബി. എ.)

"അമ്മാ! പശിക്കിണേ. വല്ലോം തരണേ" എന്ന ദീനസ്വരം മതിൽക്കെട്ടിനു പുറത്തു കേൾക്കുമ്പോൾ പട്ടിൽ പൊതിഞ്ഞു് പൊന്നിൽ പൂശി, സംതൃപ്തിയുടെ ഏമ്പക്കവും വിട്ടുകൊണ്ടു് തിണ്ണയിലിറങ്ങിയ കുടുംബനായിക "ഇവിടൊന്നുമില്ലടാ, പോടാ" എന്നു് ആക്രോശിക്കുന്നതു് മനുഷ്യത്വമാണോ? ആഴ്ചവട്ടം മുഴുവൻ എല്ലുമുറിയെ പണിയെടുത്തു് തന്റെ ചോരയുടെ വില വാങ്ങുവാൻ—ശനിയാഴ്ച വൈകുന്നേരം കൈക്കുമ്പിളുകാണിക്കുന്ന കൂലിപ്പണിക്കാരനെ കണ്ണുരുട്ടിക്കാണിച്ചു കുറപ്പെടുത്തുന്നതും, അയൽക്കാരന്റെ അതിർത്തിക്കല്ലിനു് സ്ഥലം മാറ്റം അനുവദിക്കുന്നതും മനുഷ്യത്വമോ? ബസ്സിൽ യാത്ര ചെയ്യുന്ന അവസരങ്ങളിൽ ഒരാൾ ദേഹത്തൊന്നു് തട്ടിയതിനു് "അണപ്പൂട്ടടിച്ചു്" താഴത്തിടുമെന്നു് ഉൽഘോഷിച്ചുകൊണ്ടു കൈചുരുട്ടി അടുക്കുന്നതു് മനുഷ്യത്വത്തിന്റെ ബഹിർസ്ഫുരണമാണോ? വിരുന്നു വച്ചിട്ടു് ഹോട്ടലിലെ എച്ചിൽക്കുഴിയിൽ കിള്ളിപ്പെട്ടികളുമായി മൽപ്പിടുത്തം നടത്തുന്ന "തെണ്ടി"കളെ (ആ പേരു് ഉപയോഗിക്കേണ്ടിവന്നതിൽ ഖേദമുണ്ടു്) ആട്ടിയോടിക്കുന്നതും മനുഷ്യത്വംതന്നെയോ? പത്തും പതിനഞ്ചും സംവത്സരക്കാലത്തോളം അടിയാന്മാരായി കഴിഞ്ഞുകൂടിയതിന്റെശേഷം വെറും കൈയോടെ പിള്ളരെയും പിറുങ്ങിണിയേയും കെട്ടിപ്പെറുക്കി ഒരു സുപ്രഭാതത്തിൽ തെരുവിലേക്കു തിരിക്കേണ്ടിവരുന്നതിനു് ഉത്തരവാദികളായ വിത്തവാന്മാരുടെ അന്തരംഗത്തിലെ അനുഭൂതിയും മനുഷ്യത്വംതന്നെയാണോ? ഇതൊന്നും മനുഷ്യത്വമല്ല, മൃഗീയത്വമാണെന്നു് ഏവരും സമ്മതിക്കും.

"സാറേ! ദൈവഗുണമുള്ള സാറേ! ഈ പൊട്ടക്കണ്ണനു വല്ലോം കൊടുത്തേച്ചുപോണെ." "അയ്യോ! വല്ലോം കൊടയ്യോ, പാവമാണയ്യോ!" എന്നീ പരമദയനീയമായ കരളലിയിക്കുന്ന അഭ്യർത്ഥനകളെ ആദരിച്ചു് "ശല്യമൊഴിയട്ടെ" എന്നു കരുതി എറിഞ്ഞുകൊടുക്കുന്ന "ഓട്ടമുക്കാൽ" (കാലണ) മനുഷ്യത്വത്തെ പ്രകടമാക്കുന്നതാണോ? "ഇപ്പഴത്തെ കാലം ചള്ളാ അതുകൊണ്ടു് അവനു വല്ലോം കൊടുത്തു നമ്മുടെ തെരക്കൊഴിവാക്കിവിട്ടേക്കാ"മെന്നു കരുതുന്നതും മനുഷ്യത്വമാണോ? അലക്കിത്തേച്ചു വടിപോലിരിക്കുന്ന മുണ്ടും ഷർട്ടും ധരിച്ച യോഗ്യന്മാരെ കാണുമ്പോഴുള്ള "വെളുവെളെ"യുള്ള ആ ചിരിയും കീറിപ്പറിഞ്ഞ വേഷവിധാനങ്ങളോടുകൂടിയ പാവപ്പെട്ട പരിചയക്കാരുടെ നേരെ വേണമെന്നുവച്ചുള്ള കിറികോട്ടിയുള്ള ആ പുഞ്ചിരിയും മനുഷ്യത്വമാണോ? ഈവിധ പ്രവൃത്തികളൊന്നും മനുഷ്യത്വമല്ലെന്നു് ചിലരെല്ലാം വാദിക്കുമെങ്കിലും ഇവയെല്ലാം മനുഷ്യത്വമായി മാനിച്ചാചരിച്ചു പോരുന്ന മനുഷ്യരെ നാം ധാരാളം കണ്ടുമുട്ടിയിട്ടുണ്ടാവും.

ഇനി, മനുഷ്യത്വമെന്താണ്? മനുഷ്യത്വം ഒരു ബാഹ്യാചാരമല്ല സത്യം, സ്നേഹം മുതലായ ഗുണങ്ങളെപ്പോലെ മനുഷ്യത്വവും മനസ്സിന്റെ ഒരു അനുഭവവിശേഷമാണ്— സ്ഥിതിവിശേഷമാണ്. ഒരു സാധുവിനെ നാം കാണുമ്പോൾ മനുഷ്യനായ അവന്റെ ദയനീയമായ അവസ്ഥയെപ്പററി നമ്മിലുളവാകുന്ന ബോദ്ധ്യത്തിൽനിന്നു് ഉടലെടുക്കുന്ന സഹതാപാർദ്രമായ മാനുഷ്യത്വമെന്നു് നാമകരണം ചെയ്യാം. ആ സഹതാപം പ്രവൃത്തിയാൽ പൂർത്തീകരിക്കപ്പെടണമെന്നു് നിർബന്ധമില്ല. പാവത്തിനു് കാശു് എറിഞ്ഞുകൊടുക്കുന്നതിലും, മററു സാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ നാം മനസ്സില്ലാമനസ്സോടുകൂടി ധിക്കാരപൂർവ്വം ചെയ്യുന്ന സഹായങ്ങളിലും പ്രവർത്തനം ഉണ്ടു്. പക്ഷെ ആ പ്രവർത്തനത്തിന്റെ ഹേതുഭൂതരിൽ മനുഷ്യത്വത്തിനു സ്ഥാനമില്ല. നമ്മുടെ ദൈനംദിന ജീവിതത്തിൽ പലേ പരോപകാരപ്രവൃത്തികളും നാം ചെയ്യുന്നുണ്ടു്. നമ്മിലെത്രപേരുടെ ചിന്താവേദിയിൽ അപ്പോൾ മനുഷ്യത്വത്തിനു സ്ഥാനമുണ്ടു്. വളരെ വിരളമായേ നമ്മുടെ മനസ്സിൽ "അവരും മനുഷ്യരാണു്" എന്ന ഓർമ്മ പൊന്തിവരാറുള്ളൂ.

മനുഷ്യനെപ്പററി കൂടുതൽ കൂടുതലായി ചിന്തിക്കുകയും, മനുഷ്യത്വത്താൽ മാത്രം പ്രേരിതരായി പ്രവർത്തിക്കുവാൻ ആരംഭിക്കുകയും ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. "സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം" എന്ന മുദ്രാവാക്യം തൊണ്ടകീറെ മുഴക്കിക്കൊണ്ടു് നാട്ടനിളെ നയിക്കപ്പെടുന്ന ജാഥകളുടെ നേതാക്കന്മാർ പോലും സമത്വസ്വാതന്ത്ര്യസാഹോദര്യങ്ങളെപ്പററി ആത്മാർത്ഥമായി ചിന്തിച്ചിട്ടുണ്ടോ എന്നു സംശയമാണ്. മനുഷ്യർ എല്ലാം സമന്മാരാണ് (All men are equal) എന്ന പ്രസ്താവന വ്യാജമായിനമുക്കുതോന്നാം. ലോകത്തിൽഏതെങ്കിലുംഅവസ്ഥയിൽ സമന്മാരായി—ശാരീരികശക്തികളിലോ, മാനസികകഴിവുകളിലോ തുല്യതയുള്ളവരായി രണ്ടു മനുഷ്യരെപ്പോലും കണ്ടുകിട്ടുവാൻ കഴിയുകയില്ല. മനുഷ്യരെല്ലാം മനുഷ്യത്വത്തിൽ മനുഷ്യരാണ് (All are equally men) എന്ന ഒരുസംഗതിയിൽമാത്രം സമന്മാരാണ്. മനുഷ്യനെ മററു ജന്തുജാലങ്ങളിൽനിന്നും വേർതിരിക്കുന്നതും ഈ മനുഷ്യത്വം തന്നെയാണ്. ഒരു പൂച്ചയെയോ, പട്ടിയെയോ, കൊല്ലുന്നതു് നിഷിദ്ധമായി ആരും കരുതുകയില്ല. എന്നാൽ ഒരു മനുഷ്യനെ, അവർ എത്രതന്നെ നിർദ്ധനനോ, രോഗിയോ, പാപിയോ ആയിരുന്നുകൊള്ളട്ടെ, കൊല്ലുന്നതു് കുററകരമല്ലെന്നു ആരും കരുതുകയില്ല. എന്താണ് ഈ വ്യത്യാസത്തിനു നിദാനം?

മനുഷ്യനെ ധനവാനെന്നോ, ദരിദ്രനെന്നോ, രോഗിയെന്നോ, ആരോഗ്യവാനെന്നോ, പണ്ഡിതനെന്നോ, പാമരനെന്നോപാപിയെന്നോ, പുണ്യവാനെന്നോഉള്ള യാതൊരു പരിഗണനയും കൂടാതെ കാരുണ്യവാനായ ദൈവം സ്വന്തം ഛായയിൽ (in His own image) സൃഷ്ടിച്ചു. ദൈവത്തോട് വീണ്ടും ഒട്ടിച്ചേരുവാൻ വെമ്പൽകൊള്ളുന്ന അനശ്വരമായ ആത്മാവിനെ മനുഷ്യനിൽ അവിടുന്നു പ്രതിഷ്ഠിച്ചു. സ്രഷ്ടാവ് എല്ലാവർക്കും സ്വാതന്ത്ര്യമായ ഒരു മനസ്സ് (free will) പ്രദാനം ചെയ്തു് സ്വതന്ത്രരായി മനുഷ്യരാശിയെ മുഴുവൻ സൃഷ്ടിച്ചു. ദൈവം ഏവരുടേയും പിതാവാണ്. അങ്ങേ പിതൃത്വംമൂലം നാമെല്ലാം സഹോദരന്മാരാണ്. ഈ ഈററ അടിസ്ഥാനത്തിലാണ് ശോഭനമായ, സകലരും ആവേശപൂർവ്വം ആർത്തുവിളിക്കുന്ന "സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം" കെട്ടിപ്പടുത്തിരിക്കുന്നതു്. സാത്താനായമൃഗത്തെ—മനുഷ്യനെ— രക്ഷിക്കുവാൻവേണ്ടി ദൈവം മനുഷ്യനായി അവതരിച്ചു. ആദി

# നാം കണ്ണടയ്ക്കുകയോ?

(ഫാ. പി. റ്റി. തോമസ്, കടമാളൂർ)


ക്രിസ്തുഹർപ്രസ്ഥാനം കൊണ്ടു് വിശ്വവിശ്രുതനായിത്തീർന്നിട്ടുള്ള ഫാദർ കെല്ലർ "നാല്പതുകൊല്ലത്തെ തിന്മ" എന്ന തലക്കെട്ടിൽ നമ്മെ അമ്പരപ്പിക്കുന്ന ഒരു വൃത്താന്തം എടുത്തുപറഞ്ഞിരിക്കുന്നു. കമ്മ്യൂണിസം പ്രചരിപ്പിക്കുന്നതിനു് ഉദ്ദേശ്യമെടുത്തിട്ടുള്ള ഒരദ്ധ്യാപിക നാല്പതുകൊല്ലക്കാലത്തേക്കു താൻ പഠിപ്പിച്ചിട്ടുള്ള അമേരിക്കൻ പൊതുസ്കൂളുകളിൽ നിരീശ്വരത്വം പ്രചരിപ്പിക്കുന്നതിനുള്ള യാതൊരവസരവും നഷ്ടപ്പെടുത്തിയിട്ടില്ല എന്നു സ്വയം അഭിമാനിക്കുന്നു. അമേരിക്കയിലെ അറ്റോർണി ജനറൽ വിധ്വംസകമെന്നു പ്രസ്താവിച്ചിട്ടുള്ള കമ്മ്യൂണിസ്റ്റുപാർട്ടിയിലെ ഒരു പ്രവർത്തകാംഗമാണു താനെന്നു അവർ സമ്മതിക്കുന്നു. ക്ലാസുമുറി ലോകത്തിലേക്കുള്ള ഒരു ചവിട്ടുപടിയായി അവർ കരുതുന്നു. അതുകൊണ്ടു് മററുള്ളവർ ഒഴിഞ്ഞുമാറുവാൻ ശ്രമിക്കുന്ന ഏററവും കൂടുതൽ കുട്ടികളുള്ള —50-ഉം 60-ഉം വീതം— ക്ലാസ്സുകൾ എടുക്കുവാൻ അവർക്കിഷ്ടമാണു്. അവർ ഒരു സ്നേഹിതയോടു പറയുകയാണു്, "വെറും പാഠപ്പുസ്തകങ്ങളല്ല ഞാൻ കുട്ടികളെ പഠിപ്പിക്കുന്നതു്. ഒരു നാല്പതുകൊല്ലംകൂടി കുട്ടികളെ നിരീശ്വരത്വം പഠിപ്പിക്കുവാൻ എനിക്കു സാധിക്കയില്ലല്ലോയെന്നു മാത്രമാണു് എൻറെ ഏക സങ്കടം."

ഇപ്രകാരമുള്ള വാർത്തകൾ ശ്രവിക്കുമ്പോൾ ക്രിസ്തുനാഥൻറെ വാക്കുകളാണു് നമ്മുടെ ബോധത്തിൽ പൊന്തിവരുന്നതു്: "അന്ധകാരത്തിൻറെ മക്കൾ പ്രകാശത്തിൻറെ മക്കളെക്കാൾ ഈ തലമുറയിൽ ബുദ്ധിയുള്ളവരാണു്." ഇന്നു കത്തോലിക്കാസഭയ്ക്കു നേരിടേണ്ട ഏററവും വലിയ ശത്രുവായ കമ്മ്യൂണിസം താനെ അങ്ങൊടുങ്ങിക്കൊള്ളുമെന്നു് സ്വയം ആശ്വസിച്ചുകൊണ്ടു് മരണകരമായ അലസതയിലാണു് നമ്മുടെ രാജ്യത്തെ കത്തോലിക്കരിൽ അധികപങ്കും കഴിഞ്ഞുകൂടുന്നതെന്നുള്ളതു് കഷ്ടാൽകഷ്ടതരമത്രേ.

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനമെന്താണെന്നും, അതിൻറെ പ്രവർത്തനമെന്തെന്നും, അതു മുന്നേറുന്നതെങ്ങനെയെന്നും ഇനിയും നാം വേണ്ടവിധം മനസ്സിലാക്കിയിട്ടില്ല. ഒരുപക്ഷേ വളരെ താമസിച്ചായിരിക്കും നാം മനസ്സിലാക്കുവാൻ പോകുന്നതു്. മാർക്സിൻറെ ഭൗതികമാത്രമെങ്കിലും, പൂർണ്ണമായ ഒരു തത്വശാസ്ത്രസംഹിതയിലാണു് കമ്മ്യൂണിസം കെട്ടിപ്പടുത്തിട്ടുള്ളതു്. പദാർത്ഥത്തിനു മേലായ ഒന്നുമില്ലെന്നും, എല്ലാം മരണത്തോടുകൂടി അവസാനിക്കുന്നുവെന്നും, ഈ ലോകത്തിൽ ഒരു സ്വർഗ്ഗം കെട്ടിപ്പടുക്കുകയാണു് ജീവിതലക്ഷ്യമെന്നുമത്രെ ഈ തത്വശാസ്ത്രത്തിലെ മൗലികപ്രമാണങ്ങൾ. വിദ്യാഭ്യാസമുള്ള കമ്മ്യൂണിസ്റ്റുകാർ ഈ തത്വസംഹിത പൂർണ്ണമായി പഠിക്കുവാൻ എത്ര ഭഗീരഥപ്രയത്നം ചെയ്യുന്നുണ്ടു്. വിദ്യാഭ്യാസമില്ലാത്തവരെ പഠിപ്പിക്കുവാൻ രാത്രികാലങ്ങളിൽ ഉറക്കമിളച്ചിരുന്നു് സ്റ്റഡിക്ലാസ്സുകൾ നടത്തുവാൻ എത്ര അളവില്ലാത്ത ക്ഷമയാണു് അവർ പ്രദർശിപ്പിക്കുന്നതു്!

നമുക്കു നിത്യജീവനെ പ്രദാനംചെയ്യുന്ന സത്യവിശ്വാസത്തെപ്പററി പഠിക്കുവാൻ, "വഴിയും സത്യവും ജീവനു"മാകുന്ന ക്രിസ്തുവിനെ അറിയുവാൻ, അറിയിപ്പാത്തവരെ പഠിപ്പിക്കുവാൻ ഇവരുടെ തീക്ഷ്ണതയുടെ പത്തിലൊന്നു നാം പ്രദർശിപ്പിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു! നമ്മുടെ വേദപാഠക്ലാസ്സുകൾ പലതും വെറും പിള്ളരുകളിമാത്രമല്ലേ? നമ്മുടെ ബോധത്തെ പ്രകാശിപ്പിക്കുന്ന, വിശ്വാസത്തെ സ്ഥിരീകരിക്കുന്ന, ദൈവവചനം പള്ളിയിൽ പ്രസംഗിക്കപ്പെടുന്നതു കേൾക്കുന്നതിൽനിന്നു് ഒഴിഞ്ഞുമാറുവാനുള്ള ശ്രമങ്ങളല്ലേ നാം ചെയ്യുന്നതു. വെറും ചെറുകഥകളും നോവലുകളുംമാത്രം വായിച്ചു് അലസമായി സമയം കളയുകയും, ബുദ്ധിയുടെ ചിന്താശക്തി ക്ഷയിപ്പിക്കുകയും ചെയ്യുന്നു. സനാതനമായ കത്തോലിക്കാതത്വങ്ങളെ നമുക്കുപദേശിച്ചുതരുന്നതും, കത്തോലിക്കനെപ്പോലെ ചിന്തിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നതുമായ കത്തോലിക്കാപുസ്തകങ്ങളും, മാസികകളും പത്രങ്ങളും വായിക്കുവാൻ നാം പ്രദർശിപ്പിക്കുന്ന അനാസ്ഥ എത്ര അക്ഷന്തവ്യമല്ല! ഏതെങ്കിലുമൊരു ഡിഗ്രി കരസ്ഥമാക്കിയതിൻറെശേഷം സർവ്വജ്ഞനെന്നു കരുതി ജീവിക്കുകയും പ്രസംഗിക്കുകയും വിമർശിക്കുകയും ചെയ്യുന്ന കത്തോലിക്കാ യുവജനങ്ങൾക്കു് കത്തോലിക്കാസഭയുടെ തത്വശാസ്ത്രത്തെയും, ദൈവശാസ്ത്രത്തെയും, വേദപുസ്തകത്തെയും, ചരിത്രത്തെയുംപററി എന്തറിയാം. ധനവാന്മാരുടെ സുഖലോലുപതത്വത്തെയും, പാവപ്പെട്ടവരുടെ കഷ്ടപ്പാടിനേയുംമാത്രം എല്ലായിടത്തും ചിത്രീകരിച്ചു് തീപ്പൊരിപ്രസംഗങ്ങൾ നടത്തുന്ന ഇവർക്കു് സത്യസഭയുടെ അഭൗമസുന്ദരവും, അനർഘവും, ജീവദായകവുമായ നിത്യസത്യങ്ങളെപ്പററി എത്ര ശോചനീയമായ അജ്ഞതയാണുള്ളതു്. ഈ വക കാര്യങ്ങൾ അറിയണമെങ്കിൽ നാം പഠിക്കണം. അറിയാൻപാടില്ലാത്തവർ എന്നു എളിമയോടുകൂടി ഏററുപറഞ്ഞുകൊണ്ടു് അറിവുള്ളവരിൽനിന്നു പഠിക്കണം. കഷ്ടപ്പെട്ടു്, അവിശ്രമം പഠിക്കണം. അന്ധകാരത്തിൻറെ മക്കളെ ഇക്കാര്യത്തിൽ കണ്ടുപഠിക്കണം. "യേശുക്രിസ്തുവിലുണ്ടായിരുന്ന ഈ മനസ്സു നിങ്ങളിൽ ഉണ്ടായിരിക്കട്ടെ" (ഫിലി. 2: 5)

കമ്മ്യൂണിസ്റ്റുകാരുടെ തത്വസംഹിതപ്രയോഗത്തിൽ കൊണ്ടുവരുന്ന വിധവും നാം ശരിയായി അറിഞ്ഞിരിക്കേണ്ടതാണു്. കമ്മ്യൂണിസ്റ്റു വ്യവസ്ഥിതി വരുമെന്നുള്ളതു് ഒരലംഘനീയനിയമമായി അവർ കരുതുന്നു. എന്നിരുന്നാലും ഇപ്രകാരമുള്ള ഒരു വ്യവസ്ഥിതിക്കു് നിദാനമായ വിപ്ലവം സൃഷ്ടിക്കുവാൻ എന്തുതന്നെ അവർ



Sr. Alphonsa, I.C.

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

എം. എ. തോമസ്, ആലുവാ.

ചെയ്യുന്നില്ല! അവരുടെ എല്ലാ പ്രവർത്തനങ്ങളുടേയും, പ്രസിദ്ധീകരണങ്ങളുടേയും, പ്രചരണങ്ങളുടേയും അടിയിലുള്ള ലക്ഷ്യം ഇതുമാത്രമാണു്. അതിനുള്ള മാർഗ്ഗങ്ങൾ വിപ്ലവാത്മകങ്ങളോ, അധാർമ്മികങ്ങളോ, അക്രമപരങ്ങളോ, മനുഷ്യോചിതമല്ലാത്തവയോ ആകാം. അക്കാര്യത്തിൽ അവർക്കു നോട്ടമില്ല.

നമ്മുടെ വിശ്വാസം നാമെങ്ങിനെയാണു് പ്രയോഗത്തിൽ വരുത്തുന്നതു്? ശുദ്ധീകരണവരപ്രസാദം നമ്മുടെ ആത്മാവിൻറെ ജീവനാണു്. അതില്ലാത്ത ക്രിസ്ത്യാനി മുന്തിരിച്ചെടിയായ ക്രിസ്തുവിൽനിന്നു ഛേദിക്കപ്പെട്ട ശിഖരമാണു്. അവൻ നിത്യനാശത്തിൻറെ നിഴലിൽ സ്ഥിതിചെയ്യുന്നു. ഈ പ്രസാദവരത്തെ നമ്മിൽ സംരക്ഷിക്കുകയും, വർദ്ധിപ്പിക്കുകയും ചെയ്യുകയാണു് ഈ ലോകത്തിൽ നാം അവശ്യം ചെയ്യേണ്ട ഏററവും വലിയ സംഗതി. "മനുഷ്യാ, ലോകം മുഴുവൻ നേടിയാലും നിൻറെ ആത്മാവു നശിച്ചാൽ എന്തു പ്രയോജനം?" പ്രസാദവരജീവൻ നമ്മിൽ നിലനിർത്തുന്നതിനു പ്രാർത്ഥനയും, കൂദാശകളുടെ സ്വീകരണവും അവശ്യാവശ്യമത്രെ. "നിങ്ങൾ പരീക്ഷയിൽ അകപ്പെടാതിരിക്കുവാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കുവിൻ." എന്നാൽ പ്രാർത്ഥനയിൽ നാം എത്ര അശ്രദ്ധരും വിരസതയുള്ളവരുമാണു്. ഒരു ക്രിസ്ത്യാനിയുടെ പ്രാണവായു പ്രാർത്ഥനയാണു്. പ്രാർത്ഥനയെപ്പററി ഒരുപക്ഷേ, ശക്തിയോടുകൂടി നാം പ്രസംഗിച്ചേക്കാം. എന്നാൽ അതിനുശേഷം അഞ്ചുമിനിട്ടുനേരം പള്ളിയിൽ പ്രവേശിച്ചു് സ്നേഹനാഥൻറെ മുൻപിൽ പ്രാർത്ഥിക്കുവാൻ നമുക്കു ശ്വാസം മുട്ടലാണു്. കുടുംബമെന്ന നിലയിൽ കുടുംബാംഗങ്ങൾക്കു ദൈവത്തോടു കടപ്പാടുണ്ടു്. കുടുംബപ്രാർത്ഥന പലയിടത്തും ഇന്നെത്ര ശോച്യാവസ്ഥയിലാണു്. കൊന്തയെപ്പററി വൈദഗ്ദ്ധ്യത്തോടുകൂടി പ്രസംഗിച്ചേക്കാം. എന്നാൽ വിശ്രമസമയത്തു് കൊന്തയെടുത്തെത്തിക്കുവാൻ നാം ഇതുവരെ ശീലിച്ചിട്ടില്ല. ഇപ്രകാരമുള്ള ഒരു നല്ല മാതൃക എത്രയെത്ര നീണ്ട നീണ്ട പ്രസംഗങ്ങളെക്കാൾ ഫലദായകമല്ല! വാഹനങ്ങളിലോ, കാൽനടയായോ, തനിച്ചോ, മററുള്ളവരോടു കൂടിയോ യാത്രചെയ്യുമ്പോൾ പ്രാർത്ഥിക്കുവാൻ, കൊന്ത എത്തിക്കുവാൻ എന്തുമാത്രം അവസരങ്ങൾ നമുക്കുണ്ടു് ഇവയെല്ലാം നമുക്കു് എന്നന്നേയ്ക്കുമായി നഷ്ടപ്പെട്ടുപോകുന്നു. "ജീവിതത്തിലെ അലസനിമിഷങ്ങളെ വിശുദ്ധീകരിക്കുവാൻ ശ്രമിക്കുക. കൊന്ത ഇതിനു നമ്മെ സഹായിക്കും. ഒരു തെരുവിൽക്കൂടി നടക്കുമ്പോഴോ, കളിക്കുമ്പോഴോ, കാത്തുനില്ക്കുമ്പോഴോ എല്ലായ്‌പോഴും കൈയിലോ കീശയിലോ കൊന്ത മാച്ചു പിടിച്ചുകൊണ്ടു നമസ്കരിക്കുവാൻ നമുക്കു പരിശ്രമിക്കാം" എന്നത്രെ ആധുനികരിൽ ആധുനികനായ മോൺ. ഷീൻ പറയുന്നതു്. എല്ലാം പോകട്ടെ നമ്മുടെ രാജ്യത്തു ഒരു കൊന്ത സ്വന്തമായിട്ടുള്ള എത്ര കത്തോലിക്കർ, പ്രത്യേകിച്ചു പുരുഷന്മാരുടെ കൂട്ടത്തിലുണ്ടു് എന്നന്വേഷിക്കുക. നാം ലജ്ജിച്ചു തലതാഴ്ത്തുകതന്നെ ചെയ്യും. കൂദാശകളുടെ സ്വീകരണകാര്യം. ദിവസവും, ആഴ്ചയും പോകട്ടെ, ഒരു മാസത്തിലൊരിക്കൽ കുമ്പസാരിച്ചു വിശുദ്ധ കുർബാന കൈക്കൊള്ളുന്നവരുടെ ലിസ്റ്റു് നമുക്കു ഒരു പുതിയ വെളിപാടായിരിക്കും. "എൻറെ മാംസം ഭക്ഷിക്കുകയും, എൻറെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവനു് നിത്യജീവനുണ്ടു്" എന്ന രക്ഷനാഥൻറെ വാക്കുകൾ നാം പുറംതള്ളിയിരിക്കുകയാണു്.

രക്തം വില കൊടുത്താണു് നാം രക്ഷിക്കപ്പെട്ടിട്ടുള്ളതു്. കുരിശിൻറെ വഴിയല്ലാതെ, പരിത്യാഗത്തിൻറെ വഴിയല്ലാതെ, സ്വർഗ്ഗത്തിലേക്കു മററു മാർഗ്ഗമില്ലെന്നു അനന്തബോധജ്ഞാനമായ മിശിഹാ അരുൾ ചെയ്യുന്നു. "എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ചു് തൻറെ കുരിശും ചുമന്നുകൊണ്ടു് എൻറെ പിന്നാലെ വരട്ടെ." ഒരു നേരം കാപ്പിയിൽ പഞ്ചസാര വേണ്ട എന്നു വയ്ക്കുക, ഒരു ദിവസം ഉപവസിക്കുക, ഗാഗുൽത്താമലയിലെ ആ പരമപരിശുദ്ധമായ ബലിയുടെ സമയത്തു മുട്ടിന്മേൽ നിൽക്കുക, അശ്ലീലവും, നിരീശ്വരപരവും, ഉപയോഗശൂന്യവുമായ പുസ്തകങ്ങളും, മാസികകളും, ചെറുകഥകളും നോവലുകളും വായിക്കാതിരിക്കുക, നമുക്കു് അപ്രീതി വരുത്തിയ ആ സഹോദരനോടു് ഹൃദയത്തിൽനിന്നു ക്ഷമിക്കുക, ആ സാധുവിനേയും, ആ രോഗിയേയും സഹായിക്കുക, ഒരു സ്നേഹമധുരമായ വാക്കു പറയുക, ആദ്ധ്യാത്മികപകർച്ചവ്യാധി പിടിപെട്ട ആ കൂട്ടുകാരനുമായുള്ള ബന്ധം വേർപെടുത്തുക തുടങ്ങി നാം അവശ്യം അനുഷ്ഠിച്ചേ മതിയാവുന്ന പരിത്യാഗങ്ങൾ ചെയ്യുന്നവർ എത്ര അംഗുലിപരിമിതമാണു്.

നാമെന്തിനു കമ്മ്യൂണിസ്റ്റുകാരെ പഴിക്കുന്നു. ഒരു കമ്മ്യൂണിസ്റ്റുകാരൻ അയാൾ കമ്മ്യൂണിസ്റ്റുകാരനായി എല്ലായിടത്തും പ്രത്യക്ഷപ്പെടുന്നതിൽ അഭിമാനംകൊള്ളുന്നു. എവിടേയും എങ്ങനേയും കമ്മ്യൂണിസം പ്രചരിപ്പിക്കുവാൻ അശ്രാന്തം പരിശ്രമിക്കുന്നു. ഇവിടേയും അന്ധകാരത്തിൻറെ മക്കൾ വെളിച്ചത്തിൻറെ മക്കളെക്കാൾ ബുദ്ധിയുള്ളവരാണെന്നു പറയാതെ കടന്നുപോകുവാൻ മനസ്സുവരുന്നില്ല. നാംതന്നെയാണു് നമ്മുടെ ഏററവും വലിയ ശത്രുക്കൾ. നാം വെറും ഞായറാഴ്ചക്കത്തോലിക്കരാണു്. തിങ്കളാഴ്ചയും നാം കത്തോലിക്കരായിരിക്കണം. എവിടേയും ഏതുദ്യോഗത്തിലും തൊഴിലിലും കത്തോലിക്കരായിരിക്കുന്നതിൽ അഭിമാനംകൊള്ളണം. അവിടെയെല്ലാം ക്രിസ്തുവിൻറെ അടയാളങ്ങൾ മററുള്ളവർ ദർശിക്കണം. നൂറുശതമാനവും കത്തോലിക്കരായിരിക്കണം. വിശ്വാസം നമ്മുടെ അസ്ഥികളിലേക്കു പ്രവേശിക്കണം. ഓരോ ചലനവും, വിചാരവും, വാക്കും വിശ്വാസത്തിൽനിന്നുളവാകുന്നതായിരിക്കണം. ഇതിനു സമൂലമായ ഒരു വ്യതിയാനം ആവശ്യമാണു്. വീരോചിതമായ ക്രിസ്തീയജീവിതം. വേറൊരു ക്രിസ്തുവായി ജീവിക്കണം. ബിഷപ്പ് ഷീൻ പറയുന്നു, "സഭ ക്രിസ്തുവിൻറെ മൗതികശരീരമാകുന്നു. ആകയാൽ ഓരോ കത്തോലിക്കനും തൻറെ ചെറിയ ലോകത്തിൽ ക്രിസ്തുതന്നെയാണു്. നന്മചെയ്തുകൊണ്ടു നടക്കുന്നതിനു് നമ്മുടെ പാദങ്ങളല്ലാതെ നമ്മുടെ കർത്താവിനു വേറെ പാദങ്ങളില്ല. വിജാതീയരുടെ അന്ധവിശ്വാസത്തിൽ ഇരിക്കുന്നവരെ പഠിപ്പിക്കുവാൻ നമ്മുടെ അധരങ്ങളല്ലാതെ മററധരങ്ങൾ അവിടുത്തേക്കില്ല. അവരുടെ നേരെ തിരിക്കുവാൻ നമ്മുടെ മുഖമല്ലാതെ മററുമുഖമില്ല അവിടുത്തേക്കു്. നാം ക്രിസ്തുസമന്മാരാകുന്നതിൽ പരാജയമടയുന്ന അളവിൽ നമ്മുടെ കർത്താവു തോൽവിയടയുകയാണു ചെയ്യുന്നതു്." മററു വാക്കിൽ "ഞാൻ ജീവിക്കുന്നു, എന്നാൽ ഇപ്പോൾ ഞാനല്ല, ക്രിസ്തുവാണു് എന്നിൽ ജീവിക്കുന്നതു" എന്നു വി. പൗലോസിനെപ്പോലെ ഓരോ കത്തോലിക്കനും പറയുവാൻതക്കവിധം ജീവിക്കണം. ഇതിനു നാം സർവ്വശക്തിയോടുംകൂടി പരിശ്രമിക്കാതെ അലസതയിൽ കണ്ണടച്ചുകളയുന്നുവെങ്കിൽ ഇപ്രകാരമുള്ള അക്ഷന്തവ്യമായ കൃത്യവിലോപത്തിനു് സ്പെയിനിലും, ചൈനായിലും, മെക്സിക്കോയിലുമൊക്കെയുള്ള കത്തോലിക്കർ കൊടുക്കേണ്ടിവന്ന ദുർവഹമായ വില നമ്മളും കൊടുക്കേണ്ടിവരികയില്ലേ?

—ഠ—

## ഉപകാരസ്മരണ

സി. അൽഫോൻസായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു എൻറെ ഹൃദയംഗമമായ ഉപകാരസ്മരണ.

T. K. Thomas
Thevarpuzha, Vechoor


---

മാതാപിതാക്കന്മാരുടെ അധഃപതനം മൂലം മനുഷ്യവർഗ്ഗം ബലഹീനതയ്ക്കു് അധീനരായും, നാശത്തിനു വിധേയരായും തീർന്നു. മനുഷ്യവർഗ്ഗത്തെ ബലഹീനതയിൽനിന്നു് മഹത്വത്തിലേക്കും, നാശത്തിൽനിന്നും മോക്ഷത്തിലേക്കും പിശാചിൻറെ ദാസ്യത്തിൽനിന്നും ദൈവത്തിൻറെ പിതൃത്വത്തിലേക്കും ഉയർത്തുവാൻ ദൈവമായ ക്രിസ്തു കുരിശിൽ മരിച്ചു മനുഷ്യത്വത്തെ ദൈവം മാനിക്കുന്നതു കണ്ടാലും. ഓരോ മനുഷ്യനേയും അവിടുന്നു സ്നേഹിക്കുന്നു, വിലമതിക്കുന്നു. മനുഷ്യരോടു് വർത്തിക്കേണ്ട രീതിയെ അവിടുന്നു മനുഷ്യനായിരുന്നപ്പോൾ കാണിച്ചുതന്നു. നാം ഓരോരുത്തരും അന്യരിൽ മാത്രമല്ല നമ്മിൽ തന്നെയുള്ള മനുഷ്യത്വത്തോടു് സബഹുമാനം പെരുമാറണമെന്നു് അവിടുന്നു് ആഗ്രഹിക്കുന്നു. ആ ദൈവഹിതത്തെ — കല്പനയെ — എത്രമാത്രം പ്രവൃത്തിപഥത്തിലാക്കിയിട്ടുണ്ടെന്നു് നമുക്കൊന്നു പരിശോധിക്കാം. ദയനീയമായ പരാജയത്തിൻറെ കാഴ്ച നമ്മെ ഭീതിപ്പെടുത്തിയേക്കും. സാരമില്ല. നമുക്കു് ഭാവിയിൽ മനുഷ്യരിൽ—നാം ഉൾപ്പെടെ—ദൈവത്തെ ദർശിക്കുവാൻ സാധിക്കുന്നില്ലെങ്കിൽതന്നെ മനുഷ്യനെ എങ്കിലും ചുരുങ്ങിയ പക്ഷം ദർശിക്കുവാൻ ശ്രദ്ധിക്കാം.




E. C. & Co. JEWELLERS
സ്വർണ്ണാഭരണവ്യാപാരം
വാഴക്കുളം & മൂവാററുപുഴ
ശരി തൂക്കം, ശരി മാററു്, അന്നന്നത്തെ നിലവാരം.
Prop. ഇ. സി. നാരായണനാചാരി
(ഇഞ്ചിക്കണ്ടത്തിൽ)

ആഖ്യായിക




## അദ്ധ്യായം 11 [തുടർച്ച]

## "ഈ മലമുകളിലും ജെറുസലേമിൽപോലും ഇല്ല"

[വി. സി. ജോർജ് ബി. എ. എൽ. റ്റി.]

മുഖം ശരിക്കു ദൃശ്യമാകാതിരിക്കുവാൻ തുവാല തലയിൽ കെട്ടിയായിരുന്നു ബറാബാസ് സഞ്ചരിച്ചിരുന്നതു്. വയലുകളിൽക്കൂടി കടന്നുപോകുകയിൽ അഭിവാദ്യം ചെയ്യുകയും സൗഖ്യാന്വേഷണം നടത്തുകയും ചെയ്തവർക്ക് ബറാബാസ്, സവാരിമൃഗത്തെ നിറുത്താതെ ആംഗ്യംകൊണ്ടു് മറുപടി നൽകി കടന്നുപോയി. വഴിയാത്രക്കാരെ അഭിവാദ്യംചെയ്യുക ദേശാചാരമായിരുന്നു. ബറാബാസ് കിണററുകരെയെത്തി; കൽക്കൂമ്പാരങ്ങൾ അതിനു ചുറ്റും ധാരാളം കാണപ്പെട്ടു. പൂർവ്വികകാലങ്ങളിൽ യാത്രക്കാരുടെ സൗകര്യത്തിനുവേണ്ടി കൂപസമീപം പണിചെയ്തിരുന്ന ഏതോ വിശ്രമസ്ഥാനത്തിന്റെ നാശശിഷ്ടങ്ങളിൽ ഈ ശിലാസഞ്ചയങ്ങൾപെട്ടിരിക്കാം. ശേഖം നഗരനിർമ്മാണത്തിനുശേഷം ആ സങ്കേതം ഉപയോഗശൂന്യമായി നശിച്ചുവെന്നു വരാം. കല്ലുകളിൽ ചിലതു് ശേഖമിൽനിന്നു് ഈ കിണററിലെ വെള്ളം കോരുവാൻ വരുന്ന സ്ത്രീകൾക്കിരിപ്പിടമായിക്കഴിഞ്ഞു. വെള്ളം ഉപ്പുരസം കലരാതെ മധുരമായിരുന്നു എന്നു മാത്രമല്ല, പല രോഗങ്ങൾക്കും ശമനൗഷധവുമായിരുന്നു.

ശ്രദ്ധാവിഷയമാകാതെ കടന്നുപോകുവാൻ ബറാബാസ് കരുതിയപ്പോൾ കിണററിൻകരയിൽ ഇരിപ്പുറപ്പിച്ച ഒരാൾ ബറാബാസിനു ദൃഷ്ടിഗോചരമായി. ചുവപ്പുനിറത്തിൽ ഒരടിയുടുപ്പും അതിനു മീതെ അനേകം മടക്കുകളോടുകൂടി വാരിപ്പുതച്ച ഒരു മേലങ്കിയുമായിരുന്നു ആ ആളുടെ വേഷവിധാനം. ആ ആളിന്റെ കോമളമായ നെററിത്തടത്തിൽ സൂര്യൻ കിരണങ്ങൾ ഏല്പിച്ചു, നയനങ്ങളിൽനിന്നു് പ്രഭാപൂരം നിർഗ്ഗമിച്ചു്, പ്രണാമപൂർവ്വം അദ്ദേഹത്തിന്റെ മുമ്പിൽ നിന്നിരുന്ന ഒരു സ്ത്രീയുടെമേൽ പതിച്ചു. സ്ത്രീയുടെ അടുത്തു വെള്ളമെടുക്കുവാനുള്ള ഒരു മൺപാത്രവുമുണ്ടായിരുന്നു. സൂക്ഷിച്ചുനോക്കിയപ്പോൾ ബറാബാസ് ദൃഷ്ടനെ തിരിച്ചറിഞ്ഞു, നസ്രത്തിലെ ഈശോ.

മിന്നൽപിണർപോലെ ആ ആശയം അയാളിൽക്കൂടി പാഞ്ഞു. പുരോഹിതന്മാരുടെ ഇംഗിതം സാധിക്കുവാൻ പററിയ അവസരം. ആ സ്ത്രീയല്ലാതെ ഒരു ജീവിയും അടുത്തെങ്ങും ഉണ്ടായിരുന്നില്ല. മൺപാത്രത്തിൽനിന്നു വെള്ളം ഈശോയ്ക്കു കുടിക്കുവാൻ അവൾ കൊടുത്തിരിക്കാം. ഒററ അടിക്കു പുരോഹിതന്മാരുടെ അവജ്ഞാവിഷയവും, തന്നിൽനിന്നു ഒട്ടുവളരെ അനുയായികളെ അകററിയവനുമായ ആ മനുഷ്യന്റെ കഥ കഴിയും.

കടിഞ്ഞാൺവലിച്ചു് അശ്വതരത്തിന്റെ ഗതി വേഗം കുറച്ചു ബറാബാസ് നിലത്തിറങ്ങി. ഇരിപ്പുറപ്പിച്ചിരുന്ന ആളോ അടുത്തുണ്ടായിരുന്ന സ്ത്രീയോ ഈ സംഭവം അറിഞ്ഞില്ല. അവർ ഗാഢസംഭാഷണത്തിൽ ലീനരായിരുന്നു. ആ സമറായസ്ത്രീയോടു ഈശോ എന്തു പറയുന്നുവെന്നറിവാൻ ബറാബാസിനു ജിജ്ഞാസ ഉണ്ടായി. ഈശോയ്ക്കു സമറായരോടു സമ്പർക്കമുണ്ടെന്നു് ബറാബാസിന്നറിയാമായിരുന്നു. എങ്കിലും ഒരു സമറായസ്ത്രീയുടെ അശുദ്ധപാത്രത്തിൽനിന്നദ്ദേഹം ജലപാനംചെയ്യുവെന്നതു് അചിന്ത്യമായി ബറാബാസ് പരിഗണിച്ചു. താൻ വെള്ളം കോരുവാൻ വന്നു എന്ന ഭാവത്തിൽ ആയിരുവരെ ബറാബാസ് സമീപിച്ചു് ഒരു കല്ലിന്മേൽ സ്ഥലം പിടിച്ചുകൊണ്ടു് അവരുടെ സംഭാഷണം അഭിശ്രവിക്കുവാൻ ശ്രമിച്ചു. സ്ത്രീയുടെ വാക്കുകളാണു് ആദ്യം കേൾക്കുവാനിടയായതു്.

"നാഥാ, ഞങ്ങളുടെ പൂർവ്വികന്മാർ ഈ മലമുകളിൽ ആരാധിച്ചു. എന്നാൽ ഞങ്ങൾ ജെറുസലേമിൽ ആരാധിക്കണമെന്നു് അങ്ങു പറയുന്നുവല്ലോ."

നസ്രായൻ തുടർന്നു പ്രസ്താവിച്ചു: "ഹേ സ്ത്രീ, എന്നെ വിശ്വസിക്കൂ ഈ മലമുകളിലും ജെറുസലേമിൽപോലും നിങ്ങൾ പിതാവിനെ ആരാധിക്കുകയില്ല എന്ന മുഹൂർത്തമാഗതമായി. പിന്നെയോ, സത്യാരാധകന്മാർ പിതാവിനെ ആത്മാവിലും സത്യത്തിലും ആരാധിക്കുമെന്ന ആ സ്ഥലത്തുതന്നെ."

ആ സ്വരം മൃദുവും ദയാന്വിതവും ആയിരുന്നു; എങ്കിലും വജ്റ നിർഘോഷംപോലെയാണു് ബറാബാസിന്റെ കർണ്ണങ്ങളിലേററതു്. ഇതിന്റെ സാരമെന്തായിരിക്കാം? നസ്രായന്റെ ആന്തരം ആർക്കു ഗ്രഹിക്കാം? ജെറുസലേമിനെ ബറാബാസ് അത്രകാര്യമാക്കിയില്ലാ. സ്വമാതാവു് ബഹുമാനിച്ചു് സ്നേഹിച്ചിരുന്ന ഗെറിസ്സിം മലയുടെ സംഗതിയിൽ പ്രത്യേകശ്രദ്ധയും തനിക്കില്ലായിരുന്നു. എങ്കിലും ഒരു സന്ദേഹം ബറാബാസിനെ ശക്തിപൂർവ്വം ഗ്രസിച്ചു. ഇസ്രായേലിനു വാഗ്ദത്തമായിട്ടുള്ള പ്രാബല്യത്തിലും പ്രതാപത്തിലും ജനങ്ങൾ ആശ്രയിക്കണമെങ്കിൽ അവരുടെ വിശ്വാസം പുറജാതികളുടെ ഗെറിസ്സിം മലയോടൊ ലോകത്തിൽ മറേറതെങ്കിലും സ്ഥലത്തോടൊ ഉള്ളതിലധികം ജെറുസലേമുമായി ബന്ധപ്പെട്ടിട്ടില്ലെന്നു വന്നാൽ അതെങ്ങനെ സാദ്ധ്യമാകും? നൂതനമായ എന്തു വിശ്വാസമാണു പ്രഖ്യാപിക്കപ്പെടുക? ഇസ്രായേൽ സ്വരാജ്യസ്വാതന്ത്ര്യം സമ്പാദിച്ചശേഷം ഇതരജനസമുദായങ്ങളുടെമേൽ ഭരണാധികാരം നടത്തുവാൻ നിർദ്ദിഷ്ടമായിരിക്കുമോ? പലരും കിണററിൻകരെയിരിക്കുന്ന ആളെന്നും ഒട്ടുവളരെപ്പേർ ബറാബാസാണെന്നും സങ്കല്പിക്കുന്ന ആ മിശിഹായിലുള്ള വിശ്വാസത്തിന്റെ അർത്ഥം മറെറന്താണു്?

പരിശീലനം ലഭിക്കാത്തതന്നെ ബറാബാസിന്റെ മനസ്സിലോ അയാളുടെ അന്തർഹൃദയത്തിലോ നസ്രായൻ സൂചിപ്പിച്ച മറെറ സ്ഥലം സംബന്ധിച്ചു് നിസ്സാരമായ ചിന്തയോ വികാരമോപോലും അങ്കുരിച്ചിരുന്നില്ല. അതു ജെറുസലേമല്ലെന്നുമാത്രം അയാൾക്കു ധരിക്കുവാൻ കഴിഞ്ഞു. നസ്രായന്റെ വാക്കുകൾ തന്നെ അസ്വസ്ഥനാക്കിയതിന്റെ കാരണവും ബറാബാസിനു ദുർഗ്രാഹ്യമായിരുന്നു.

ഏതായാലും ഒരു വ്യാഖ്യാനം അയാൾക്കു തോന്നാതിരുന്നില്ല. നസ്രായൻ ചരിത്രപരമായ പാരമ്പര്യങ്ങളൊന്നും പരിഗണിച്ചില്ല. ഒരു പ്രത്യേക ജന്മദേശത്തെ പ്രമാണമാക്കിയുമില്ല. ഇസ്രായേലിനു പ്രാബല്യം സിദ്ധിക്കുമെന്നു ന്യായപ്രമാണങ്ങളിൽനിന്നും പ്രവാചകന്മാരിൽനിന്നും അനുമാനം സ്വീകരിക്കുവാൻ പുരോഹിതന്മാർക്കും ബറാബാസിനും അയാളുടെ പ്രസ്ഥാനത്തിനും ഉണ്ടെന്നു അഭിമാനിച്ചുപോന്ന ആ അധികാരത്തെ നസ്രായൻ നിഷേധിക്കുകതന്നെ ചെയ്തു. പ്രധാനാചാര്യന്മാർ ഇത്ര രൂക്ഷമായി ഈ മനുഷ്യനെ വെറുത്തിരുന്നതെന്തുകൊണ്ടെന്നു ബറാബാസിനു മനസ്സിലായി. ഒരു ജനസമുദായം നശിക്കുന്നതിലും ഭേദം ഒരുവൻ മരിക്കയാണെന്നുള്ള അവരുടെ വിശ്വാസത്തിന്റെ സാംഗത്യവും വേറൊരു കാര്യവും അയാൾക്കു മനസ്സിലായി, ഒരിക്കലും, യാതൊരു കാരണവശാലും, താനും നസ്രത്തിലെ ഈശോയും തമ്മിൽ ഐകമത്യമുണ്ടാകുകയില്ലെന്നുള്ളതു്.

ഈ വിശുദ്ധദേശത്തു്, യുദ്ധവും ഹിംസയുംകൊണ്ടു് സൃഷ്ടിക്കുവാൻ സാധിക്കാത്ത ഒരു നൂതനഇസ്രായേൽ ബറാബാസ് ജനങ്ങൾക്കു വാഗ്ദാനംചെയ്തു. ഈ നൂതനഇസ്രായേലിന്റെ പരിത്യാഗം, ഈ ലോകത്തു് യാതൊരു സമ്മാനവും ലഭിക്കാത്ത സഹനത്തിന്റെയും വിനയത്തിന്റെയും മാർഗ്ഗങ്ങളിൽക്കൂടിയുള്ള പരിത്യാഗമാണു് ഈശോ ജനങ്ങൾക്കു വാഗ്ദാനംചെയ്തതു്! ബറാബാസ് കൂപത്തിന്റെ ആഴത്തിലേക്കു കൂസൽകൂടാതെ നോക്കി. ഈശോയുടെ ദുർഗ്രഹമായ വാക്കുകൾ ഉളവാക്കിയ ചിത്തോദ്വേഗം വിഷാദമയമായി ബറാബാസിൽ പരിണമിച്ചു. ആ വാക്കുകൾ സ്വന്തം പരിശ്രമങ്ങളും വ്യാമോഹങ്ങളുമെല്ലാം നിഷ്ഫലമാകുമെന്നുള്ള ഒരു പ്രവചനമായെങ്കിലോ? ഈശോയെ ഒരു പ്രവാചകനെന്നു ബറാബാസ് എണ്ണിയിരുന്നില്ലെങ്കിലും, ദൈവജ്ഞനെന്നോ മായാകാരനെന്നോ കരുതിയിരുന്നു. ആകയാൽ ഈശോയുടെ വാക്കുകൾ ബറാബാസിനെ തീർത്തും അസ്വസ്ഥചിത്തനാക്കി.

ഈശോയെ ഉപദ്രവിക്കണമെന്നുള്ള ചിന്ത തിരോധാനം ചെയ്തു. അടുത്തുചെന്നു് ദുർഗ്രഹമായിരുന്ന വാക്കുകളുടെ വിശദീകരണം ആവശ്യപ്പെട്ടാലോ? എന്തു ചെയ്യണമെന്നറിയാതെ ബറാബാസ് വിഷമിച്ചു. ഈശോ ഇപ്പോൾ പ്രശാന്തനും നിശ്ശബ്ദനുമായി കിണററിനടുത്തു് സ്ത്രീയെ അനുഗ്രഹിക്കുന്നവിധം കരങ്ങളുയർത്തി ഒരു കല്ലിന്മേലിരിക്കുകയായിരുന്നു.

"സ്ത്രീ, പകൽ അവസാനിക്കാറായി. എനിക്കു കുറേദൂരം പോകുകയുംവേണം." ഈശോയുടെ ഈ വാക്കുകൾ ബറാബാസ് കേട്ടു. നസ്രായൻ ഉടൻതന്നെ എണീക്കുന്നതുംകണ്ടു. പാറകളിലെ വഴികാട്ടിമൃഗങ്ങളുടെ കഴുത്തിലുണ്ടായിരുന്ന മണികളുടെ നാദം കുന്നിൻപുറങ്ങളിൽനിന്നു കേട്ടുതുടങ്ങി. വടക്കുപടിഞ്ഞാറുനിന്നു് പറന്നുവന്ന വാനമ്പാടികളുടെ മധുരഗാനം ആകാശത്തിൽ പരന്നു. ശേഖേംഭാഗത്തുനിന്നു ഒരു സംഘമാളുകൾ കിണർ ലക്ഷ്യമാക്കി വരുന്നതും ബറാബാസ് കണ്ടു.

അയാൾ അങ്ങനെ പിരിഞ്ഞുപോകുവാൻ ഞാൻ അനുവദിക്കുന്നതെന്തിനു്? ഈ ചോദ്യം ബറാബാസ് സ്വയം ചോദിച്ചു. പ്രധാനാചാര്യനും ഫരിസേയരും അയാളുടെ തലയ്ക്കു നിശ്ചയിച്ചിട്ടുള്ള വില ഞാനുപേക്ഷിക്കുവാനെന്തുവേണ്ടു? സമറായർ അടുത്തുവരുന്നതുകണ്ടു് ഞാൻ ഭയപ്പെടുകയായോ? സമറായസ്ത്രീയോടു സാന്ത്വനവാക്കുകളുച്ചരിക്കുകയും അവൾ കൊടുത്ത വെള്ളം കുടിക്കുകയുംചെയ്ത അരക്ഷിതനായ ഒരുവനെ ഞാൻ കൊന്നുവെന്നു പരോടു പറഞ്ഞാലോ?

ഈശോ കിണററിനു സമീപത്തായപ്പോൾ തുവാലകൊണ്ടു മുഖം മറച്ചിരുന്ന സഞ്ചാരിയെ കണ്ടു. "നിങ്ങൾക്കു സമാധാനം" എന്നു ബറാബാസിനെ അഭിവാദ്യംചെയ്തുകൊണ്ടു് ഈശോ സമാറിയാ പട്ടണത്തിലേക്കു യാത്രയാരംഭിച്ചു. ബറാബാസ് അകസ്മാൽ ഈശോയുടെ നേർക്കുതിരിഞ്ഞു. അവിടുത്തെ പിന്നാലെ എത്തുവാനൊ വിളിക്കുവാനൊ മുതിരുന്നതായി കാണപ്പെട്ടു. പെട്ടെന്നു് ഭാവം മാററി, പാദമുറപ്പിച്ചു്, കപിതമായ, പൂഴിപൂണ്ട വഴിയിൽക്കൂടി ഒരു പ്രകാശപുംജംപോലെ ചലിച്ചുനീങ്ങിയ ശോഭനവിഗ്രഹത്തിൽനിന്നു് ബറാബാസ് ദൃഷ്ടി വലിച്ചെടുക്കുകയുംചെയ്തു.

(ഇനിയും)

---

(2-ാംപേജു തുടർച്ച)

പാശ്ചാത്യചരിത്രകാരന്മാർ ആ വിധത്തിൽ ചരിത്രം രചിക്കയും ഉദയമ്പേരൂർ സൂനഹദോസുകൂടി സുറിയാനിക്കാരുടെ ആരാധനക്രമങ്ങളിൽ അകാരണമായി കൈവയ്ക്കയും വിലയേറിയ അനവധി ഗ്രന്ഥങ്ങൾ നശിപ്പിക്കയും ചെയ്തുവെന്നുള്ള വസ്തുതയാണു് ഇവിടെ പൊന്തിനില്ക്കുന്നതു്. 1653-ലെ കൂനൻകുരിശുസത്യംമൂലമുണ്ടായ മതവിപ്ലവത്തെത്തുടർന്നു് "കലങ്ങിയ വെള്ളത്തിൽ മീൻപിടിക്കാ"നായി യാക്കോബായക്കാരെപ്പോലെ വല്ല നെസ്തോറിയരും ഇവിടെവന്നു വല വീശിയിരിക്കാം. എന്നാൽ ആ വലയിൽ ആരും അകപ്പെട്ടതായി കാണുന്നില്ല. ഒന്നാംനൂററാണ്ടിൽ മാർത്തോമ്മാശ്ലീഹാ കേരളത്തിൽ സ്ഥാപിച്ച സഭ, ക്രമേണ നെസ്തോറിയൻസഭയായി രൂപാന്തരപ്പെട്ടുവെന്നും അതിനെ നവീകരിച്ചാണു് ഇപ്പോഴത്തെ "മാർത്തോമ്മാസഭ" ജന്മമെടുത്തതെന്നും ഈയിടെ മാർത്തോമ്മാക്കാർ പറയുന്നതു തങ്ങളുടെ സഭയെ പൂർവ്വികസഭയായി—മലങ്കരസഭയായി നീതീകരിക്കാനുള്ള ഒരു പാഴ്ശ്രമമാണു്. മാർത്തോമ്മാക്രിസ്ത്യാനികളെ നെസ്തോറിയരാക്കി തീററിടാൻ പണിപ്പെട്ടു് പ്രോട്ടസ്റ്റൻറു ചരിത്രകാരന്മാരാണു് ഇവർക്കു ഈ വഴി തുറന്നുകൊടുത്തതു്. എങ്കിലും യാക്കോബായസഭയിലെ പണ്ഡിതന്മാരായ ചരിത്രകാരന്മാർ തന്നെ മലങ്കരസഭ ഒരുകാലത്തും നെസ്തോറിയൻവിശ്വാസം സ്വീകരിച്ചിട്ടില്ലെന്നു സ്ഥാപിച്ചിട്ടുണ്ടു്.

19-ാംനൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ബാബേലിൽനിന്നു മലങ്കര വന്നുചേന്ന റോക്കോസും മേല്യൂസുംമൂലമുണ്ടായ ശീശ്മയിൽനിന്നു തൃശ്ശൂരും സമീപപ്രദേശങ്ങളും നെസ്തോറിയൻബന്ധത്തിനു അടിസ്ഥാനമിടുകയും 1908-ൽ തൃശ്ശൂർ ഒരു നെസ്തോറിയൻമെത്രാന്റെ ആസ്ഥാനമാക്കയും അവരുടെ കണക്കനുസരിച്ചു് ഇപ്പോൾ 1500 വീട്ടുകാരെ ഭരിച്ചുകൊണ്ടു് മാർത്തോമ്മായെന്ന കൽദായമെത്രാപ്പോലീത്താ കേരളത്തിൽ രണ്ടാമത്തെ ബിഷപ്പായി ആ സിംഹാസനത്തിൽ വാഴുകയും ചെയ്യുന്നുവെന്നുള്ളതാണു വാസ്തവം. മലങ്കര നെസ്തോറിയൻസഭയായിരുന്നുവെന്നും, കൂനൻകുരിശുസത്യം നെസ്തോറിയരും പറങ്കികളുമായി നടന്ന വടംവലിയുടെ ഫലമാണെന്നും ഊഹിക്കുന്നതിനുപോലും എ. ഡി. 1500 മുതൽ 1952 വരെയുള്ള നെസ്തോറിയൻ ചരിത്രത്തെ വിവരിക്കുന്ന "ഇൻഡ്യയിലെ പുരാതനസഭ" എന്ന ലഘുഗ്രന്ഥം പര്യാപ്തമായിട്ടില്ല. അതിനാൽ ചരിത്രഗവേഷകന്മാരും പഠിതാക്കളും ഇങ്ങനെയുള്ള പുതിയ ചരിത്രരേഖകൾ തിരഞ്ഞു് ജീവിതം അവസാനിപ്പിക്കുന്നതിനേക്കാൾ, ക്രിസ്തുവിനേയും അവിടുത്തെ രക്ഷാമാർഗ്ഗത്തേയുംപററി ചിന്തിച്ചു് ജീവിതസാഫല്യം പ്രാപിക്കുന്നതിനു ശ്രമിക്കയാണു വേണ്ടതു്. അതിനായി നമുക്കു പ്രാർത്ഥിക്കാം.

—o—




സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കുപുറമെ " 8—12—0

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1

Reg. No. M. 2293

# Sathya Deepam

Vol. 29 | Ernakulam December 21, 1955 | No. 20

## "ഇന്നത്തെ ബാലൻ നാളത്തെ പൗരൻ"



# ബാലരംഗം

## "ചുവന്ന ലില്ലി"

### വിശുദ്ധ മരിയഗൊരേററി



പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

വിശുദ്ധ കൊച്ചുത്രേസ്യായുടെ ജീവചരിത്രത്തിൽ ഒരു സംഭവം വായിച്ചിട്ടുള്ളതു് നിങ്ങൾ ഓർമ്മിക്കുന്നുണ്ടാവും—ഒരു ദിവസം അവരോടുകൂടി ഊണു കഴിച്ച ഒരതിഥി പ്രാർത്ഥിക്കാതെ വെറും മൃഗത്തെപ്പോലെ ഭക്ഷണം കഴിച്ചതിൽ കുഞ്ഞായിരുന്ന വിശുദ്ധ കൊച്ചുത്രേസ്യാക്കുണ്ടായ അത്ഭുതവും അമർഷവും. ദൈവം നമുക്കു തരുന്ന അവിടുത്തെ നല്ല ദാനങ്ങൾക്കു നാം എപ്പോഴും നന്ദിയുള്ളവരായിരിക്കണം. ഗൊരേററികുടുംബത്തിന്റെ ഒരു പ്രത്യേകതയായിരുന്നു അതു്. ഭക്ഷണശാലയിൽ അവർ ദൈവാനത്തെ വാഴ്ത്തി. മരിയോററാ ആ നന്ദിപ്രകടനത്തിൽ മുന്നോടിയായിനിന്നു. പ്രിയ കുഞ്ഞുങ്ങളേ, ഭക്ഷണത്തിനു മുമ്പും ഭക്ഷണം കഴിഞ്ഞും ദൈവത്തെ നന്ദിയോടെ ഓർക്കുവാൻ മറക്കരുതേ. മരിയോററാ ഒരു മരിയഭക്തയായിരുന്നു. മാതാവിന്റെ തിരുസ്വരൂപം പുഷ്പങ്ങൾ കൊണ്ടലങ്കരിക്കും. ആ അമ്മയോടു സ്നേഹപൂർവ്വം പ്രാർത്ഥിക്കും. ആ അമ്മയ്ക്കിഷ്ടമില്ലാത്ത യാതൊന്നും ഒരിക്കലും ചെയ്കയില്ല. ഇതാണു് മരിയഭക്തി. മരിയോററായെ നമുക്കും അനുകരിക്കാം.

വല്യേട്ടൻ.




## ക്രിസ്മസ്സ് വന്നു

(വരുന്നു ഞാൻ ...... എന്ന രീതി)

പിറന്നിതാ പിറന്നിതാ
ഉണ്ണിയേശുവിൻ ജന്മദിനം
(പിറന്നിതാ...)

വാനവർ വാഴ്ത്തും നായകൻ
മാനവർക്കെന്നും രക്ഷകൻ
മാനവനായി ജാതനായ്
പാപികൾ മേവുമീ ഭൂമിയിൽ
(പിറന്നിതാ...)

താരകൾ ഹാ! പ്രഭ തൂകുന്നു
വാനവർ കാഹളമൂതുന്നു
പാവനമാംദിനമാഗതമായ്
ഉണരുവിനുണരുവിൻ ലോകരേ!
(പിറന്നിതാ...)

(ഡോമിനിക് പൊററത്തൂർ ബി. എ.)

---

### 52–ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—കരടി

### പ്രശ്നം നമ്പ്ര 53

(അഗസ്റ്റിൻ എം. രാമപുരം Reg. No. 3)

ഞാൻ ഒരു ജലജീവിയാണു്. ക്രൂരനും വൈരാഗ്യബുദ്ധിയുമത്രെ. എന്റെ പേരിനു മൂന്നക്ഷരംമാത്രം. ഒന്നും മൂന്നും ചേർന്നാലും, 2-ം 3-ം ചേർന്നാലും ഞാൻ മൃഗശരീരത്തിലെ ഓരോ അവയവമാകും. മൂന്നും രണ്ടും അക്ഷരങ്ങൾ ചേർന്നാൽ പ്രകൃതിക്കു മാററുകൂട്ടുന്ന ഒരു ഘടകമാകും. എന്റെ പേർ പറയാമോ?

(ഉത്തരം അടുത്തതിൽ)

---

നീതികഥ

## ആരേയും അവിവേകമായി വിധിക്കരുതു്

(ജോസ് ജോർജ് മാമ്പിള്ളി Reg. No. 12)

നായാട്ടുകഴിച്ചു കാട്ടിൽക്കൂടി സഞ്ചരിച്ച ഒരു രാജാവിനു വഴി തെററി. രാത്രിയായപ്പോൾ ഒരു കുടിലിനു സമീപം വന്നുചേർന്നു. ഒരു മരംവെട്ടുകാരന്റെ കുടിലായിരുന്നു അതു്. വിറകുവെട്ടുകാരനും ഭാര്യയുംകൂടി സംസാരിക്കുകയാണു് രാജാവു ശ്രദ്ധിച്ചു

ഭാര്യ:- ആ ഹവ്വായുടെ അത്യാത്തിയും ദുരാഗ്രഹവുമില്ലായിരുന്നെങ്കിൽ ഇന്നു നമുക്കു എത്ര സുഖമായിരുന്നേനേ?

ഭർത്താവു:- ഹവ്വായെ പറഞ്ഞിട്ടു കാര്യമില്ല. ആദം അവളുടെ വാക്കു കേൾക്കാതിരുന്നെങ്കിൽ ഒരാപത്തും വരികയില്ലായിരുന്നു.

രാജാവു അകത്തുപ്രവേശിച്ചു. അന്നുരാത്രി അവിടെ കഴിച്ചു പിറേറദിവസം രാജധാനിയിലേക്കു പുറപ്പെടുന്നതിനുമുമ്പു് ആ ദമ്പതികളെക്കൂടി ക്ഷണിച്ചു: "നിങ്ങൾ ഇവിടെ താമസിച്ചു കഷ്ടപ്പെടേണ്ട. എന്നോടുകൂടി കൊട്ടാരത്തിലേക്കു വരിക. അവിടെ നിങ്ങൾക്കു സുഖമായി ജീവിക്കാം."

കുറേദിവസം അവർ സുഖമായി ആനന്ദിച്ചു ജീവിച്ചു രാജകൊട്ടാരത്തിൽ. രാജാവിന്റെ മേശയിൽതന്നെ ഭക്ഷണം. രാജസേവകന്മാർ ശുശ്രൂഷയ്ക്കു്. ആടലും പാടലും മേളവും ഒരുവശത്തു്. ആകപ്പാടെ മനോഹരം. ഒരുദിവസം ഭാര്യയും ഭർത്താവുംകൂടി ഭക്ഷണം കഴിക്കാൻവന്നു. വളരെ നല്ല ഭക്ഷണങ്ങളെല്ലാം മതിവരെ കഴിച്ചു. അപ്പോൾ മേശയുടെ നടുവിൽ എന്തോ ഒരു പാത്രത്തിൽ മൂടിവച്ചിരിക്കുന്നതുകണ്ടു. ഭാര്യ അതു തുറക്കുന്നതിനായി ശ്രമിച്ചു. സേവകൻ ഓടിവന്നു തടഞ്ഞു. രാജാവിന്റെ കല്പന ആ പാത്രം തുറക്കരുതെന്നാണു് എന്നറിയിക്കുകയും അവളെ തടയുകയുംചെയ്തു. അവളുടെ ജിജ്ഞാസ വർദ്ധിച്ചു. ശാഠ്യമായി, അതു തുറന്നുകാണണമെന്നു്. അവൾ ഭർത്താവിനോടു നിർബന്ധമായി, എങ്ങനെയെങ്കിലും അതൊന്നു തുറന്നുകാണിക്കണമെന്നു്. അന്നു സന്ധ്യയാകുന്നതിനു സാധിച്ചില്ല അവർക്കു്. ആരുമില്ലാത്ത തരംനോക്കി രണ്ടുപേരുംകൂടി ഭക്ഷണശാലയിൽ കടന്നു. ഭർത്താവു പാത്രംതുറന്നു. ഭാര്യ കണ്ടു. ഒരു ചുണ്ടെലി അതിൽനിന്നു ചാടിപ്പോവുകയും ചെയ്തു.

രാജാവു അവിടെ വന്നു. ദേഷ്യപ്പെട്ടുകൊണ്ടു് സേവകരെ വിളിച്ചു് ആരാണു പാത്രംതുറന്നു് എലിയെ പുറത്തുവിട്ടതെന്നന്വേഷിച്ചു. അതാ, ഭക്ഷണമുറിയുടെ മൂലയിൽ വിറകുവെട്ടുകാരനും ഭാര്യയും ഭയവിഹ്വലരായി നില്ക്കുന്നു. രാജാവു് അവരോടു പറഞ്ഞു:- നിങ്ങളാണല്ലേ, ഈ കൃത്യം ചെയ്തതു്. കൊള്ളാം, ആ കാട്ടിൽപോയി താമസിച്ചു് നിങ്ങളുടെ ജോലി തുടർന്നുചെയ്തു ജീവിച്ചുകൊള്ളുക. മേലിൽ ആരേയും അവിവേകമായി കുററംപറയാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുക. നമ്മുടെ കഷ്ടതകൾക്കു നമ്മൾതന്നെയാണു് അപരാധികൾ.

## സമാധാനരാജന്റെ ഉദയം

(ഐ. എ. ജോൺ Reg. No. 21)

ഹിമരാക്ഷസൻ ലോകത്തെ ഭയങ്കരമായി ആക്രമിച്ചുകൊണ്ടിരിക്കുന്നു. എവിടെനിന്നോ ഉയരുന്ന കാടന്റെ കൂ—കൂ—വിളികൾ കൊടും തമസ്സാൽ ആവൃതമായ അന്തരീക്ഷത്തെ ഒന്നുകൂടി ഭയാനകമാക്കുന്നു. മൂങ്ങാകൾ, പ്രകൃതിയോടുള്ള പ്രതിഷേധമെന്നോണം കർണ്ണകഠോരമായ ചില ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നു. ചില രാപ്പക്ഷികൾ, സർവ്വലോകനിയന്താവിന്റെ ശക്തിയെ വാഴ്ത്തിക്കൊണ്ടു് മനോഹരമായ ഗീതങ്ങൾ ആലപിക്കുന്നുമുണ്ടു്. വാനിടത്തിന്റെ വിശാലമായ വിരിമാറിൽ തൂങ്ങിനിന്നുകൊണ്ടു് —താരങ്ങൾ— ആരെയോ പ്രതീക്ഷിച്ചെന്ന വിധം ഭൂതലത്തിലേക്കു ഉററു നോക്കുന്നു. കാററിന്റെ മൂളലും, വൃക്ഷങ്ങളുടെമർമ്മരശബ്ദവും ആ നട്ടപ്പാതിരയുടെ ഭയങ്കരതയെ വർദ്ധിപ്പിച്ചു.

(ശേഷം 5-ാംപേജിൽ)